بِسْمِ اللّٰہِ الرَّحْمٰنِ الرَّحِیْمِ نَحْمَدُہٗ وَنُصَلِّیْ عَلٰی رَسُوْلِہِ الْکَرِیْمِ وَعَلٰی عَبْدِہِ الْمَسِیْحِ الْمَوْعُوْد

وَلَقَدْ نَصَرَکُمُ اللّٰہُ بِبَدْرٍ وَّاَنْتُمْ اَذِلَّۃٌ

# ബദർ

വീക്കിലി ഖാദിയാൻ

Weekly
BADAR Qadian
Malayalam

വാല്യം 10

ലക്കം 14-15

വാർഷിക വരിസംഖ്യ 600 രൂപ

പത്രാധിപർ എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ മുഹമ്മദ് ഇസ്മായീൽ

www.akhbarbadrqadian.in

2025 ഏപ്രിൽ 03-10/ഹി.ശം 1404 ശഹാദത്ത് 03-10/ഹി:ഖ 1446 ശവ്വാൽ 04-11

## അല്ലാഹുവിന്റെ വചനം

اَیَّامًا مَّعْدُوْدٰتٍ ؕ فَمَنْ کَانَ مِنْکُمْ مَّرِیْضًا اَوْ عَلٰی سَفَرٍ فَعِدَّۃٌ مِّنْ اَیَّامٍ اُخَرَ

سُوْرَۃُ الْبَقَرَۃ:185

(ഈ വ്രതാനുഷ്ഠാനം) ചില നിശ്ചിത ദിവസങ്ങളിലാണ്. എന്നാൽ, നിങ്ങളിലാരെങ്കിലും(താൽക്കാലികമായി) രോഗിയോ യാത്രയിലോ ആയാൽ മറ്റു ദിവസങ്ങളിൽ അവർ എണ്ണം പൂർത്തീകരിച്ചു കൊള്ളട്ടെ.

## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ്. സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹുത്തആല ബിനസ്രിഹിൽ അസീസ് ദൈവകൃപയാൽ സുഖത്തിലും ക്ഷേമത്തിലുമാണ്. സഹോദരങ്ങൾ അമീറുൽമുഅ്മിനീന്റെ ആയുരാരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ഉന്നതലക്ഷ്യങ്ങളിൽ വിജയവും പ്രത്യേക കാവലും ഉണ്ടാകുന്നതിനും ദുആ ചെയ്യുക.
അല്ലാഹു എപ്പോഴും നമ്മുടെ പ്രിയങ്കരനായ ഇമാമിന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. ആമീൻ

## തിരുനബിﷺയുടെ തിരുവചനങ്ങൾ:

**✿ റമളാനിന്റെ ശ്രേഷ്ഠത ✿**

ഹദ്റത്ത് അബൂഹുറയ്റ(റ) നിവേദനം. നബിﷺ തിരുമേനി പറഞ്ഞു: റമളാൻ സമാഗതമായാൽ സ്വർഗത്തിന്റെ വാതിലുകൾ തുറക്കപ്പെടും.

ഹദ്റത്ത് അബൂഹുറയ്റ(റ) നിവേദനം. നബിﷺ തിരുമേനി പറഞ്ഞു: റമളാൻ സമാഗതമായാൽ ആകാശത്തിന്റെ കവാടങ്ങൾ തുറക്കപ്പെടുന്നു. നരകത്തിന്റെ കവാടങ്ങൾ അടക്കപ്പെടുകയും പിശാചുക്കളെയെല്ലാം ചങ്ങലളിൽ ബന്ധിപ്പിക്കപ്പെടുകയും ചെയ്യും.

ഹദ്റത്ത് അബൂഹുറയ്റ(റ) നിവേദനം. നബിﷺ തിരുമേനി പറഞ്ഞു: ലയ്ലത്തുൽ ഖദ്റിന്റെ രാത്രിയിൽ വല്ലവനും വിശ്വാസം കാരണവും പ്രതിഫലം ആഗ്രഹിച്ചുംകൊണ്ട് എഴുന്നേറ്റു നമസ്കരിച്ചാൽ അവന്റെ പാപങ്ങളിൽനിന്നും പൊറുക്കപ്പെടും. വല്ലവനും റമളാനിൽ നോമ്പനുഷ്ഠിച്ചാൽ അവന്റെ പാപങ്ങളിൽനിന്ന് പൊറുക്കപ്പെടും. അവനെ അതിന് പ്രേരിപ്പിച്ചത് വിശ്വാസവും പ്രതിഫലം ആഗ്രഹിക്കലുമായിരിക്കണം. *(സ്വഹീഹ് ബുഖാരി, വാള്യം 3, കിതാബുസ്സൗം, പ്രസാധനം 2008 ഖദിയാൻ)*

## അല്ലാഹുവിനെ ഭയപ്പെടുവിൻ

### സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉപദേശങ്ങൾ

ജീവിതത്തിന്റെ യഥാർഥ ഉദ്ദേശ്യലക്ഷ്യം അല്ലാഹുവിനെ ആരാധിക്കുക എന്നതാണ്. ഇത് ഇക്കാലത്ത് ജനങ്ങൾ വിസ്മരിച്ചിരിക്കുന്നതായി ഞാൻ കാണുന്നു. അശനപാനീയവും മൃഗതുല്യവുമായ ജീവിതവുമല്ലാതെ മറ്റൊന്നും അവശേഷിച്ചിട്ടില്ല. അല്ലാഹു ജീവിതോദ്ദേശ്യം വീണ്ടും ലോകത്തിന് പരിചയപ്പെടുത്താനാഗ്രഹിക്കുന്നു. എന്നാൽ, നാശോന്മുഖമായ ഈ വിപത്ത് അവരെ തിരിച്ചുകൊണ്ടുവരുമോ?

ഓരോരുത്തരും അല്ലാഹുവിനെ ഭയപ്പെട്ട ജീവിക്കേണ്ടതാണ്. അല്ലാഹുവിനോടുള്ള ഭയം നിരവധി നന്മകൾക്ക് അവനെ അവകാശിയാക്കുന്നു. അവൻ തന്നെയാണ് ഗുണശാലി. കാരണം ആ ഭയപ്പാടുകൊണ്ട് അവനൊരു ഉൾക്കാഴ്ച പ്രദാനം ചെയ്യപ്പെടുന്നു. അതുമുഖേന പാപങ്ങളിൽ നിന്നവൻ കരകയറുന്നു. ചിലയാളുകളുണ്ട്. അല്ലാഹു ചെയ്ത ഔദാര്യത്തെ കുറിച്ചും അവൻ നല്കിയ പാരിതോഷികത്തെ പറ്റിയും അവന്റെ ദാനത്തെ സംബന്ധിച്ചും ചിന്തിച്ച് ലജ്ജിതരായി തലതാഴ്ത്തുകയും നന്ദികേടിൽനിന്നും ആജ്ഞാലംഘനത്തിൽനിന്നും തങ്ങളെ സംരക്ഷിക്കുന്നവരുമാണവർ. എന്നാൽ, ഒരു കൂട്ടർ അവന്റെ ക്രോധത്തെ ഭയക്കുന്നവരാണ്. അല്ലാഹു പരീക്ഷിക്കുമ്പോൾ അതിൽ വിജയം നേടി പുറത്തുവരുന്നവനാണ് ഉത്തമൻ. തങ്ങൾ മുത്തഖി-ദൈവത്തെ ഭയപ്പെടുന്നവരാണെന്ന് സ്വയം കരുതി വഞ്ചിതരാകുന്ന ധാരാളമാളുകളുണ്ട്. ആരുടെ നാമം അല്ലാഹുവിന്റെ ഓഫീസിൽ മുത്തഖി എന്ന് രേഖപ്പെടുത്തുന്നുവോ അവനാണ് യഥാർഥ മുത്തഖി അഥവാ ദൈവത്തെ ഭയപ്പെടുന്നവൻ.

അല്ലാഹുവിന്റെ സത്താർ(ദോഷങ്ങൾ മറയ്ക്കുന്നവൻ)എന്ന ഗുണനാമത്തിന്റെ വെളിപ്പെടലാണ് ഈ ലോകം. പുനരുഥാന നാളിൽ ഈ ദോഷങ്ങൾ വെളിപ്പെടുത്തപ്പെടുമ്പോൾ എല്ലാ സത്യവും പുറത്തുവരും. ഇന്ന് വലിയ മുത്തഖിയും പാപങ്ങൾ വർജിക്കുന്നവരുമായിട്ടുള്ള ചിലർ അന്ന് ആജ്ഞാലംഘകരും വൻ കുറ്റവാളികളുമായി കാണപ്പെടും. നമ്മുടെ സ്വനിർമിത പദ്ധതികൾക്കും തീരുമാനങ്ങൾക്കും സൽകർമം ഉണ്ടാക്കിയെടുക്കാൻ സാധിക്കുകയില്ലെന്നതാണ് അതിനു കാരണം. വാസ്തവത്തിൽ സൽക്കർമം എല്ലാവിധ തിന്മകളിൽനിന്നും പരിശുദ്ധമായിരിക്കും. കാരണം സ്വാലിഹ്-സൽസ്വഭാവി- ഫസാദിന്-ദ്രോഹത്തിന്നെതിരാണ്.

പാകമാകാത്തതും വളിച്ചതും തരംതാണതുമായ ഭക്ഷണം ഉത്തമമല്ല. പ്രത്യുത ക്ഷണത്തിൽ ശരീരത്തിന്റെ ഭാഗമായിത്തീരുന്നതാണ് ഉത്തമ ഭക്ഷണം. അതുകൊണ്ട് സൽകർമങ്ങളിൽ ഒരു തരത്തിലുള്ള കലർപ്പും ഉണ്ടാകാൻ പാടില്ല. അത് അല്ലാഹുവിന്റെ കൽപ്പനയ്ക്കും നബിﷺ തിരുമേനിയുടെ സുന്നത്തിനും-ജീവിതചര്യക്കും വിധേയമായിരിക്കണം. അതിൽ അലസതയോ എടുത്തു ചാട്ടമോ പ്രദർശനപരതയോ, സ്വനിർമിത കാര്യമോ ഒരു തരത്തിലുമുണ്ടാകരുത്. ഇതിൽനിന്നെല്ലാമതീതമാണ് അമലുസ്സാലഹ അഥവാ സൽകർമം. ഇതൊരു മാണിക്യമാണ്. *(മൽഫൂദാത്ത് വാള്യം 6, പേജ് 425-426)*

## 130-ാമത് ഖാദിയാൻ ജൽസസാലാന 2025 ഡിസംബർ 26, 27, 28 (വെള്ളി, ശനി, ഞായർ)

സയ്യിദുനാ ഹദ്റത്ത് അമീറുൽമുഅ്മിനീൻ ഖലീഫത്തുൽമസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ് 130-ാമത് ഖാദിയാൻ ജൽസസാലാന 2025 ഡിസംബർ 26, 27, 28(വെള്ളി, ശനി, ഞായർ)തിയതികളിൽ സംഘടിപ്പിക്കുന്നതിന് അനുവാദം നല്കിയിരിക്കുന്നു. ജമാഅത്തംഗങ്ങൾ ഇപ്പോൾ മുതൽത്തന്നെ ഈ അനുഗൃഹീത ജൽസയിൽ പങ്കെടുക്കുന്നതിന് ദുആയോടുകൂടി നിയ്യത്തുവെച്ച് തയ്യാറെടുപ്പുകൾ നടത്തുക. അല്ലാഹു നമുക്കെല്ലാവർക്കും ഈ ദൈവിക ജൽസയിൽ പങ്കെടുക്കാൻ തൗഫീഖ് പ്രദാനം ചെയ്യുമാറാകട്ടെ. ഈ ജൽസസാലാന എല്ലാ വിധത്തിലും വിജയപ്രദവും അനുഗൃഹീതവുമാകുന്നതിനും ഭാഗ്യാത്മാക്കൾക്ക് സന്മാർഗത്തിന് നിമിത്തമാകുന്നതിനും ദുആ തുടർന്നുകൊണ്ടിരിക്കുക. ജസാക്കുമുല്ലാഹു അഹ്സനൽ ജസാഇ. (നാളിർ ഇസ്‌ലാഹ് വ ഇർശാദ് മർക്കസിയ ഖാദിയാൻ)

ക്യൂആർ കോഡ് സ്കാൻ ചെയ്യൂ... ഞങ്ങളുടെ വെബ്സൈറ്റ് സന്ദർശിക്കൂ...

**The Weekly BADR Qadian (Malayalam)**

### ഈ ലക്കത്തിൽ

ജുമുഅ ഖുത്ബ 14 ഫെബ്രുവരി 2025

ജുമുഅ ഖുത്ബ 21 ഫെബ്രുവരി 2025

ജുമുഅ ഖുത്ബ 28 ഫെബ്രുവരി 2025

പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്‌ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്‌റാൻ ബദർ ബോർഡ്,ഖാദിയാൻ

# ഖുത്വ്ബ ജുമുഅ

**നബിﷺതിരുമേനിയുടെ ജീവിതം എല്ലാവർക്കും മുമ്പിൽ ഒരു തുറന്ന പുസ്തകം പോലെയാണ്. നബിﷺതിരുമേനി യുദ്ധം ആരംഭിക്കുന്നതിനു മുമ്പേതന്നെ ഇങ്ങനെ കൽപ്പന നൽകിയിരുന്നു: 'ഓർക്കുക, ഒരു കുട്ടിയേയും കൊല്ലരുത്, ഒരു സ്ത്രീയേയും കൊല്ലരുത്, എത്രത്തോളമെന്നാൽ അനാവശ്യമായി മരങ്ങൾപ്പോലും മുറിച്ചു മാറ്റരുത്. മൃഗങ്ങളെപ്പോലും നോവിക്കാനിഷ്ടപ്പെടാതിരുന്ന ആ മഹാത്മാവ് എങ്ങനെയാണ് മനുഷ്യർക്കുമേൽ അക്രമവും ക്രൂരതയും കാണിക്കുക?**

**ഒരു നിവേദനത്തിലുണ്ട്: നബിﷺതിരുമേനിക്കു അമ്പുകൊണ്ട് പരിക്കേൽക്കുകയും ചെയ്തു. അമ്പ് കൊണ്ടപ്പോൾ നബിﷺതിരുമേനിയുടെ വസ്ത്രം കീറിപ്പോയി. നബിﷺതിരുമേനി അമ്പെടുത്തു മാറ്റി. പിന്നീട് നബിﷺതിരുമേനി ഒരുപിടി ചരൽക്കല്ലെടുത്ത് കോട്ടക്കാർക്കുനേരെ എറിഞ്ഞു. അപ്പോൾ അവരുടെ കോട്ട വിറയ്ക്കാൻ തുടങ്ങി. തുടർന്ന് മുസ്‌ലിമീങ്ങൾ യഹൂദികളെ പിടികൂടുകയും അവർ അധീനപ്പെടുകയും ചെയ്തു.**

**നബിﷺതിരുമേനിയുടെ പരിശുദ്ധ വ്യക്തിത്വവും അന്തസ്സും ഏറ്റവും മീതെയാകുന്നു. നബിﷺതിരുമേനി നീതിയുടെയും ന്യായത്തിന്റെയും ആൾരൂപവും റഹ്മത്തുൽലിൽ ആലമീനുമായിരുന്നു. ഇതിന്നെതിരിലുള്ളൊരു നിവേദനവും ഒരിക്കലും സ്വീകാര്യയോഗ്യമല്ല.**

**കിനാന ബിൻ റബീയ് കൊല്ലപ്പെട്ടു. എന്നാൽ, അയാൾ കൊല്ലപ്പെടാൻ കാരണം മുസ്‌ലിം സൈനികനെ കൊന്നതായിരുന്നു. അതിന് പ്രതിക്രിയ എന്ന നിലയ്ക്കാണ് അയാൾ കൊല്ലപ്പെട്ടത്. ഇതാണ് വസ്തുത.**

**ഖയ്ബർ യുദ്ധത്തിന്റെ പശ്ചാലത്തിൽ നബിചരിത്ര വിവരണം**

**മാസ്റ്റർ മൻസൂർ അഹ്മദ് സാഹിബ് കാഹ്‌ലൂമിനെ(ഇപ്പോൾ ഓസ്ട്രേലിയായിലായിരുന്നു) കുറിച്ചുള്ള അനുസ്മരണവും ജനാസഗാഇബും.**

**ഖുത്ബ ജുമുഅ 2025 ഫെബ്രുവരി 14, 1404 തബ്‌ലീഗ് 14, മസ്ജിദ് മുബാറക്, ഇസ്‌ലാമാബാദ്, ടിൽഫോർഡ് (സർറെ)യു.കെ.**

ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്
ایدہ اللہ تعالیٰ بنصرہ العزیز

أَشْهَدُ أَنْ لَّا إِلٰهَ إِلَّا اللّٰهُ وَحْدَهُ لَا شَرِيكَ لَهُ وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهُ وَرَسُولُهُ
أَمَّا بَعْدُ فَأَعُوذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيمِ ○ بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيمِ ○
اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ ○ الرَّحْمٰنِ الرَّحِيْمِ ○ مٰلِكِ يَوْمِ الدِّيْنِ ○ إِيَّاكَ نَعْبُدُ وَإِيَّاكَ نَسْتَعِيْنُ ○
اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ ○ صِرَاطَ الَّذِيْنَ أَنْعَمْتَ عَلَيْهِمْ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ ○

ഖയ്ബർ യുദ്ധത്തെ കുറിച്ചാണ് പറഞ്ഞുകൊണ്ടിരുന്നത്. ഇനി ഖയ്ബറിലെ മറ്റൊരു കോട്ട ജയിച്ചടക്കിയത് സംബന്ധിച്ച് പറയുന്നതാണ്. ഈ രണ്ടാമത്തെ കോട്ട, സ്വഅ്ബ് ബിൻ മുആദ് കോട്ട എന്ന പേരിലാണ് അറിയപ്പെടുന്നത്. ഈ കോട്ടയിൽ മറ്റെല്ലാ കോട്ടകളെയും അപേക്ഷിച്ചു കൂടുതൽ ഭക്ഷണപദാർഥങ്ങളും നാൽക്കാലികളും സാധനങ്ങളുമുണ്ടായിരുന്നു. യുദ്ധസന്നദ്ധരായ 500പേരും ഇതിൽ താമസിച്ചിരുന്നു.

ഹദ്റത്ത് കഅ്ബ് ബിൻ ഉമറിൽرضنിന്ന് നിവേദനം: അവർ മൂന്നു ദിവസത്തോളം സ്വഅ്ബ ബിൻ മുആദ് കോട്ട ഉപരോധിച്ചു. ഇതു വളരെ ശക്തമായൊരു കോട്ടയായിരുന്നു. ഹദ്റത്ത് മുഅത്തിബ് അസ്‌ലമിയിൽനിന്ന് നിവേദനം: അസ്‌ലംഗോത്രത്തിന് ഖയ്ബറിൽ വളരെ കഠിനമായ വിശപ്പ് അഭിമുഖീകരിക്കേണ്ടി വന്നു. അസ്‌ലംഗോത്രം ഹദ്റത്ത് അസ്മാ ബിൻ ഹാരിഥയെ നബിﷺതിരുമേനിയുടെ അടുത്ത് അയക്കുന്നതിനോടു യോജിച്ചു. ബനൂഅസ്‌ലം ഹദ്റത്ത് അസ്മാ ബിൻ ഹാരിഥയോടു പറഞ്ഞു: "നബിﷺതിരുമേനിയുടെ തിരുസന്നിധിയിൽ ഞങ്ങളുടെ സലാം പറഞ്ഞുകൊണ്ട് ഞങ്ങളെ പട്ടിണിയും നിസ്സഹായാവസ്ഥയും പിടികൂടിയിരിക്കുകയാണെന്നും അവസ്ഥ വളരെ മോശമാണെന്നും പറയുക."ഹദ്റത്ത് അസ്മാرض, നബിﷺതിരുമേനിയുടെ തിരുസന്നിധിയിൽ ബനൂഅസ്‌ലമിന്റെ സലാമെ ത്തിച്ചു. അതിനുശേഷം പറഞ്ഞു: "ഞങ്ങളെ പട്ടിണിയും പരിവട്ടവും വളരെ പ്രയാസത്തിലാക്കിയിരിക്കുകയാണ്. അങ്ങ് അല്ലാഹുവിനോടു ഞങ്ങൾക്കുവേണ്ടി ദുആചെയ്താലും." അങ്ങനെ നബിﷺതിരുമേനി അവർക്കുവേണ്ടി ദുആ ചെയ്തു. തുടർന്നു പറഞ്ഞു: "എന്റെ ജീവൻ ആരുടെ കൈയിലാണോ അവനാണെ സത്യം! നിങ്ങൾക്കെന്തെങ്കിലും ശക്തി പകരാൻ എന്റെ കൈയൽ ഒന്നുമില്ല. എന്റെ പക്കൽ ഭക്ഷണത്തിനും ഒന്നുമില്ല. ഈ നേരത്ത് പട്ടിണികൊണ്ട് അസ്വസ്ഥരാകുന്നവരുടെ അവസ്ഥ എനിക്ക് നല്ലവണ്ണം അറിയാം." എന്നിട്ട് നബിﷺതിരുമേനി ഇങ്ങനെ ദുആ ചെയ്തു: "അല്ലാഹുവേ! ഭക്ഷണവും കൊഴുപ്പും നിറഞ്ഞിരിക്കുന്ന ഈ കോട്ട അവർക്കു വേണ്ടി കീഴ്പ്പെടുത്താൻ കഴിവു നല്കേണമേ!" തുടർന്ന് നബിﷺതിരുമേനി യുദ്ധത്തിനുവേണ്ടിയുള്ള പതാക ഹുബാബ് ബിൻ മുൻദിറിനെ ഏൽപ്പിച്ചു. *(സുബുലുൽ ഹുദാ വർറശാദ് വാള്യം 5, പേജ് 121,122 ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റൂത്ത്)*

ഇതിന്റെ വിശദീകരണത്തിൽ പറയുന്നു:"യഹൂദികളിൽനിന്ന് ഒരാൾ നേർക്കുനേരെ ദ്വന്ദയുദ്ധത്തിന് പുറത്തുവന്ന് വെല്ലുവിളിച്ചു. യൂശഅ് എന്നായിരുന്നു അയാളുടെ പേര്. ഉടനതന്നെ അയാളെ നേരിടാൻ ഹദ്റത്ത് ഹുബാബ് ബിൻ മുൻദിർ വന്നു. അവർ പോരാടുകയും അങ്ങനെ ഹദ്റത്ത് ഹുബാബ്رض അയാളെ വധിക്കുകയും ചെയ്തു. പിന്നീട് സിയാൽ എന്ന് പേരുള്ള യഹൂദി ദ്വന്ദയുദ്ധത്തിനു വിളിച്ചുകൊണ്ടുവന്നു. അയാളെ നേരിടാൻ ഹദ്റത്ത് അമ്മാറ ബിൻ ഉഖ്ബ ഗഫ്ഫാരി വരികയും മുന്നോട്ടുചെന്ന് യഹൂദിയുടെ തലയിൽ വളരെ ശക്തമായി വെട്ടുകയും അങ്ങനെ അയാളുടെ തല പൊട്ടിപ്പിളരുകയും ചെയ്തു. ഹദ്റത്ത് അമ്മാറ ബിൻ ഉഖ്ബ ഗഫ്ഫാരിرض പറഞ്ഞു: "ഞാൻ ഗഫ്ഫാരികളിലെ യുവാവ് ആകുന്നു!" അപ്പോൾ സ്വഹാബാക്കൾ പറഞ്ഞു: "അദ്ദേഹത്തിന്റെ ജിഹാദ് വ്യഥാവിലായിപ്പോയി!" അതായത് അദ്ദേഹം ആ നേരത്ത് താൻ ഗഫ്ഫാരിയാകുന്നു എന്ന തന്റെ സമുദായത്തിന്റെ മുദ്രാവാക്യം അതല്ലെങ്കിൽ തന്റെ സമുദായപരമായ മുദ്രാവാക്യം വളരെ അഭിമാനത്തോടെ വിളിച്ചു പറയുകയാണ്. സ്വഹാബാക്കൾ പറഞ്ഞു: "ഇത് നല്ല കാര്യമല്ല. നിങ്ങൾ സ്വന്തം മഹത്ത്വം വിളിച്ചു പറയുകയാണ്." ഇക്കാര്യം നബിﷺതിരുമേനിയുടെ തിരുസന്നിധിയിലെത്തിയപ്പോൾ നബിﷺതിരുമേനി പറഞ്ഞു: "അതിൽ പ്രശ്നമൊന്നുമില്ല, അദ്ദേഹത്തിന് പ്രതിഫലം കിട്ടുന്നതായിരിക്കും. മാത്രമല്ല അഭിനന്ദിക്കപ്പെടുന്നതുമാണ്." ഇത്തരം സന്ദർഭങ്ങളിൽ ഇങ്ങനെ പറയുകയാണെങ്കിൽ അതിലൊരു കുഴപ്പവുമില്ല.

ഹദ്റത്ത് മുഹമ്മദ് ബിൻ മസ്‌ലമرض വിവരിക്കുന്നു: 'ഞാൻ നബിﷺതിരുമേനിയെ കാണുമ്പോൾ അവിടന്ന് അമ്പെയ്തുകൊണ്ടിരിക്കുകയായിരുന്നു. നബിﷺതിരുമേനിയുടെ ഒരു ഉന്നവും പിഴക്കുന്നുണ്ടായിരുന്നില്ല. ആ മഹാത്മാവ് എന്നെ നോക്കി പുഞ്ചി

രിച്ചു.”

ഹദ്‌റത്ത് ഹുബാബ് ബിൻ മുൻദിർ തന്റെ പടയാളികളോടൊപ്പം കോട്ടയിൽ പ്രവേശിക്കുകയും ശക്തമായി യുദ്ധം ചെയ്ത് അത് പിടിച്ചടക്കുകയും ചെയ്തു. എല്ലാ ആയുധങ്ങളും ധാന്യങ്ങളും കൈക്കലാക്കി. കോട്ട പ്രതിരോധിച്ചു കൊണ്ടിരുന്ന ഒരുപാട് യഹൂദികൾ കൊല്ലപ്പെടുകയും നിരവധി യഹൂദികൾ ബന്ദികളാക്കപ്പെടുകയും ചെയ്തു. പട്ടിണി കാരണം നബിﷺതിരുമേനിയോടു ദുആ ചെയ്യാൻ അപേക്ഷിച്ചു വന്ന ഹദ്‌റത്ത് മുഅത്തിബ് അസ്‌ലമീ പറയുന്നു: “ഞങ്ങൾ തിരിച്ചു വരുമ്പോൾ അല്ലാഹു സഅ്ബ് ബിൻ മുആദ് എന്ന കോട്ട ഞങ്ങൾക്ക് കീഴ്പ്പെടുത്തിത്തന്നു. അതായത് ഞങ്ങൾ ഞങ്ങളുടെ പട്ടിണിയെയും പരിവട്ടത്തെയും പറ്റി ഇപ്പോൾ സംസാരിച്ചുകൊണ്ടു തിരിച്ചുവന്നതേ ഉണ്ടായിരുന്നുള്ളൂ. ഇതിനിടയിൽ യുദ്ധം ആരംഭിക്കുകയും വിജയമുണ്ടാകുകയും ചെയ്തു.” ഹദ്‌റത്ത് ജാബിർؓ നിവേദനം. സഅ്ബ് എന്ന കോട്ടയിൽനിന്ന് എത്രമാത്രം ഭക്ഷണപദാർഥങ്ങളും സാധനങ്ങളും കിട്ടിയെന്നാൽ മറ്റൊരു കോട്ടയിൽ നിന്നും അത്രത്തോളം കിട്ടിയിട്ടില്ല. അതിൽനിന്ന് ഒരുപാട് ചവ്വരിയും ഈത്തപ്പഴവും നെയ്യും തേനും എണ്ണയും കൊഴുപ്പും ലഭിച്ചു. നബിﷺതിരുമേനിയുടെ വിളംബരക്കാരൻ ഇങ്ങനെ വിളിച്ചുപറഞ്ഞു: “നിങ്ങൾ തിന്നുകയും, നിങ്ങളുടെ നാൽക്കാലികളെ തീറ്റുകയും ചെയ്യുക. ഒന്നും എടുത്തുകൊണ്ടു പോകരുത്. നിങ്ങളെന്ത് ഭക്ഷിക്കുകയാണെങ്കിലും ഇവിടെയിരുന്ന് കഴിച്ചു കൊള്ളുക.*(ഫത്ഹെ ഖയ്ബർ അല്ലാമ മുഹമ്മദ് അഹ്മദ് ബാശമീൽ, പേജ് 140, നഫീസ് അക്കാഡമി കറാച്ചി)(സുബുലുൽ ഹുദാ വർറശാദ് വാള്യം 5, പേജ് 122 ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റൂത്ത്)*

ഇനി മൂന്നാമത്തെ കോട്ടയെ സംബന്ധിച്ച വിവരണമാണ്. ഇത് സുബയ്ർ ബിൻ അവ്വാം കോട്ട എന്നറിയപ്പെടുന്നു. ഇത് ജയിച്ചടക്കിയ സംഭവം ഇപ്രകാരമാണ്. ഈ കോട്ടയുടെ പേര് ഖുല്ല എന്നായിരുന്നു. പിന്നീട് ഇത് ഹദ്‌റത്ത് സുബയ്ർ ബിൻ അവ്വാമിന്റെ ഓഹരിയിൽ വന്നു. അതുകൊണ്ട് ഇതിന്റെ പേര് സുബയ്ർക്കോട്ട എന്ന പേരിൽ പ്രസിദ്ധമായി. യഹൂദികൾ നായിം, സഅ്ബ് ബിൻ മുആദ് എന്നീ കോട്ടകളിൽനിന്ന് സുബയ്ർ ബിൻ അവ്വാം കോട്ടയിലേക്ക് ഓടിപ്പോയി. അപ്പോൾ നബിﷺതിരുമേനി അതും ഉപരോധിച്ചു. ഈ കോട്ട മലയുടെ മുകളിലായിരുന്നു. നബിﷺതിരുമേനി മൂന്നു ദിവസത്തോളം ഈ കോട്ട ഉപരോധിച്ചു. അപ്പോൾ ഗസ്സാൽ എന്നുപേരുള്ള ഒരു യഹൂദി വന്നു പറഞ്ഞു: ‘അബുൽ ഖാസിമേ! (ഇങ്ങനെയാണ് അമുസ്‌ലിമീങ്ങൾ നബിﷺതിരുമേനിയെ വിളിച്ചിരുന്നത്). ‘അങ്ങ് എനിക്ക് അഭയം നൽകുകയാണെങ്കിൽ ഞാൻ അങ്ങയ്ക്ക് ഒരു കാര്യം പറഞ്ഞു തരാം. അതു മുഖേന അങ്ങയ്ക്ക് നത്വാത്തുകാരിൽനിന്ന് സ്വസ്ഥത ലഭിക്കുന്നതാണ്.’ അതായത് ഈ കോട്ടയ്ക്കുമേൽ ആധിപത്യം സ്ഥാപിക്കാൻ കഴിയുന്നതും അങ്ങയ്ക്ക് ശഖുകാരുടെ അടുക്കൽ പോകാൻ കഴിയുന്നതുമാണ്. അവർ അങ്ങയോടുള്ള ഭയംകൊണ്ടുതന്നെ നശിപ്പിക്കപ്പെട്ടിരിക്കുന്നു. അതിനുശേഷം അടുത്ത കോട്ടയിലേക്ക് പോകാവുന്നതാണ്. നബിﷺതിരുമേനി അയാളുടെ കുടുംബത്തിനും സമ്പത്തിനും സംരക്ഷണം നൽകാമെന്ന് സമ്മതിച്ചു. അയാൾ പറഞ്ഞു: “അങ്ങ് ഇങ്ങനെ ഒരു മാസംവരെ ഉപരോധം നടത്തിയാലും അവർ അത് ഗൗനിക്കുന്നതല്ല. അവരുടെ ഭൂമിക്കടിയിലൂടെ തുരങ്കമുണ്ട്. അവർ രാത്രി അതിലൂടെ പോയി വെള്ളം കൊണ്ടുവരികയും പിന്നീട് തങ്ങളുടെ കോട്ടകളിൽ പോവുകയും അങ്ങയെ പ്രതിരോധിക്കുകയുമാണ് ചെയ്യുന്നത്. അങ്ങ് അവരുടെ വെള്ളത്തിന്റെ വഴി മുടക്കുകയാണെങ്കിൽ അവർ അങ്ങയുടെ മുന്നിൽ ആയുധം വെക്കാൻ നിർബന്ധിതരാകുന്നതാണ്. നബിﷺതിരുമേനി അയാളുടെ കൂടെപ്പോയി യഹൂദികളുടെ തുരങ്കത്തിന്റെ വഴി അടച്ചു. അങ്ങനെ അവരുടെ വെള്ളത്തിനുള്ള വഴി അടഞ്ഞപ്പോൾ അവർ പുറത്തു വന്നു. പിന്നെ ശക്തമായ യുദ്ധം ആരംഭിച്ചു. ആ ദിവസം മുസ്‌ലിമീങ്ങളിൽ ചില സ്വഹാബാക്കളും ശഹീദായിരുന്നു. യഹൂദികളുടെ പത്തുപേരും കൊല്ലപ്പെട്ടു. നബിﷺതിരുമേനിക്കു വിജയം ലഭിക്കുകയും ചെയ്തു. നത്വാത്തിലുള്ള അവസാനത്തെ കോട്ടയായിരുന്നു ഇത്. നബിﷺതിരുമേനി നത്വാത്തിൽ നിന്ന് വിരമിച്ചശേഷം ശഖിലെ കോട്ടകളിലേക്ക് തിരിഞ്ഞു. ഇത് കോട്ടകളുടെ മൂന്നാമത്തെ ശൃംഖലയാണ്. ഇതേപ്പറ്റി ഞാൻ നേരത്തെ പറഞ്ഞുകഴിഞ്ഞതാണ്. (ശറഹ് സർഖാനീ വാള്യം 3 പേജ് 265, ദാറുൽകുതുബുൽഇൽമിയ്യ 1996) *(സുബുലുൽ ഹുദാ വർറശാദ് വാള്യം 5, പേജ് 122,123, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റൂത്ത്)*

ഇവിടെ യഹൂദി നേതാവായ സല്ലാം ബിൻ മിശ്കമിന്റെ മരണത്തെ സംബന്ധിച്ചുള്ള വിവരണവും ലഭിക്കുന്നുണ്ട്. നത്വാത്ത് കോട്ടകളുടെ യുദ്ധത്തിൽ സല്ലാം ബിൻ മിശ്കമും മുസ്‌ലിമീങ്ങളുടെ കൈകളാൽ കൊല്ലപ്പെട്ടു. സല്ലാം ബനൂനളീറിന്റെ തലവനും യഹൂദികളുടെ നേതാവുമായിരുന്നു. പക്ഷേ, അയാൾ രോഗിയായിരുന്നു. അതുകൊണ്ട് അയാൾ മറ്റു യഹൂദി നേതാക്കളെപ്പോലെ യുദ്ധത്തിൽ നേരിട്ട് പങ്കെടുത്തിരുന്നില്ല. അതായത് വാളും അമ്പും വില്ലുമായി യുദ്ധത്തിൽ ഭാഗഭാക്കായിരുന്നില്ല. അയാളുടെ കൂട്ടുകാർ അയാളോടു കത്തീബ പ്രദേശത്ത് പോവുകയാണെങ്കിൽ അതു കൂടുതൽ സുരക്ഷിതമായിരിക്കുമെന്ന് പറഞ്ഞു. എന്നാൽ, സല്ലാം ബിൻ മിശ്കം നിത്യരോഗിയായിരുന്നിട്ടു കൂടി ഈ അഭിപ്രായം സ്വീകരിച്ചില്ല. അങ്ങനെ അയാൾ നത്വാത്തിൽ വെച്ചുതന്നെ മുസ്‌ലിമീങ്ങളുടെ കൈകളാൽ വധിക്കപ്പെട്ടു.*(സീറത്ത് എൻസൈക്ലോപീഡിയ വാള്യം 8, പേജ് 385, ദാറുസ്സലാം രിയാള് 1435 ഹിജ്റ).*

അയാൾ രോഗിയായിരുന്നുവെന്നും കർമപരമായി അയാൾ യുദ്ധത്തിൽ ഭാഗഭാക്കായിട്ടില്ലെന്നുമൊക്കെ പറയുന്നത് ശരിയാണെങ്കിൽപ്പോലും അയാൾ വധിക്കപ്പെട്ടത് ഒരു നിലയ്ക്കും ആക്ഷേപാർഹമല്ല. കാരണം അയാളാണ് തന്റെ സൈന്യത്തെ യുദ്ധത്തിന് അയക്കുന്നതിന് തയ്യാറാക്കിയത്. അയാളുടെ പൊതുനേതൃത്വത്തിലാണ് ഇതെല്ലാം നടന്നുകൊണ്ടിരുന്നത്. ഈ യുദ്ധത്തിന്റെ ചുറ്റുപാടിൽ അയാളും ശത്രുക്കളുടെകൂടെ അവിടെ ഉണ്ടായിരുന്നതുകൊണ്ട് ഏതോ സ്വഹാബി അയാളെ കൊല്ലുകയായിരുന്നു. കാരണം സൈന്യാധിപന് വളരെ പ്രാധാന്യമുണ്ട്. സൈന്യാധിപൻ കൊല്ലപ്പെടുമ്പോൾ സൈന്യത്തിന്റെ ധൈര്യം ചോർന്നുപോകുന്നു. അങ്ങനെ ഈ അടിസ്ഥാനത്തിൽ അയാൾ കൊല്ലപ്പെട്ടതൊരിക്കലുംതന്നെ ആക്ഷേപാർഹമായ കാര്യമല്ല.

ശഖിലെ രണ്ടുകോട്ടയുടേയും ഉപരോധം, ശഖും രണ്ടു കോട്ടകളുടെ അല്ലെങ്കിൽ മൂന്നു കോട്ടകളുടെ കൂട്ടമായിരുന്നു. അതിന്റെ വിജയത്തെ പറ്റി ഇങ്ങനെ കാണാം:

“ശഖിലെ ആദ്യത്തെ കോട്ട, ഇത് രണ്ടു കോട്ടകളായിരുന്നു. അതിൽ ആരംഭം കുറിച്ചത് ഉബയിന്റെ കോട്ടയിൽനിന്നായിരുന്നു. നബിﷺതിരുമേനി ഒരു കുന്നിൻ പുറത്തുകയറി നിന്നു. അതിന്റെ പേര് സംവാൻ എന്നായിരുന്നു. അതിനുമുകളിൽ കയറി നബിﷺതിരുമേനി കോട്ടക്കാരുമായി യുദ്ധമാരംഭിച്ചു. തുടക്കത്തിൽ ഒരു യഹൂദി യുദ്ധത്തിന് വിളിച്ച് പുറത്തുവന്നു. അയാളെ നേരിട്ടത് ഹുബാബ് ബിൻ മുൻദിർ ആയിരുന്നു. ഇരുവരും പരസ്പരം ഏറ്റുമുട്ടി. ഒരു വെട്ടിൽത്തന്നെ അയാളുടെ വലതു ചുമൽ നടുകെ പിളർത്തി. അയാളുടെ കൈയിൽനിന്ന് വാൾ പിടിച്ചെടുക്കുകയും ചെയ്തു. അയാൾ പരാജയം സമ്മതിച്ച് കോട്ടയ്ക്കുള്ളിലേക്ക് തിരിഞ്ഞോടി. അദ്ദേഹം അയാളെ പിന്തുടരുകയും അയാളുടെ നട്ടെല്ലിന്റെ അടിഭാഗം തകർക്കുകയും ചെയ്തു. അങ്ങനെ അയാളെ കൊലപ്പെടുത്തി. പിന്നീട് മറ്റൊരാൾ യുദ്ധത്തിന് വെല്ലുവിളിച്ചുവന്നു. മുസ്‌ലിമീങ്ങളിൽനിന്ന് ജഹ്ശ് കുടുംബത്തിൽ നിന്നുള്ള ഒരാളാണ് മുന്നോട്ടുവന്നത്. പക്ഷേ, അദ്ദേഹം ശഹീദായി. ആ യഹൂദി തന്റെ സ്ഥലത്തുനിന്നു യുദ്ധത്തിന് വെല്ലുവിളിച്ചുകൊണ്ടിരുന്നു. അപ്പോൾ ഹദ്‌റത്ത് അബൂദുജാനؓ അയാളെ നേരിടാൻ പുറപ്പെട്ടു. അദ്ദേഹം തന്റെ പടത്തൊപ്പിക്കുമേൽ ചെമന്ന തുണി കെട്ടിവെച്ചിരുന്നു. ആ യഹൂദി വളരെ നെഞ്ചുവിരിച്ച് അഹങ്കാരത്തോടെയാണ് നടന്നിരുന്നത്. ഹദ്‌റത്ത് അബൂദുജാനؓവളരെ ത്വരിതഗതിയിൽ മുന്നോട്ടു ഗമിച്ച് അയാളെ വാളുകൊണ്ട് ആക്രമിക്കുകയും കാലുകളിൽ വെട്ടുകയും അയാളെ കൊലപ്പെടുത്തുകയും ചെയ്തു. പിന്നീട് ഹദ്‌റത്ത് അബൂദുജാനؓഅയാളുടെ യുദ്ധ സാധനങ്ങളും വാളുമെടുത്ത് നബിﷺതിരുമേനിയുടെ തിരുസന്നിധിയിൽ ഹാജരായി. നബിﷺതിരുമേനി സാധനങ്ങളെല്ലാം ഹദ്‌റത്ത് അബൂദുജാനയ്ക്ക്ؓനൽകി. യഹൂദികൾ പരാജിതരായി. അതിനുശേഷം ആരും ദ്വന്ദയുദ്ധത്തിന് മുന്നോട്ടു വന്നില്ല. മുസ്‌ലിമീങ്ങൾ തക്ബീർ മുഴക്കിക്കൊണ്ട് ശക്തമായ ആക്രമണം നടത്തുകയും കോട്ടയ്ക്കുള്ളിൽ പ്രവേശിക്കുകയും ചെയ്തു. മുസ്‌ലിമീങ്ങളിലേറ്റവും മുന്നിലുണ്ടായിരുന്നത് ഹദ്‌റത്ത് അബൂദുജാനؓആയിരുന്നു. മുസ്‌ലിമീങ്ങൾ ഈ കോട്ടയ്ക്കുള്ളിലെ സകല സാധനങ്ങളും ആടുകളും ഭക്ഷണസാധനങ്ങളുമെടുത്തു. യഹൂദികളെല്ലാവരും ഓടിപ്പോയി. അവർ മാനുകളെപോലെ മതിലുകൾ ചാടിക്കടക്കുന്നുണ്ടായിരുന്നു. ഏതായാലും അവരെല്ലാവരും മറ്റൊരു കോട്ടയിൽപ്പോയി. വളരെ വേഗമാണ് അവർ ഓടിപ്പോയത്.

നബിﷺതിരുമേനി സ്വഹാബാക്കളോടൊപ്പം അവരുടെ അടുത്തേക്ക് നീങ്ങി. യഹൂദികളുമായി യുദ്ധം ചെയ്തു. യഹൂദികൾ മുസ്‌ലിമീങ്ങൾക്കുമേൽ ശക്തമായ അമ്പെയ്ത്തും ശിലാവർഷവും നടത്തി. യഹൂദികൾക്ക് മറുപടിയായി മുസ്‌ലിമീങ്ങളും അവർക്കുമേൽ അതേപോലെതന്നെ അമ്പെയ്തു കൊണ്ടിരുന്നു. പക്ഷേ, യഹൂദികളുടെ അമ്പുകൾ മുസ്‌ലിമീങ്ങൾക്ക്

ഒരുപാട് നഷ്ടം വരുത്തിയിരുന്നു. കാരണം യഹൂദികൾ കോട്ടകളിലെ മിനാരങ്ങൾക്കു മുകളിൽ ഇരുന്നുകൊണ്ടാണ് അമ്പെയ്തിരുന്നത്. അതായത് മുകളിൽനിന്ന് താഴേക്കായിരുന്നു ആക്രമണം നടത്തിയത്. മുസ്‌ലിമീങ്ങൾ കോട്ടയുടെ താഴെയാണ് താവളമടിച്ചിരുന്നത്. നബിﷺതിരുമേനി മറ്റു മുസ്‌ലിമീങ്ങളോടൊപ്പം യഹൂദികൾക്കുമേൽ അമ്പെയ്ത്ത് നടത്തിയിരുന്നു. മനസ്സിലാക്കാൻ കഴിയുന്നത് യഹൂദികളുടെ പ്രത്യേക ലക്ഷ്യം നബിﷺതിരുമേനിയുടെ സങ്കേതം തന്നെയായിരുന്നുവെന്നാണ്. കാരണം അവിടേക്കാണ് കൂടുതൽ അമ്പുകൾ വന്നുവീണുകൊണ്ടിരുന്നത്. നബിﷺതിരുമേനി സ്വഹാബാക്കളോടൊപ്പമുണ്ടായിരുന്നു. ഒരു അമ്പ് നബിﷺതിരുമേനിയുടെ വസ്ത്രത്തിൽ പതിച്ചു.

ഒരു നിവേദനത്തിലുണ്ട്: നബിﷺതിരുമേനിക്കു അമ്പുകൊണ്ട് പരിക്കേൽക്കുകയും ചെയ്തു. അമ്പ് കൊണ്ടപ്പോൾ നബിﷺതിരുമേനിയുടെ വസ്ത്രം കീറിപ്പോയി. നബിﷺതിരുമേനി അമ്പെടുത്തു മാറ്റി. പിന്നീട് നബിﷺതിരുമേനി ഒരുപിടി ചരൽക്കല്ലെടുത്ത് കോട്ടക്കാർക്കുനേരെ എറിഞ്ഞു. അപ്പോൾ അവരുടെ കോട്ട വിറയ്ക്കാൻ തുടങ്ങി. തുടർന്ന് മുസ്‌ലിമീങ്ങൾ യഹൂദികളെ പിടികൂടുകയും അവർ അധീനപ്പെടുകയും ചെയ്തു.*(ഫത്ഹെ ഖയ്ബർ, അല്ലാമ മുഹമ്മദ് അഹ്മദ് ബാശമീൽ, പേജ് 156-157, നഫീസ് അക്കാഡമി കറാച്ചി)(സുബുലുൽ ഹുദാ വർറശാദ് വാല്യം 5, പേജ് 123 ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റൂത്ത്)*

ഇനിയുള്ളത് കത്തീബയിലെ മൂന്ന് കോട്ടകളാണ്. ഈ മൂന്ന് കോട്ടകളെയും മുസ്‌ലിമീങ്ങൾ ഉപരോധിച്ചു. ഇത് സംബന്ധമായി എഴുതുന്നു: “നബിﷺതിരുമേനി നത്വാത്ത്, ശഖ് കോട്ടകൾ ജയിച്ചടക്കിയപ്പോൾ യഹൂദികൾ കത്തീബയിലെ വത്വീഹ്, സുലാലിം, ഖമൂസ് എന്നീ കോട്ടകളിൽ മാറിപ്പോയി. കത്തീബ കോട്ടകളിൽ ഏറ്റവും വലിയ കോട്ട ഖാമൂസായിരുന്നു. അതേറ്റവും സുരക്ഷിതമായ കോട്ടയുമായിരുന്നു. യഹൂദികൾ ഈ മൂന്ന് കോട്ടകളിലുമുണ്ടായിരുന്നു. അവർ തങ്ങളുടെ കോട്ടകളിൽനിന്ന് താഴെ നോക്കാൻ പോലും തയ്യാറായിരുന്നില്ല. ആരുംതന്നെ ദ്വന്ദയുദ്ധത്തിന് വെല്ലുവിളിച്ചുകൊണ്ട് മുന്നോട്ടുവരികയുമുണ്ടായില്ല. നബിﷺതിരുമേനി 14 ദിവസത്തോളം ഈ കോട്ടകളെ ഉപരോധിച്ചു. അങ്ങനെ നബിﷺതിരുമേനി അവർക്കുമേൽ കവണ പ്രയോഗം അതായത് ആയുധങ്ങൾ മുഖേന ഉള്ളിൽ കല്ലെയ്തുവിടാൻ തീരുമാനിച്ചു. അവസാനം യഹൂദികൾക്ക് തങ്ങൾ നശിപ്പിക്കപ്പെട്ടുവെന്ന് ഉറപ്പായപ്പോൾ അവർ നബിﷺതിരുമേനിയുമായി രഞ്ജിപ്പിന് അഭ്യർഥന നടത്തി. കിനാന ബിൻ അബൂഹുഖയ്ഖ് യഹൂദികളിലെ ഒരാളെ നബിﷺതിരുമേനിയുടെ അടുത്ത്, താൻ താങ്കളുമായി സംസാരിക്കാനാഗ്രഹിക്കുന്നുവെന്ന സന്ദേശവുമായി അയച്ചു. അയാളുടെ പേര് ശമ്മാഖ് എന്നായിരുന്നു. നബിﷺതിരുമേനി അനുമതി കൊടുത്തപ്പോൾ കിനാന ബിൻ അബൂഹുഖയ്ഖ് കോട്ടയിൽനിന്ന് താഴെ ഇറങ്ങുകയും നബിﷺതിരുമേനിയുമായി രഞ്ജിപ്പിനുള്ള ഉടമ്പടി ഉണ്ടാക്കുകയും ചെയ്തു. നബിﷺതിരുമേനി സ്വഹാബാക്കളെ അയക്കുകയും സ്വഹാബാക്കൾ അവരുടെ മുഴുവൻ സമ്പത്തും പിടിച്ചെടുക്കുകയും ചെയ്തു. അതായത് സ്വഹാബാക്കൾ അവരുടെ എല്ലാ സമ്പത്തും കൈക്കലാക്കി. കോട്ടകൾക്കുള്ളിൽനിന്ന് 100 പടച്ചട്ടകളും 400 വാളുകളും ആയിരം കുന്തങ്ങളും ആവനാഴിളോടുകൂടി 500 വില്ലുകളും ലഭിച്ചു.*(സുബുലുൽ ഹുദാ വർറശാദ് വാല്യം 5, പേജ് 131 ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റൂത്ത്)(അസ്സീറത്തുന്നബ് വിയ്യ ലി ഇബ്നി കഥീർ ഭാഗം 3, പേജ് 376, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റൂത്ത്)*

ഖമൂസ് കോട്ട പിടിച്ചടക്കിയത് സംബന്ധിച്ച് ചില വ്യത്യസ്ത നിവേദനങ്ങളുണ്ട്. ഉദാഹരണമായി ഈ കോട്ട 20 ദിവസംവരെ ഉപരോധിച്ചുവെന്നും അവസാനം ഹദ്റത്ത് അലിയുടെ കൈകളാൽ യഹൂദികളുമായുള്ള ശക്തമായ പോരാട്ടത്തിനുശേഷം ജയിച്ചടക്കിയെന്നും നബിചരിത്ര ഗ്രന്ഥങ്ങളിൽ എഴുതിയിരിക്കുന്നു. ഈ കോട്ട പരാജയപ്പെടുത്തിയത് സംബന്ധിച്ച് ചില നബിചരിത്രകാരന്മാരും നായിം കോട്ട പിടിച്ചടക്കിയതിനെപറ്റി മറ്റു എഴുത്തുകാർ വിവരിച്ച സംഭവങ്ങൾ തന്നെയാണ് എഴുതിയിട്ടുള്ളത്.*(ശറഹ് സർഖാനീ വാല്യം 3 പേജ് 265, ദാറുൽകുതുബുൽഇൽമിയ്യ)(സീറത്ത് എൻസൈക്ലോപീഡിയ വാല്യം 8, പേജ് 392-393, ദാറുസ്സലാം രിയാള് 1435 ഹിജ്റ)(സുബുലുൽ ഹുദാ വർറശാദ് വാല്യം 5, പേജ് 124-126 ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റൂത്ത്)*

ഏതായാലും ഈ കോട്ട ജയിച്ചടക്കി. പിന്നീട് അവിടെയുള്ള യഹൂദികളുമായി ഒരു കരാറിലേർപ്പെട്ടു. അതിന്റെ നിബന്ധനകൾ ഇപ്രകാരമാണ്:

ഒന്ന്: എല്ലാ കോട്ടകളും യഹൂദികൾ കാലിയാക്കേണ്ടതാണ്. അവരുടെ യുദ്ധസാമഗ്രികളും ആയുധങ്ങളുമെല്ലാം ഒഴിവാക്കേണ്ടതാണ്. ഇസ്‌ലാമികസൈന്യം അതുമുഴുവൻ പിടിച്ചെടുക്കുന്നതായിരിക്കും. മുസ്‌ലിമീങ്ങൾ അവരുടെ സമ്പത്തിന്റെ അംശം പറ്റുന്നതായിരിക്കും. അതായത് അവരുടെ ആയുധങ്ങൾ മുസ്‌ലിമീങ്ങളുടെ പക്കൽ ഏൽപ്പിക്കേണ്ടതാണ്. ഇന്നത്തെ ഭാഷയിൽ പറയുകയാണെങ്കിൽ സറണ്ടർ ചെയ്യേണ്ടതാണ്.

രണ്ട്: നബിﷺതിരുമേനിയുമായുള്ള ചർച്ചയുടെ അടിസ്ഥാനത്തിൽ രണ്ടാമത്തെ നിബന്ധന പ്രകാരം നബിﷺതിരുമേനി യഹൂദികളുടെ ജീവൻ സംരക്ഷിക്കുകയും അവരുടെ സ്ത്രീകളേയും കുട്ടികളേയും അടിമകളാക്കുന്നതിൽനിന്നൊഴിവാക്കി മാപ്പ് നൽകുന്നതുമായിരിക്കും. അതായത് നബിﷺതിരുമേനി, യഹൂദികളെ സംരക്ഷിക്കുന്നതാണ്, അവരെ വധിക്കുന്നതല്ല. അവരുടെ സ്ത്രീകളേയും കുട്ടികളേയും സംരക്ഷിക്കുന്നതുമായിരിക്കും.

മൂന്നാമത്തെ നിബന്ധന: യഹൂദികൾ ഖയ്ബറിൽനിന്ന് നാടുകടത്തപ്പെടുന്നതും അവർ ശാമിലേക്ക് പോകേണ്ടതുമാണ്.

നാലാമത്തെ നിബന്ധന: മുസ്‌ലിമീങ്ങൾ അവർക്ക് (യഹൂദികൾക്ക്) അവരുടെ യാത്രാ വാഹനങ്ങളിൽ കൊണ്ടുപോകാവുന്നത്രയും സാധനങ്ങൾ കൊണ്ടുപോകാൻ അനുമതി നൽകുന്നതായിരിക്കും.

അഞ്ചാമത്തെ നിബന്ധന: യഹൂദികൾ തങ്ങളുടെ രഹസ്യമായ എല്ലാ ഖജനാവുകളും സമ്പത്തും സംബന്ധിച്ച് മുസ്‌ലിമീങ്ങൾക്ക് വിവരം നൽകേണ്ടതാണ്. വിജയികളെ ഏൽപ്പിക്കുകയും വേണം.

6-ാമത്തെ നിബന്ധന: യഹൂദികൾ ഈ നിബന്ധനകൾ ലംഘിക്കുകയാണെങ്കിൽ ഏതെങ്കിലും സംഗതികൾ വെളിപ്പെടുത്താതെ ഒളിച്ചുവെക്കുകയാണെങ്കിൽ മുസ്‌ലിമീങ്ങൾക്ക് അവരുടെമേൽ ഒരു ഉത്തരവാദിത്വവും ഉണ്ടായിരിക്കുന്നതല്ല. അതായത് മുസ്‌ലിമീങ്ങൾ എല്ലാ നിബന്ധനകളിൽനിന്നും സ്വതന്ത്രരാകുന്നതായിരിക്കും. യഹൂദികളുടെ എല്ലാ സമ്പത്തും സന്താനങ്ങളും മുസ്‌ലിമീങ്ങൾക്ക് അനുവദനീയമായിത്തീരുന്നതുമാണ്.*(ഫത്ഹെ ഖയ്ബർ, അല്ലാമ മുഹമ്മദ് അഹ്മദ് ബാശമീൽ, പേജ് 185-186, നഫീസ് അക്കാഡമി കറാച്ചി)*

ഖയ്ബറിലെ മുസ്‌ലിമീങ്ങളുടെ വിജയത്തിനുശേഷം യഹൂദികൾ ഖയ്ബറിൽ താമസിക്കുന്നതും യഹൂദികളുടെ വരുമാനത്തിന്റെ പകുതി നൽകുകയും ചെയ്തതു സംബന്ധിച്ചും പരാമർശമുണ്ട്. എഴുതുന്നു: “കരാർ അനുസരിച്ച് യഹൂദികൾ ശാമിലേക്ക് നാടുകടത്തപ്പെട്ടു. പക്ഷേ, യഹൂദികൾ നബിﷺതിരുമേനിയുടെ തിരുസന്നിധിയിൽ വന്ന് അവർ കൃഷിപ്പണിയും മറ്റും ചെയ്യുന്നവരും അതു സംബന്ധിച്ച് ഒരുപാട് കാര്യങ്ങൾ അറിയുന്നവരുമാണെന്നും അതുകൊണ്ട് അവർക്ക് ഖയ്ബറിൽത്തന്നെ തങ്ങാൻ അനുമതി നൽകണമെന്നും അപേക്ഷിച്ചു. നബിﷺതിരുമേനി അവരുടെ അപേക്ഷ സ്വീകരിച്ച് അവർക്ക് ഖയ്ബറിൽ തങ്ങാനും കൃഷിപ്പണിച്ചെയ്യാനും അനുവാദം നൽകി. പക്ഷേ, അതിനു പ്രതിഫലമായി അവർക്ക് പകുതി ഫലങ്ങൾ എടുക്കാവുന്നതാണ്. വളരെ സൗമ്യമായാണ് അവരോടു പെരുമാറിയത്. സ്വഹീഹ് ബുഖാരിയിൽ ഹദ്റത്ത് അബ്ദുല്ലാഹ്ؓ നിവേദനം. നബിﷺതിരുമേനി ഖയ്ബറിലെ യഹൂദികൾക്ക് കൃഷിപ്പണിച്ചെയ്യുന്നതിനും മറ്റും അനുവാദം നൽകി. അവിടെ ഉത്പാദിപ്പിക്കപ്പെടുന്നതിൽനിന്ന് പകുതി അവർക്കെടുക്കാവുന്നതാണ്.*(ഫത്ഹെ ഖയ്ബർ, അല്ലാമ മുഹമ്മദ് അഹ്മദ് ബാശമീൽ, പേജ് 57, നഫീസ് അക്കാഡമി കറാച്ചി)(സ്വഹീഹുൽബുഖാരി കിതാബുൽമഗാസി ബാബു മുആമിലത്തുന്നബിﷺഅഹ്‌ലെ ഖയ്ബർ, ഹദീഥ് 4248)*

ഖയ്ബറിൽ ശഹീദായ സ്വഹാബാക്കളുടെ എണ്ണം 17 ആയിരുന്നു. അവരുടെ പേര് ഇപ്രകാരമാണ്:

ഹദ്റത്ത് റബീഅ ബിൻ അക്ഥംؓ, ഥഖഫ് ബിൻ അംറ്ؓ, ഹദ്റത്ത് രിഫാഅ ബിൻ മസ്റൂർؓ, ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ ഉമയ്യؓ, ഹദ്റത്ത് മഹ്മൂദ് ബിൻ മസ്‌ലമؓ, ഹദ്റത്ത് അബൂളിയാഹ് ബിൻ നുഅ്മാൻؓ, ഹദ്റത്ത് ഹാരിഥ് ബിൻ ഹാത്വിബ്ؓ, ഹദ്റത്ത് അദിയ്യ് ബിൻ മുർറؓ, ഹദ്റത്ത് ഔസ് ബിൻ ഹബീബ്ؓ, ഹദ്റത്ത് ഉനയ്ഫ് ബിൻ വാഇൽؓ, ഹദ്റത്ത് മസ്ഊദ് ബിൻ സഅ്ദ്ؓ, ഹദ്റത്ത് ബിശ്ർ ബിൻ ബറാഅ്ؓ, ഹദ്റത്ത് ഫുളയ്ൽ ബിൻ നുഅ്മാൻؓ, ഹദ്റത്ത് ആമിർ ബിൻ അക്‌വഅ്ؓ, ഹദ്റത്ത് അമ്മാറ ബിൻ ഉഖ്ബؓ, ഹബ്ശി അടിമ ഹദ്റത്ത് യസാർؓ, അശ്ജഅ് ഗോത്രത്തിലെ ഒരാൾ.(ഇദ്ദേഹത്തിന്റെ പേര് രേഖപ്പെടുത്തിയിട്ടില്ല).

യഹൂദികളിൽ 93 പേർ ഈ യുദ്ധത്തിൽ കൊല്ലപ്പെട്ടു. അവരിൽ ചില നേതാക്കന്മാരുടെ പേരുകൾ ഇപ്രകാരമാണ്:ഹാരിഥ്, അബൂസയ്നബ്, മർഹബ്, ഉസയ്ർ, യാസിർ, ആമിർ, കിനാന അബിൽ ഹുഖയ്ഖ്.*(ത്വബഖാത്തുൽകുബ്റാ വാല്യം 2, പേജ് 82, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റൂത്ത്)(കിതാബുൽമഗാസി, വാല്യം 2, പേജ് 160, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റൂത്ത്)(ഇംതാഉൽ അസ്മാഅ്, വാല്യം 1, പേജ് 323 ദാറുൽകുതുബുൽ ഇൽമിയ്യ ബെ*

*യ്റുത്ത്)(ശറഹ് സർഖാനീ വാല്യം 3, പേജ് 264, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത്)*

ഖയ്ബറിലെ ചില വിവിധ സംഭവങ്ങളെക്കുറിച്ചുള്ള വിവരണങ്ങളുമുണ്ട്. അതിലൊന്ന് കിനാന ബിൻ റബീയിന്റെ വധമാണ്. ചരിത്രത്തിലും തിരുനബി ചരിത്ര ഗ്രന്ഥങ്ങളിലും എഴുതിയിരിക്കുന്നു: 'ഖയ്ബർ വിജയത്തിനുശേഷം യഹൂദികളുമായി ഉടമ്പടി ചെയ്തപ്പോൾ അതുകഴിഞ്ഞ് ജനങ്ങൾ കിനാനയേയും അയാളുടെ സഹോദരൻ റബീയിനേയും നബിﷺതിരുമേനിയുടെ അടുത്ത് കൊണ്ടുവന്നു. കിനാന ഖയ്ബറിന്റെ മുഴുവൻ തലവനും ഹദ്റത്ത് സ്വഫിയയുടെ ഭർത്താവുമായിരുന്നു. റബീയ അയാളുടെ പിതൃ സഹോദര പുത്രനുമായിരുന്നു. കിനാനയുടെ പക്കൽ ബനുനളീർ ഗോത്രത്തിന്റെ നേതാവ് ഹുയയ്യുബ്നു അഖ്ത്വബിന്റെ ഖജനാവുണ്ടായിരുന്നു. അതിൽ സ്വർണത്തിന്റെയും വെള്ളിയുടെയും ആഭരണങ്ങളും മറ്റുമാണുണ്ടായിരുന്നത്. ആഭരണങ്ങൾ അറേബ്യയിലെ ആളുകളുടെ വിവാഹത്തിനും മറ്റും അണിയാൻ വാടകയ്ക്ക് നൽകിയിരുന്നു. അവർ രണ്ടുപേരോടും നബിﷺതിരുമേനി ചോദിച്ചു: 'നിങ്ങളുടെ ഖജനാവുകൾ എവിടെയാണ്?' അവർ പറഞ്ഞു: 'ഞങ്ങൾ മദീനയിൽനിന്ന് വന്നതിനുശേഷം പതുക്കെപ്പതുക്കെ അതു മുഴുവനും ചെലവായി.' ഒരു നിവേദനത്തിൽ പറയുന്നു. അവർ പറഞ്ഞു: 'അബുൽ ഖാസിമേ! അതായത് നബിﷺതിരുമേനിയെ സംബോധന ചെയ്തുകൊണ്ട് പറഞ്ഞു: 'ഞങ്ങൾ അതെല്ലാം യുദ്ധത്തിൽ ചെലവാക്കി. അതിലിപ്പോൾ ഒന്നും ബാക്കിയില്ല. ഞങ്ങൾ ആ സമ്പത്ത് ഈ ദിവസത്തേക്ക് വേണ്ടി മാത്രം സ്വരുക്കൂട്ടി വെച്ചതായിരുന്നു.' നബിﷺ തിരുമേനി അവരോടു പറഞ്ഞു: "അതു മുഴുവനും ഇത്ര പെട്ടെന്ന് തീരാൻ മദീനയിൽനിന്ന് പുറപ്പെട്ടുവന്ന കാലം വളരെ വിദൂരമൊന്നുമല്ല." അവരിരുവരും തങ്ങൾ പറഞ്ഞ കാര്യത്തിൽ, തങ്ങളുടെ കൈയിൽ ഒന്നുമില്ലെന്ന് പറഞ്ഞ് സത്യം ചെയ്തു. അപ്പോൾ നബിﷺതിരുമേനി പറഞ്ഞു: "ആ ഖജനാവുകൾ നിങ്ങളിൽനിന്ന് കണ്ടെടുക്കുകയാണെങ്കിൽ നിങ്ങൾക്കു മേൽ അല്ലാഹുവിനും അവന്റെ റസൂലിനും ഒരു ഉത്തരവാദിത്വവുമുണ്ടായിരിക്കുന്നതല്ല.' അവർ പറഞ്ഞു: 'ശരി.' നബിﷺതിരുമേനി ഇക്കാര്യത്തിൽ ഹദ്റത്ത് അബൂബക്റിനെയും ഹദ്റത്ത് ഉമറിനെയും ഹദ്റത്ത് അലിയെയും ഹദ്റത്ത് സുബയ്റിനെയും സാക്ഷികളാക്കുകയും ചെയ്തു. ആ സമയത്ത് യഹൂദികളിലെ ഒരാൾ എഴുന്നേറ്റ് കിനാനയുടെ അടുത്തുപോയി പറഞ്ഞു: "മുഹമ്മദ്ﷺ നിങ്ങളോട് ആവശ്യപ്പെടുന്നത് നിങ്ങളുടെ പക്കലുണ്ടെങ്കിൽ അതെല്ലാം കൊടുക്കുക. അതല്ല നിങ്ങൾക്ക് അതേപ്പറ്റി അറിയുമെങ്കിൽ അതെവിടെയാണെന്ന് പറഞ്ഞു കൊടുക്കുക. അങ്ങനെ നിങ്ങൾക്ക് നിങ്ങളുടെ ജീവൻ രക്ഷിക്കാൻ കഴിയും. അതല്ലെങ്കിൽ അല്ലാഹുവാണെ സത്യം! അവർ അതിനുമേൽ ആധിപത്യം നേടുകതന്നെ ചെയ്യുന്നതാണ്." ഇബ്നു ഹുഖയ്ഖ് അയാളെ ശകാരിച്ചു. അപ്പോൾ ആ യഹൂദി ഒരു ഭാഗത്ത് മാറിയിരുന്നു. ഇത് ഒരു ചരിത്ര ഗ്രന്ഥത്തിലെഴുതിയിട്ടുള്ളതാണ്.*(ത്വബഖാത്തുൽകുബ്റാ വാല്യം 2, പേജ് 86, ദാറുൽകുതുബുൽഇൽമിയ്യ ബെയ്റുത്ത്)(താരീഖുൽ ഖുമയ്സ് വാല്യം 2. പേജ് 415, ദാറു സ്വാദിർ ബെയ്റുത്ത്)(കിതാബുൽ മഗാസി വാല്യം 1, പേജ് 140, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത്)*

ഹദ്റത്ത് ഇബ്നു അബ്ബാസ്ؓ നിവേദനം. നബിﷺതിരുമേനി അവരിരുവരോടും പറഞ്ഞു: "നിങ്ങളെന്നിൽനിന്ന് വല്ലതും മറച്ചുവെക്കുകയും പിന്നീട് അതേപ്പറ്റി എനിക്ക് അറിവുകിട്ടുകയുമാണെങ്കിൽ നിങ്ങളുടെ ജീവനും നിങ്ങളുടെ മക്കളുമെല്ലാം അനുവദനീയമായി ഗണിക്കപ്പെടുന്നതായിരിക്കും." ഒരു ചരിത്ര ഗ്രന്ഥത്തിൽ ഈ ഖജനാവുകളെ സംബന്ധിച്ച് അറിയിപ്പു കിട്ടിയതിനെ പറ്റിയും നിവേദനമുണ്ട്. അതിന്റെ ചുരുക്കം ഇങ്ങനെ വിവരിക്കപ്പെട്ടിരിക്കുന്നു:

"ഹദ്റത്ത് ഇബ്നു അബ്ബാസ്ؓവിവരിക്കുന്നു: നബിﷺ തിരുമേനി അൻസ്വാറിൽനിന്ന് ഒരാളെ വിളിച്ചു. താങ്കൾ ഇന്ന ഇന്ന മൈതാനത്ത് പോവുക. പിന്നീട് ഈത്തപ്പനകളുടെ അടുത്തു വരിക. പിന്നീട് ഈത്തപ്പനകളുടെ ഇടതുഭാഗത്തുനിന്ന് അല്ലെങ്കിൽ വലതുഭാഗത്തുനിന്ന് ഉയരമുള്ളവയെ അതായത് അവയുടെ കീഴിൽ എന്താണുള്ളതെന്ന് നോക്കുക. അതിലുള്ളത് മുഴുവനും എന്റെയടുത്ത് കൊണ്ടുവരിക." ഈ ഖജനാവിന്റെ വിലയിട്ടപ്പോൾ അത് 10000 ദീനാറായി നിശ്ചയിച്ചു. വാഗ്ദാന ലംഘനം നടത്തിയതു കാരണം അവരിരുവരേയും വധിക്കുകയാണ് ചെയ്തത്. അവരുടെ കുടുംബക്കാരെ ബന്ദികളാക്കുകയും ചെയ്തു. ഇതാണ് ഒരു നിവേദനം.

ഒരു നിവേദനത്തിൽ ഇങ്ങനെ വിവരിക്കപ്പെട്ടിട്ടുണ്ട്: ഇത് എത്രത്തോളം ശരിയാണെന്ന കാര്യത്തെ സംബന്ധിച്ച് അവസാനം വിശദമാക്കാം. മറ്റൊരു നിവേദനത്തിൽ ഇങ്ങനെ വിവരിക്കപ്പെട്ടിരിക്കുന്നു: 'അയാളുടെ ഖജനാവിനെപ്പറ്റി ചോദിച്ചു. അയാൾ അത് നിഷേധിക്കുകയാണ് ചെയ്തത്.'*(ത്വബഖാത്തുൽകുബ്റാ വാല്യം 2, പേജ് 86, ദാറുൽകുതുബുൽഇൽമിയ്യ ബെയ്റുത്ത്)(ശറഹ് സർഖാനീ വാല്യം 3, പേജ് 266, ദാറുൽകുതുബുൽ ഇൽമിയ്യ, ബെയ്റുത്ത്)*

പിന്നീട് നബിﷺതിരുമേനിയുടെ അടുത്ത് യഹൂദികളിൽനിന്നുള്ള ഒരാൾ കൊണ്ടുവരപ്പെട്ടു. അയാളുടെ പേര് ഥഅലബ എന്നായിരുന്നു. ചില സ്ഥലങ്ങളിൽ സഅ്യഹ് ബിൻ സല്ലാം ബിൻ അബൂഹുഖയ്ഖിനെ വിളിച്ചുകൊണ്ടുവന്നുവെന്നും അയാളോടു ചോദിച്ചുവെന്നും പറയപ്പെടുന്നുണ്ട്. അയാൾ നബിﷺതിരുമേനിയോടു പറഞ്ഞു: 'ഞാൻ രാവിലെ ഈ തകർന്നടിഞ്ഞ കെട്ടിടങ്ങൾക്കിടയിൽ കിനാന ചുറ്റിത്തിരിഞ്ഞു നടക്കുന്നത് കണ്ടിട്ടുണ്ട്.' നബിﷺതിരുമേനി ഥഅലബയോടൊപ്പം സുബയ്ർ ബിൻ അവ്വാമിനെയും ഏതാനും മുസ്‌ലിമീങ്ങളെയും ഥഅലബ പറഞ്ഞ സ്ഥലത്ത് പറഞ്ഞു വിട്ടു. അവിടെ കുഴിച്ചു നോക്കിയപ്പോൾ അവിടെനിന്ന് അവരുടെ ഖജനാവ് കണ്ടുകിട്ടി.

ഒരു നിവേദനത്തിൽ പറയുന്നു: അവിടെനിന്ന് കുറച്ച് ഖജനാവ് കിട്ടിയെങ്കിലും മുഴുവനും കിട്ടിയില്ല. കിനാനയും പറയുന്നത് നിഷേധിച്ചു. അപ്പോൾ നബിﷺ തിരുമേനി കിനാനയെ ശിക്ഷിക്കാൻ സുബയ്ർ ബിൻ അവ്വാമിനോടു കൽപ്പിച്ചു.

സുബയ്ർ തീക്കല്ല്(കൂട്ടിയുരസിയാൽ തീയുണ്ടാകുന്ന ഒരു തരം കല്ല്)കൊണ്ടുവന്നു അയാളുടെ നെഞ്ചിൽ എറിഞ്ഞപ്പോൾ അതിൽനിന്ന് തീ പുറപ്പെട്ടു. അങ്ങനെ അയാൾ മരണാസന്നനായപ്പോൾ മറ്റു ഖജനാവുകളെ സംബന്ധിച്ചും പറഞ്ഞു. അപ്പോൾ നബിﷺ തിരുമേനി കിനാനയെ വധിക്കുന്നതിന് വേണ്ടി മുഹമ്മദ് ബിൻ മസ്‌ലമയുടെ കൈയിൽ ഏൽപ്പിച്ചു. കിനാന, മുഹമ്മദ് ബിൻ മസ്‌ലമയുടെ സഹോദരൻ മഹ്മൂദ് മസ്‌ലമയെ ആട്ടുകല്ലു വീഴ്ത്തി ശഹീദാക്കിയിരുന്നു. അതുകാരണം അയാളെ വധിക്കുകയാണ് ചെയ്തത്.

ഏതായാലും അയാളെ കൊന്നു. പക്ഷേ, ഈ സംഭവം വിവരിക്കപ്പെട്ടതുപോലെയല്ല. ഈ കാര്യങ്ങളെല്ലാം നബിﷺതിരുമേനിയുടെ മാതൃകക്കെതിരാണെന്ന് തോന്നുന്നു. ചില നിവേദനങ്ങളിൽ പറയുന്നത് നബിﷺതിരുമേനിയുടെ കൽപ്പനപ്രകാരം അവർ രണ്ടു സഹോദരന്മാരെയും വധിച്ചുവെന്നാണ്. മറ്റൊരു നിവേദനമനുസരിച്ച് കിനാനയെ മുഹമ്മദ് ബിൻ മസ്‌ലമയാണ് വധിച്ചത്. അതേസമയം അയാളുടെ സഹോദരനെ ബിശ്ർ ബിൻ ബറാഇന്റെ വീട്ടുകാരെയാണ് ഏൽപ്പിച്ചത്. അയാളെയും ബിശ്ർ ബിൻ ബറാഇന്റെ പ്രതികാരമെന്ന നിലയ്ക്കാണ് വധിച്ചത്. നബിﷺ തിരുമേനി അവരുടെ സമ്പത്ത് അനുവദനീയമാണെന്ന് പ്രഖ്യാപിക്കുകയും അവരുടെ മക്കളെ ബന്ദിയാക്കുകയും ചെയ്തു.

ഈ നിവേദനങ്ങൾ ചരിത്ര പുസ്തകങ്ങളിലും നബിചരിത്രത്തിന്റെ പ്രാമാണ്യയോഗ്യമായ ഗ്രന്ഥങ്ങളിലും കാണപ്പെടുന്നുണ്ട്. താരീഖ് ത്വബരി, താരീഖുൽ ഖുമയ്സ്, ത്വബഖാത്ത് ഇബ്നു സഅ്ദ്, വാഖ്ദിയുടെ കിത്താബുൽ മഗാസി, സീറത്ത് ഇബ്നു ഹിശാം, സീറത്ത് ഇബ്നു ഇസ്ഹാഖ്, സീറത്ത് ഹൽബിയ്യ, സർഖാനി മുതലായവയിലും കിനാന ഈ കാരണം കൊണ്ടുതന്നെയാണ് കൊല്ലപ്പെട്ടതെന്ന് ഹദീഥ് ഗ്രന്ഥമായ സുനൻ അബീ ദാവൂദിലുമുണ്ട്.

• ഹദീഥുന്നബ്‌വിﷺ •

"അസ്സ്വബ്റു രിളൻ."
വിധിയിൽ തൃപ്തിപ്പെടുന്നതിനാണ് ക്ഷമ എന്നു പറയുന്നത്.

ത്വാലിബെ ദുആ
C. K.MUHAMMED SHAREEF&FAMILY
AHMADIYYA JAMA-ATH VANIYAMBALAM,

• ഹദീഥുന്നബ്‌വിﷺ •

"അൽമത്വ്ഊനു ശഹീദുൻ."
പ്ലേഗ് ബാധിച്ച് മരിക്കുന്നവൻ ശഹീദാണ്.

ത്വാലിബെ ദുആ
LATE T.K.SIDHIQUE AND FAMILY
KARULAI, MALAPPURAM

പക്ഷേ, കിനാനയുടെ വധത്തിന്റെ വ്യത്യസ്ത കാരണങ്ങളും നിവേദനങ്ങളും കാണപ്പെടുന്നുണ്ട്. അയാൾ കൊല്ലപ്പെട്ടത് ഖജനാവുകൾ കാണിച്ചുകൊടുക്കാത്തതു കൊണ്ടായിരുന്നില്ല എന്ന കാര്യം അവയിൽനിന്ന് വ്യക്തമാണ്. *(സീറത്ത് ഹൽബിയ്യ, വാല്യം 3, പേജ് 62, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത്)(കിതാബുൽ മഗാസി വാല്യം 2, പേജ് 140, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത്)(ശറഹ് സർഖാനീ വാല്യം 3, പേജ് 265, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത്)(സീറത്ത് ഇബ്നു ഹിശാം പേജ് 698, ദാറുൽ കുതുബുൽ ഇൽമിയ്യ ബെയ്റുത്ത്)(ഇംതാഉൽഅസ്മാഅ് വാല്യം 1 പേജ് 315, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത്)(സുനൻ അബൂദാവൂദ്, കിതാബുൽ ഖറാജ് ഹദീഥ് നമ്പർ 3006)*

ഏതായാലും ഖയ്ബർ സംഭവങ്ങൾ ഓറിയന്റലിസ്റ്റുകളായ എഴുത്തുകാരും തങ്ങളുടെ ഗ്രന്ഥങ്ങളിൽ വിവരിച്ചിട്ടുണ്ട്. പിന്നെ ആക്ഷേപകർ അവരുടെ തനി സ്വഭാവമനുസരിച്ച് ഇസ്‌ലാമിനും നബിﷺതിരുമേനിയുടെ പരിശുദ്ധ വ്യക്തിത്വത്തിനുമെതിരിൽ ആക്ഷേപങ്ങളും ഉന്നയിച്ചിട്ടുണ്ട്. നബിﷺതിരുമേനിയ്ക്ക് നൗഊദുബില്ലാഹ് സമ്പത്തിനോടു അത്യാർത്തിയായിരുന്നുവെന്നും നബിﷺതിരുമേനി ഏതെല്ലാം വിധത്തിലാണ് അക്രമവും ക്രൂരതയും കാണിച്ചതെന്നും പറയുന്നു. പക്ഷേ, ആക്ഷേപകർ ഒരിക്കലും ബുദ്ധിയും ന്യായവും അല്പം പോലും ഉപയോഗപ്പെടുത്തിയില്ല. നബിﷺതിരുമേനിയുടെ ജീവിതം എല്ലാവർക്കും മുമ്പിൽ ഒരു തുറന്ന പുസ്തകം പോലെയാണ്. നബിﷺതിരുമേനി യുദ്ധം ആരംഭിക്കുന്നതിനു മുമ്പേതന്നെ ഇങ്ങനെ കൽപ്പന നൽകിയിരുന്നു: 'ഓർക്കുക, ഒരു കുട്ടിയേയും കൊല്ലരുത്, ഒരു സ്ത്രീയേയും കൊല്ലരുത്, എത്രത്തോളമെന്നാൽ അനാവശ്യമായി മരങ്ങൾ പോലും മുറിച്ചു മാറ്റരുത്.*(സ്വഹീഹുൽ ബുഖാരി, കിതാബുൽ ജിഹാദ് ഹദീഥ് 3015)(സുനനുൽകുബ്റാ ലിൽബയ്ഹഖി വാല്യം 9, പേജ് 154, ഹദീഥ് 18665, മക്തബ അർറുശ്ദ്)*

മൃഗങ്ങളെപ്പോലും നോവിക്കാനിഷ്ടപ്പെടാതിരുന്ന ആ മഹാത്മാവ് എങ്ങനെയാണ് മനുഷ്യർക്കു മേൽ അക്രമവും ക്രൂരതയും കാണിക്കുക?

ഇതുപോലെ സ്വത്തുക്കൾ കൈവശപ്പെടുത്തുന്നതിന് യുദ്ധം ചെയ്തുവെന്ന് പറയുന്നതും തികച്ചും അടിസ്ഥാനരഹിതമാണ്. ഖയ്ബർ യുദ്ധത്തിന് പുറപ്പെടുന്നതിനു മുമ്പേ, നബിﷺതിരുമേനി ഒരു വിളംബരം നടത്തിയിരുന്നു: 'യുദ്ധമുതൽ പ്രതീക്ഷിച്ചുകൊണ്ട്, അല്ലെങ്കിൽ അതിനോടുള്ള അത്യാർത്തിയുള്ളവർ ആരും തന്റെ കൂടെ വരേണ്ടതില്ല.'*(സുബുലുൽഹുദാ വർറശാദ്, വാല്യം 5, പേജ് 115, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത്).* ഇതിന്റെ വിശദീകരണം മുമ്പേ പറഞ്ഞു കഴിഞ്ഞതാണ്.

ഇത്തരം മാതൃകയും ചര്യയുമുള്ള ഒരു നബിയെപ്പറ്റി മറ്റേതെങ്കിലും രീതിയിലുള്ള നിവേദനങ്ങൾ മുമ്പിൽ വരുമ്പോൾ പ്രസ്തുത നിവേദനങ്ങൾ നല്ലപോലെ പരിശോധിക്കണമെന്നും വിശകലനം ചെയ്യണമെന്നുമാണ് നീതി ആവശ്യപ്പെടുന്നത്. തീർച്ചയായും ആദ്യം ശ്രദ്ധിക്കേണ്ടത് ഏത് ഹദീഥാണെങ്കിലും നിവേദനമാണെങ്കിലും അതിനെ പരമാവധി ആദരവോടെ നോക്കിക്കാണേണ്ടതാണ്. കഴിവിന്റെ പരമാവധി അതിലെ വിഷയങ്ങൾ പരിശോധനയ്ക്ക് വിധേയമാക്കേണ്ടതുമാണ്. എന്നാൽ, നബിﷺതിരുമേനിയുടെ പരിശുദ്ധ വ്യക്തിത്വവും അന്തസ്സും ഏറ്റവും മീതെയാകുന്നു. നബിﷺതിരുമേനി നീതിയുടെയും ന്യായത്തിന്റെയും ആൾരൂപവും റഹ്മത്തുൽലിൽ ആലമീനുമായിരുന്നു. ഇതിന്നെതിരിലുള്ളഒരു നിവേദനവും ഒരിക്കലും സ്വീകാര്യയോഗ്യമല്ല. നൂറുക്കണക്കിനും ആയിരക്കണക്കിനും ഹദീഥുകളും നിവേദനങ്ങളും പിന്നീടുവന്നവർ പടച്ചുണ്ടാക്കിയവയാണെന്ന് ചരിത്രകാരന്മാരും നബിചരിത്രകാരന്മാരും വിവരിക്കുന്നുണ്ട്. തെറ്റായ നിവേദനങ്ങൾ സമർപ്പിക്കുന്ന ഗൂഢപദ്ധതിയിൽ യഹൂദികളുടെ ഇടപെടലുകളുമുണ്ടായിട്ടുണ്ട്.

പിന്നീട് ഇതേ സംഭവം അതായത് കിനാനയേയും അയാളുടെ സഹോദരനേയും വധിച്ചത് സംബന്ധിച്ച് നമ്മുടെ റിസർച്ച് ടീമും വളരെ നല്ല നിലയിൽ വിശകലനം നടത്തിയിട്ടുണ്ട്. നിവേദനങ്ങളുടെ വെളിച്ചത്തിൽ അത് വിവരിക്കുകയും ഓറിയന്റലിസ്റ്റുകളുടെ ആക്ഷേപങ്ങൾക്ക് മറുപടി കൊടുക്കുകയും ചെയ്യുന്നുണ്ട്. വളരെ നല്ല മറുപടിയാണ് നൽകിയിട്ടുള്ളത്. അവർ പറയുന്നു: 'ഈ സംഭവത്തിന്റെ ഉള്ളിലുള്ള സാക്ഷ്യങ്ങൾ വിവരിക്കുന്നവർക്ക് എല്ലായിടങ്ങളിലും ഭീമമായ അബദ്ധങ്ങൾ സംഭവിച്ചുവെന്ന് വ്യക്തമാക്കിത്തരുന്നു. അവർ വ്യത്യസ്ത കാര്യങ്ങളെ ഇടകലർത്തുകയാണെന്ന് വിസ്മരിച്ചു പോകുന്നു.' ഇനി ഇങ്ങനെ ഒരു സംഭവമുണ്ടെങ്കിൽപ്പോലും ഒരു ചെറിയ കാര്യത്തെ വളരെ വലുതാക്കി അതിശയോക്തി കലർത്തി പറഞ്ഞുകൊണ്ട് തെറ്റായ രീതിയിൽ വിവരിക്കാൻ ശ്രമിക്കുകയാണ്. ഉദാഹരണത്തിന് യഹൂദികളുമായി കരാറുണ്ടാക്കിയിരുന്നു. എല്ലാ രീതിയിലുള്ള നിബന്ധനകളും തീരുമാനിച്ചതിനുശേഷം സന്ധിപത്രവും എഴുതിക്കഴിഞ്ഞു. അപ്പോൾപ്പിന്നെ ഏതെങ്കിലും ഖജനാവിനെ സംബന്ധിച്ച് അന്വേഷണം നടത്തുന്നത് പ്രത്യക്ഷത്തിൽ അരുതാത്ത ഒന്നായി തോന്നുന്നു. കാരണം കരാറിന്റെ അടിസ്ഥാനത്തിൽ യഹൂദികൾക്ക് ഖയ്ബറിന്റെ സ്ഥലംതുടങ്ങിയവയില്ലാതെ എല്ലാ സ്ഥലത്തും നിയന്ത്രണവും സ്വത്തവകാശവും അവസാനിച്ചു കഴിഞ്ഞിരുന്നു. ഇനി നിവേദനങ്ങളിൽ പറയുന്നതുപോലെ ആ ഖജനാവ് കിട്ടിയിട്ടുണ്ടെങ്കിൽ അതെവിടെപ്പോയി? ഖയ്ബറിലെ യുദ്ധമുതലുകൾ വിതരണം ചെയ്തത് സംബന്ധിച്ച മുഴുവൻ വിവരണങ്ങളും ചരിത്ര പുസ്തകങ്ങളിലും തിരുനബി ചരിത്രങ്ങളിലും കാണപ്പെടുന്നുണ്ട്. നെയ്യും കൊഴുപ്പും പഴങ്ങളും വസ്ത്രങ്ങളും വളർത്തു മൃഗങ്ങളുടെ സാധനങ്ങളും അമ്പും വില്ലുകളും പരിചകളുമെല്ലാം കാണപ്പെടുന്നുണ്ട്. പക്ഷേ, ഒരിടത്തും ഇത്രമാത്രം സ്വർണവും വെള്ളിയും വൈഢൂര്യങ്ങളും ആഭരണങ്ങളും കിട്ടിയെന്ന് പറയുന്നില്ല. പ്രത്യുത അതിനെതിരിൽ എഴുതപ്പെടുന്നത് യുദ്ധ മുതലിൽ ഒരുതരത്തിലുള്ള സ്വർണവും വെള്ളിയുമില്ലായിരുന്നുവെന്നാണ്. ഇത് ബുഖാരിയുടെ നിവേദനമാണ്. ഖജനാവ് കണ്ടെത്തുന്നതിനുവേണ്ടിയുള്ള അന്വേഷണത്തിൽ പറയപ്പെടുന്ന വിവരണം ഈ നിവേദനങ്ങളെ തികച്ചും എതിർക്കുകയാണ് ചെയ്യുന്നത്. ഒരു നിവേദനത്തിൽ കിനാനയോടും മറ്റൊന്നിൽ കിനാനയോടും അയാളുടെ സഹോദരനോടും അതുപോലെ വേറൊന്നിൽ ഒരു യഹൂദിയോടും മറ്റൊരു നിവേദനമനുസരിച്ച് അവരുടെ പിതൃവ്യനായ ഹുയയ്യുബ്നു അഖ്ത്വബിനോടും ഖജനാവിനെ പറ്റി ചോദിച്ചിരുന്നുവെന്നെല്ലാമാണ് കാണുന്നത്. ഈ എല്ലാ അന്വേഷണത്തിനും ശേഷം എല്ലാവർക്കും ശിക്ഷ നൽകേണ്ടതായിരുന്നു. അങ്ങനെയാണെങ്കിൽ വലിയ കുറ്റവാളിയായി പ്രഖ്യാപിക്കപ്പെടുമായിരുന്നു. പക്ഷേ, നിവേദനമനുസരിച്ച് രണ്ടുപേർക്കു അതായത് കിനാനക്കും അയാളുടെ സഹോദരനും മാത്രമാണ് ശിക്ഷ നൽകിയത്. ചില നിവേദനങ്ങളനുസരിച്ചു കിനാനക്ക് മാത്രമാണ് ശിക്ഷ നൽകിയത്. ബുഖാരിയിലും എഴുതുന്നു: ഹദ്റത്ത് ഉമർؓതന്റെ ഖിലാഫത്തു കാലത്ത് ഖയ്ബറിൽനിന്ന് യഹൂദികളെ നാടുകടത്താനുദ്ദേശിച്ചപ്പോൾ ആ സമയത്ത് അദ്ദേഹത്തിന്റെയടുക്കൽ അബുൽ ഹുഖയ്ഖിന്റെ ഒരു മകൻ വന്നു. ബുഖാരിയുടെ വ്യാഖ്യാതാവായ ഇബ്നു ഹജർ എഴുതുന്നു: കിനാനയുടെ ഈ സഹോദരൻ ഹദ്റത്ത് ഉമറിന്റെ കാലഘട്ടംവരെയും ജീവിച്ചിരുന്നു. നാടുകടത്തുന്ന സമയംവരെയും ഖയ്ബറിൽ താമസക്കാരനുമായിരുന്നു. അതുകൊണ്ട് അയാളുടെ സഹോദരനെ വധിച്ചുവെന്ന ഈ പ്രസ്താവം തെറ്റാകുന്നു. ചില നബിചരിത്രകാരന്മാർ ബുഖാരിയുടെ ഈ നിവേദനമനുസരിച്ച് കിനാനയ്ക്കു മാത്രമാണ് ശിക്ഷ നൽകപ്പെട്ടതെന്ന് സ്ഥാപിക്കുന്നുണ്ട്.*(ഫതഹുൽബാരി ശറഹ് സ്വഹീഹുൽ ബുഖാരി ഹദീഥ് 2730, വാല്യം 5, പേജ് 411, പ്രസാധനം ഖദീമീ കുതുബ് ഖാന)(സീറത്തുന്നബിﷺ, ശിബ് ലി വാല്യം 1,*


• ഹദീഥുന്നബ്വിﷺ •

"ലാ വസ്വിയ്യത്ത ഇല്ലാ വാരിഥിൻ."
അനന്തരാവകാശികൾക്കുവേണ്ടി
വസ്വിയ്യത്ത് ചെയ്യുന്നത് നിഷിദ്ധമാണ്.

ത്വാലിബെ ദുആ
LATE P.V.SAINAB AND FAMILY
KARULAI, MALAPPURAM

• ഹദീഥുന്നബ്വിﷺ •

"ലാ തഉദ് ഫീ സ്വദഖത്തിക്ക."
നല്കിയ ധനം തിരിച്ചു വാങ്ങരുത്.

ത്വാലിബെ ദുആ
PROF.M.K.ABDUL KAREEM AND FAMILY
KARULAI, MALAPPURAM

*പേജ് 333, മക്തബ ഇസ്‌ലാമിയ്യ) (സ്വഹീഹുൽബുഖാരി കിതാബുൽ മഗാസി ബാബ് ഗസ്‌വ ഖയ്ബർ, ഹദീഥ് 4234)*

ഏതായിരുന്നാലും ഈ വിവരിക്കപ്പെട്ട എല്ലാകാര്യങ്ങളിലും വൈരുദ്ധ്യങ്ങളുളളതുകൊണ്ട് ഇത്തരം എല്ലാ നിവേദനങ്ങളും അതായത് ഏതെങ്കിലും ഖജനാവ് കിട്ടുന്നതിനുവേണ്ടി ശാരീരികമായ ശിക്ഷ നൽകി എന്ന് പറയുന്നത് തികച്ചും സംശയാസ്പദമായ കാര്യമാണ്. വാസ്തവത്തിൽ ഈ നിവേദനം തന്നെ ശരിയല്ല. സുപ്രസിദ്ധ നബിചരിത്രകാരനായ അല്ലാമാ ശിബ്‌ലി നുഅ്മാനി എഴുതുന്നു: "ഖയ്ബറിന്റെ സംഭവങ്ങളിൽ നബി ചരിത്രകാരന്മാർ ഒരു തെറ്റായ നിവേദനം പകർത്തിയിട്ടുണ്ട്. അത് ഭൂരിഭാഗം ഗ്രന്ഥങ്ങളിലും പകർത്തിയെഴുതുകയും അങ്ങനെ സ്ഥായിയായി മാറുകയും ചെയ്തിട്ടുള്ളതാണ്.' അതായത് അംഗീകൃതമാകുകയും നിവേദനങ്ങളിൽ ഉൾപ്പെടുകയും ചെയ്തുപോയിരിക്കുന്നു. നബിﷺതിരുമേനി യഹൂദികൾക്ക് അവരൊരു കാര്യവും സാധനങ്ങളും മറച്ചുവെക്കുകയില്ലെന്ന നിബന്ധനയിൽ സമാധാന സംരക്ഷണം നൽകിയിട്ടുണ്ടായിരുന്നു. എന്നാൽ, കിനാന ബിൻ റബീയ്, ഖജനാവ് എവിടെയാണെന്ന് പറയാത്തത് കണ്ടപ്പോൾ നബിﷺതിരുമേനി സുബയ്റിനോട് അയാളെ സമ്മർദ്ദത്തിലാക്കി, ഖജനാവിനെ സംബന്ധിച്ച് മനസ്സിലാക്കുന്നതിന് പറയുകയുണ്ടായത്രേ! അയാൾക്ക് ശിക്ഷ നൽകാൻ സുബയ്ർ തീക്കല്ലെടുത്ത് അയാളുടെ നെഞ്ചിൽ വടു ഉണ്ടാക്കുകയും അങ്ങനെ അയാളുടെ ജീവൻ നഷ്ടപ്പെടാനിടയാകുകയും ചെയ്തു. അവസാനം നബിﷺതിരുമേനി കിനാനയെ കൊല്ലിക്കുകയും എല്ലാ യഹൂദികളെയും അടിമകളാക്കുകയും ചെയ്തുവത്രേ! ഈ നിവേദനത്തിൽ കിനാനയെ കൊന്നുവെന്ന് പറയുന്നതുമാത്രം ശരിയാണ്. എന്നാൽ, അതിന്റെ കാരണം ഖജനാവ് എവിടെയാണെന്ന് പറയുന്നതിൽ വിസമ്മതിച്ചതായിരുന്നില്ല. മറിച്ച് കിനാന, മഹ്മൂദ് ബിൻ മസ്‌ലമയെ വധിച്ചിരുന്നു. ത്വബരിയിൽ ഇതിന് വ്യക്തത വരുന്നുണ്ട്. അതായത് നബിﷺതിരുമേനി, കിനാനയെ ഹദ്റത്ത് മുഹമ്മദ് ബിൻ മസ്‌ലമയുടെ കൈകളിൽ ഏൽപ്പിച്ചു. അദ്ദേഹം തന്റെ സഹോദരൻ മഹ്മൂദ് ബിൻ മസ്‌ലമയെ വധിച്ചതിന് പ്രതികാരമായി അയാളെ വധിച്ചു. മറ്റു നിവേദനങ്ങളുടെ കാര്യമെടുത്തു നോക്കുകയാണെങ്കിൽ ത്വബരിയും ഇബ്നു ഹിശാമും ഇബ്നു ഇസ്ഹാഖിൽ നിന്നാണ് ഈ നിവേദനം എടുത്തിട്ടുള്ളത്. എന്നാൽ, ഇബ്നു ഇസ്ഹാഖ് തുടക്കത്തിലുള്ള നിവേദകന്റെ പേര് പറയുന്നില്ല. ഹദീഥ് പണ്ഡിതന്മാർ ഇബ്നു ഇസ്ഹാഖ് യഹൂദികളിൽനിന്ന് നബിﷺതിരുമേനിയുടെ യുദ്ധങ്ങളെ സംബന്ധിച്ച് ഒരുപാട് നിവേദനങ്ങളെടുത്തിട്ടുണ്ടെന്ന് നിവേദകരെ സംബന്ധിച്ച ഗ്രന്ഥങ്ങളിൽ പറയുന്നുണ്ട്. ഈ നിവേദനവും അത്തരത്തിലുള്ള ഒരു നിവേദനമാണെന്ന് കരുതപ്പെടേണ്ടിയിരിക്കുന്നു. യഹൂദികളൊരിക്കലും ശരിയായ കാര്യം പറഞ്ഞിരുന്നില്ല. ഈ കാരണം കൊണ്ടുതന്നെ ഇബ്നു ഇസ്ഹാഖ് ഈ നിവേദകന്മാരുടെ പേര് കൊടുക്കുന്നില്ല. ഏതെങ്കിലും ഒരു വ്യക്തിയെ ഖജനാവ് എവിടെയാണെന്ന് പറയുന്നില്ലെന്ന കാരണത്താൽ ഇത്രമാത്രം അയാളോടു ക്രൂരമായി പെരുമാറിയെന്നും അയാളുടെ നെഞ്ചിൽ തീക്കല്ലുകൊണ്ട് വകവരുത്തിയെന്നു പറയുന്നതും റഹ്മത്തുല്ലിൽ ആലമീന്റെ പ്രതാപത്തിന് എത്രയോ അകലെയാണ്. വിഷം കൊടുത്ത വ്യക്തിക്കുമേൽ ഒരു ആരോപണവും ഉന്നയിക്കാതെയും ശിക്ഷ കൊടുക്കാതെയും വെറുതെ വിട്ട മഹാത്മാവ് ഏതാനും നാണയത്തുട്ടിനുവേണ്ടി തീകൊണ്ട് ശിക്ഷിക്കാൻ കല്പിക്കുമോ? യഥാർഥത്തിൽ ഒരുതരത്തിലുള്ള വാഗ്ദാന ലംഘനവും നടത്തില്ലെന്നും വാസ്തവവിരുദ്ധമായ കാര്യങ്ങൾ പറയില്ലെന്നുമുള്ള നിബന്ധനയിലാണ് കിനാനയ്ക്ക് അഭയം നൽകിയത്. മറിച്ച് നിവേദനങ്ങളിൽ പറയുന്നു: അയാൾ ഇപ്പറഞ്ഞ നിബന്ധനയ്ക്ക് വിരുദ്ധമായി എന്തെങ്കിലും ചെയ്യുകയാണെങ്കിൽ താൻ വധാർഹനാണെന്ന് അംഗീകരിച്ചിട്ടുണ്ടായിരുന്നു. കിനാന ഉടമ്പടി ലംഘിച്ചു. അതോടെ അയാൾക്ക് നൽകപ്പെട്ട സംരക്ഷണം അവിടെ ഇല്ലാതാവുകയും ചെയ്തു. അയാൾ മഹ്മൂദ് ബിൻ മസ്‌ലമയെ വധിച്ചിട്ടുണ്ടായിരുന്നു. അയാൾ അതിന്റെ പ്രതികാരത്തിൽ കൊല ചെയ്യപ്പെടുകയും ചെയ്തു. ആദ്യം ഒരുപക്ഷേ, അയാൾക്ക് മാപ്പ് നൽകപ്പെടുമായിരുന്നു. പക്ഷേ, മറ്റൊരു കരാർ ലംഘനം കൂടി ഉണ്ടായപ്പോൾ അതുകാരണം അയാൾക്ക് ശിക്ഷ ലഭിക്കുകയാണ് ചെയ്തത്." *(സീറത്തുന്നബിﷺ, ശിബ്‌ലി നുഅ്മാനി, വാല്യം 1, പേജ് 284-285, മക്തബ ഇസ്‌ലാമിയ്യ)*

ഇക്കാലഘട്ടത്തിലെ അഹ്മദി ഗ്രന്ഥകാരനായ സയ്ദ് ബർക്കാത്ത് അഹ്മദ് സാഹിബ് തന്റെ ഗ്രന്ഥമായ "നബിﷺതിരുമേനിയും ഹിജാസിലെ യഹൂദികളും" എന്ന പുസ്തകത്തിൽ എഴുതുന്നു: 'ഇബ്നു ഇസ്ഹാഖ് ഒരു പ്രമാണവുമില്ലാതെ ഒരു സംഭവം വിവരിക്കുകയാണ്. ഇത് യഥാർഥ വസ്തുതയ്ക്ക് നിരക്കുന്നതല്ല.'

ഒന്ന് ശിക്ഷ അതും തീകൊണ്ടുള്ള ശിക്ഷ ഇസ്‌ലാമിക അധ്യാപനങ്ങൾക്കെതിരാകുന്നു. രണ്ട് ഖയ്ബറിൽനിന്ന് യുദ്ധ മുതലുകൾ കിട്ടിയതിൽ എവിടെയും ഖജനാവ് വിതരണം ചെയ്യപ്പെട്ടതായി പരാമർശം പോലും ലഭ്യമല്ല. മാത്രമല്ല ഈ ഖജനാവുകൾ ബയ്ത്തുൽമാലിൽ ചേർത്തതായും ഒരു നിവേദനവുമില്ല. ഇബ്നു ഇസ്ഹാഖ് മാത്രമല്ല, പ്രത്യുത മറ്റു പുരാതന സ്രോതസ്സുകളിലും ഖയ്ബറിലെ യുദ്ധ മുതലിൽ പണമോ സ്വർണമോ വെള്ളിയോ അതല്ലെങ്കിൽ അത്തരത്തിലുള്ള മറ്റു വിലപിടിച്ച സാധനങ്ങളോ ഉണ്ടായിരുന്നതായി പരാമർശമില്ല. എല്ലാ നിവേദനങ്ങളിലും വസ്ത്രങ്ങളും ആയുധങ്ങളും സംബന്ധിച്ച് പറയുന്നുണ്ട്. ഹദ്റത്ത് അബൂഹുറയ്റ<sup></sup>ഖയ്ബർ യുദ്ധത്തിൽ നബിﷺതിരുമേനിയോടൊപ്പം ഉണ്ടായിരുന്നു. അദ്ദേഹം പറയുന്നു: 'ഞങ്ങൾ ഖയ്ബർ ജയിച്ചടക്കി. എന്നാൽ, ഞങ്ങൾക്ക് യുദ്ധ മുതലിൽ സ്വർണവും വെള്ളിയും കിട്ടിയിട്ടില്ല.' *(റസൂലേക്റവുംﷺ യഹൂദി ഹിജാസും, മുത്തർറജിം പേജ് 162-163 മക്തബ ജാമിഅ ലിമിറ്റഡ് ന്യൂഡൽഹി)*

ചുരുക്കത്തിൽ കിനാന ബിൻ റബീയ് കൊല്ലപ്പെട്ടു. എന്നാൽ, അയാൾ കൊല്ലപ്പെട്ടതിന്റെ കാരണം മുസ്‌ലിം സൈനികനെ കൊന്നതായിരുന്നു. അതിന് പ്രതിക്രിയ എന്ന നിലയ്ക്കാണ് അയാൾ കൊല്ലപ്പെട്ടത്. ഇതാണ് വസ്തുത.

ഈ സംഭവങ്ങൾ ഇനിയും തുടരുന്നതാണ്. ഇനി ഈ സംഭവങ്ങളിൽ ഒരു യഹൂദി സ്ത്രീയെ സംബന്ധിച്ച പരാമർശമുണ്ട്. ആ സ്ത്രീ നബിﷺതിരുമേനിക്ക് വിഷം കൊടുക്കാൻ ശ്രമിച്ചിട്ടുണ്ടായിരുന്നു. ഗൂഢാലോചന നടത്തിയിരുന്നു. പക്ഷേ, അല്ലാഹു നബിﷺതിരുമേനിയെ സംരക്ഷിച്ചു. അതിന്റെ വിശദീകരണം കുറെ ദീർഘമാണ് ഇൻശാ അല്ലാഹ് അത് പിന്നീട് വിവരിക്കുന്നതാണ്.

ഈ സമയത്ത് ഞാനൊരു പരേതാത്മാവിനെ അനുസ്മരിക്കാൻ ആഗ്രഹിക്കുന്നു. അദ്ദേഹത്തിന്റെ ജനാസ ഗാഇബും നമസ്കരിക്കുന്നതാണ്.

മാസ്റ്റർ മൻസ്വൂർ അഹ്മദ് സാഹിബ് കാഹ്‌ലൂം ഇബ്നു ശരീഫ് അഹ്മദ് സാഹിബ് കാഹ്‌ലൂം. ഇദ്ദേഹം ഈയിടെയായി ഓസ്ട്രേലിയായിലായിരുന്നു. കഴിഞ്ഞദിവസം വഫാത്തായി. ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ. പരേതൻ ഹദ്റത്ത് മസീഹ് മൗഊദ്ؑന്റെ സ്വഹാബി സർദാർഖാൻ സാഹിബ്ؓഓഫ് ചഹൂറിന്റെ പൗത്രനാണ്. വിദ്യാഭ്യാസം കരസ്ഥമാക്കിയത് റബ്‌വയിൽ നിന്നാണ്. ചെറുപ്പം മുതൽത്തന്നെ ദീനീ സേവനത്തിന് അവസരം ലഭിച്ചുകൊണ്ടിരുന്നു. സിന്ധിലെ ബശീറാബാദ് തഅ്‌ലീമുൽ ഇസ്‌ലാം ഹൈസ്കൂളിലാണ് ഔദ്യോഗികമായി ജോലി ആരംഭിച്ചത്. ഏകദേശം 34 വർഷം അധ്യാപന രംഗത്തുണ്ടായിരുന്നു. ബശീറാബാദിലും സേവനങ്ങൾക്ക് അവസരം ലഭിച്ചിട്ടുണ്ട്. ഖുദ്ദാമുൽ അഹ്മദിയ്യാ ഖാഇദും പിന്നെ ജമാഅത്ത് സ്വദ്റുമായിരുന്നു. ജൂബിലി ഫണ്ടിലും സേവനത്തിന് അവസരം ലഭിച്ചു.

ഹൈദരാബാദ് ജനറൽ സെക്രട്ടറി എന്ന നിലയ്ക്ക് 18 വർഷം സേവനം ചെയ്തു. പിന്നെ 13 വർഷം ഹൈദരാബാദ് ജില്ലാ/ലോക്കൽ അമീറായും സേവനം ചെയ്തിട്ടുണ്ട്. തന്റെ ജോലിയിൽ

ശേഷം പേജ് 14 ൽ

• ഹദീഥുന്നബ്‌വിﷺ •

"സ്വൂമൂ തസ്വിഹ്ഹു'
നോമ്പനുഷ്ഠിക്കുക, ആരോഗ്യം നേടുക.

ത്വാലിബെ ദുആ
RAHMAN SHAKEER & FAMILY
AHMADIYYA JAMA-ATH KARULAI, KERALA

• ഹദീഥുന്നബ്‌വിﷺ •

"അൽ അയ്നു ഹഖ്ഖുൻ."
കണ്ണേറ് യാഥാർഥ്യമാണ്.

ത്വാലിബെ ദുആ
P. ABDUL AMEER
AHMADIYYA JAMA-ATH MANJERY, KERALA

# ഖുത്വ്ബ ജുമുഅ

**അല്ലാഹു ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്ؓ മുഖേന വൈജ്ഞാനികവും ദീനീപരവും സംഘടനാപരവുമായ കാര്യങ്ങൾ ചെയ്യിച്ചപ്പോൾ വലിയ വിദ്യാഭ്യാസമുള്ള ആളുകകൾപോലും അദ്ദേഹത്തിനു മുന്നിൽ ക്ലാസുമുറിയിലെ കുട്ടികളെപ്പോലെയായി മാറി. അദ്ദേഹത്തിന്റെ 52 വർഷക്കാല ഖിലാഫത്ത് അതിന്റെ സംസാരിക്കുന്ന തെളിവാണ്.**

**ഇന്ന് മുമ്പത്തേതിനെക്കാളുപരി മുസ്‌ലിം ലോകവും അറബ് ലോകവും ഇക്കാര്യം ശ്രദ്ധിക്കേണ്ടത് അനിവാര്യമാണ്. കേവലം മുദ്രാവാക്യങ്ങൾ മുഴക്കുന്നതുകൊണ്ടും മീറ്റിംങ്ങുകൾ നടത്തുന്നതുകൊണ്ടും കാര്യമില്ല. കർമപരമായ ചുവടുകൾ വെക്കേണ്ടതായിവരും.**

**"മുസ്‌ലിമീങ്ങൾ തങ്ങളുടെ തെറ്റിൽനിന്ന് പശ്ചാത്തപിച്ചുകൊണ്ട് അല്ലാഹുവിലേക്ക് തിരിയേണ്ടതാണ്. മുസ്‌ലിമീങ്ങൾ ഇപ്പോൾ അനുഭവിച്ചുകൊണ്ടിരിക്കുന്ന അവിചാരിത പ്രയാസങ്ങൾ അകലുന്നതിനുവേണ്ടി അവർ സ്വയം ഇസ്‌ലാമിനെ മനസ്സിലാക്കുകയും അതിന്റെ യാഥാർഥ്യത്തെക്കുറിച്ച് ബോധവാന്മാരാവുകയും മറ്റുള്ളവരെ ബോധ്യപ്പെടുത്തുകയും ചെയ്യേണ്ടതാണ്......മതത്തിനുവേണ്ടി അവർ പ്രചാരണം നടത്തിയില്ല. ദൈവിക കൽപ്പനകളനുസരിച്ച് അവർ ഈ അമൂല്യമായ അധ്യാപനത്തെ ലോകത്തിനു മുന്നിൽ സമർപ്പിച്ചില്ല. അതുകൊണ്ട് ജീവൻ നിലനിറുത്താനെങ്കിലും കുറച്ചു പരിശ്രമിക്കുക. എന്തുകൊണ്ടെന്നാൽ അവരുടെ ജീവിതവും ഇസ്‌ലാമിന്റെ പ്രചാരണവും പരസ്പരം പൂരകങ്ങളാകുന്നു."**

**വാണിജ്യപരവും വ്യവസായപരവും വിദ്യാഭ്യാസപരവുമായ രംഗത്ത് മുസ്‌ലിമീങ്ങളുടെ മുന്നേറ്റത്തിനുവേണ്ടി പ്രത്യേകമായ ശ്രദ്ധ ചെലുത്തേണ്ട ആവശ്യമുണ്ട്.**

**ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്ؓ മുസ്‌ലിമീങ്ങളെ ഉപദേശിച്ചു: 'അവർ തങ്ങളുടെ പരസ്പരമുള്ള ഭിന്നിപ്പ് ഒഴിവാക്കേണ്ടതും സാമുദായികമായ പ്രയോജനത്തിനു വേണ്ടി ഐക്യത്തോടെ വർത്തിക്കേണ്ടതുമാണ്. ഈ മാർഗം മാത്രമേ അന്യ സമുദായങ്ങളെ നേരിടുന്നതിനും തങ്ങളുടെ അവകാശങ്ങൾ നേടിയെടുക്കുന്നതിനും വിജയപ്രദമാവുകയുള്ളൂ.**

**തഫ്സീർ കബീർ ആദ്യം 10 വാല്യങ്ങളിലായിരുന്നു ഉണ്ടായിരുന്നത്. ഇപ്പോൾ അദ്ദേഹത്തിന്റെ നോട്ട്സുകൾക്കൂടി ഉൾപ്പെടുത്തി അത് വിപുലപ്പെടുത്തി 15 വാല്യങ്ങളിൽ ഇറക്കിയിട്ടുണ്ട്. വിഷയങ്ങൾ കുറെക്കൂടി വിശദമായി വിവരിച്ചിട്ടുണ്ട്. പിന്നെ വേറെയും സൂറത്തുകൾ അടങ്ങിയ നോട്ടുകൾ കിട്ടിയിട്ടുണ്ട്. അത് സംബന്ധമായി അവലോകനം നടത്തിക്കൊണ്ടിരിക്കുന്നു. അത് പ്രസിദ്ധീകരിക്കുകയാണെങ്കിൽ 20 വാല്യങ്ങളോളം വരും. അത് 3000 പേജുകളുണ്ട്.**

**ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്ؓന്റെ ഈ വിജ്ഞാനിക സാഹിത്യങ്ങൾ നമ്മൾ വായിക്കാനും ശ്രമിക്കേണ്ടതാണ്. അതിലെ ഒരുപാടു കാര്യങ്ങൾ ഇന്നത്തെ അവസ്ഥകളുമായും യോജിച്ചുവരുന്നുണ്ട്. തീർച്ചയായും നമുക്കതിൽനിന്ന് പ്രയോജനമെടുക്കാവുന്നതാണ്.**

**ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്ؓനെ കുറിച്ചുള്ള പ്രവചനത്തിന്റെ അടിസ്ഥാനത്തിൽ ആ ദിവ്യാത്മാവിന്റെ അത്ഭുതകരമായ വൈജ്ഞാനിക പ്രവർത്തനങ്ങളുടെ ഹ്രസ്വവും വിജ്ഞാനപ്രദവുമായ ചർച്ച.**

**ഖുത്ബ ജുമുഅ 2025 ഫെബ്രുവരി 21, 1404 തബ്‌ലീഗ് 21, മസ്ജിദ് മുബാറക്, ഇസ്‌ലാമാബാദ്, ടിൽഫോർഡ് (സർറെ)യു.കെ.**

ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്‌മദ്
ایدہ اللہ تعالیٰ بنصرہ العزیز

اَشْهَدُ اَنْ لَّآ اِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَاَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ
اَمَّا بَعْدُ فَاَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ ○ بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ ○
اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ ○ الرَّحْمٰنِ الرَّحِيْمِ ○ مٰلِكِ يَوْمِ الدِّيْنِ ○ اِيَّاكَ نَعْبُدُ وَاِيَّاكَ نَسْتَعِيْنُ ○
اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ ○ صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ ۙ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ ○

ഇന്നലെ ഫെബ്രുവരി 20 ആയിരുന്നു. ഈ ദിവസം ജമാഅത്തിൽ മുസ്‌ലിഹ് മൗഊദിനെ സംബന്ധിച്ച പ്രവചനത്തിന്റെ പേരിലാണ് അറിയപ്പെടുന്നത്. ഈ ദിവസം അതല്ലെങ്കിൽ അതുമായി ബന്ധപ്പെട്ട തൊട്ടടുത്ത ദിവസങ്ങളിൽ ജമാഅത്തുകളിൽ മുസ്‌ലിഹ് മൗഊദ് പ്രവചനത്തെപ്പറ്റി യോഗങ്ങളും സംഘടിപ്പിക്കാറുണ്ട്. ഇത് ഹദ്റത്ത് മസീഹ് മൗഊദ്ؑന്റെ സുദീർഘമായൊരു പ്രവചനമാണ്. അതിൽ ഒരു പുത്രന്റെ ജനനത്തെ കുറിച്ചും അദ്ദേഹത്തിന്റെ പ്രത്യേകതകളെ കുറിച്ചും വിവരിക്കുന്നു. 1886 ഫെബ്രുവരി 20-ന് അതൊരു വിളംബരമെന്ന നിലയ്ക്ക് പ്രസിദ്ധീകരിച്ചു. ഈ പ്രവചനത്തിൽ പ്രസ്തുത പുത്രന്റെ പ്രത്യേകതകളെ സംബന്ധിച്ചുള്ള വെളിപാടുവചനങ്ങൾ ഇപ്രകാരമായിരുന്നു: "അവൻ വലിയ ബുദ്ധിശാലിയും കാര്യജ്ഞനും സഹനശീലനും ആയിരിക്കും. ലൗകികവും ആത്മീയവുമായുള്ള വിദ്യകളാൽ അവൻ നിറയ്ക്കപ്പെടും." *(ആഇനയെ കമാലാത്തെ ഇസ്‌ലാം, റൂഹാനീ ഖസാഇൻ വാല്യം 5, പേജ് 647)*

അല്ലാഹു ഇതനുസരിച്ച് ഹദ്റത്ത് മസീഹ് മൗഊദിؑന് ഒരു പുത്രനെ പ്രദാനം ചെയ്തു. ആ പുത്രൻ ഈ സവിശേഷതകളുള്ള ആളായിരുന്നു. അദ്ദേഹത്തിന്റെ പേര് ഹദ്റത്ത് ബശീറുദ്ദീൻ മഹ്മൂദ് അഹ്‌മദ്ؓ എന്നായിരുന്നു. ഇദ്ദേഹത്തെ മുസ്‌ലിഹ് മൗഊദ് എന്നും വിളിക്കുന്നു. ജമാഅത്തിന്റെ ചരിത്രത്തെപറ്റി അറിയുന്ന ഏതൊരു കുട്ടിക്കും ഈ പ്രവചനത്തെക്കുറിച്ച് നല്ലപോലെ അറിയാവുന്നതാണ്. അത്ഫാലിലും, ഖുദ്ദാമിലും എല്ലായിടത്തും ഇതു സംബന്ധിച്ച് യോഗങ്ങൾ ചേരുന്നു.

ഈ പുത്രൻ ആത്മീയവും ഭൗതികവുമായ വിജ്ഞാനങ്ങളാൽ നിറയ്ക്കപ്പെടുന്നതാണെന്ന പ്രവചനത്തിലെ വാചകങ്ങൾ പോലെ അല്ലാഹു താൻതന്നെ അദ്ദേഹത്തിന്റെ ബുദ്ധിശക്തിയെ പ്രദീപ്തമാക്കുകയും വിജ്ഞാനങ്ങൾകൊണ്ട് നിറയ്ക്കുകയും ചെയ്തു. ഭൗതികമായി അദ്ദേഹം ഏറെക്കുറെ പ്രൈമറിവരെ മാത്രമേ പഠിച്ചിട്ടുള്ളൂ. എന്നല്ല

അതുപോലും ഇല്ലായിരുന്നു. സ്കൂളിൽ പോയിരുന്നെങ്കിലും പരീക്ഷകളിൽ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്﵁സ്വയം എഴുതിയതുപോലെ ഒരിക്കലും പാസായിരുന്നില്ല. ഭൗതിക വിഷയങ്ങളിലൊക്കെ വളരെ പിന്നിലായിരുന്നു. എന്നാൽ. അല്ലാഹു ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്﵁മുഖേന വൈജ്ഞാനികവും ദീനീപരവും സംഘടനാപരവുമായ കാര്യങ്ങൾ ചെയ്യിച്ചപ്പോൾ വലിയ വിദ്യാസമ്പന്നരായ ആളുകൾപോലും അദ്ദേഹത്തിനു മുന്നിൽ ക്ലാസുമുറിയിലെ കുട്ടികളെപ്പോലെയായി മാറി. അദ്ദേഹത്തിന്റെ 52 വർഷക്കാല ഖിലാഫത്ത് അതിന്റെ സംസാരിക്കുന്ന തെളിവാണ്.

അവിടന്ന്﵁ലോകത്തിലെ വിവിധ വിഷയങ്ങളിൽ നിരവധി പ്രഭാഷണങ്ങൾ നടത്തുകയും പ്രബന്ധങ്ങൾ രചിക്കുകയും ചെയ്തിട്ടുണ്ട്. അതിൽ മതപരവും ഖുർആനികവുമായ ജ്ഞാനങ്ങൾ അപരിമേയമാണ്. ആ മഹാത്മാവ് ഭൗതിക വിഷയങ്ങളെക്കുറിച്ചും ദേശീയവും അന്തർദേശീയവുമായ രാഷ്ട്രീയത്തെപ്പറ്റിയും പ്രഭാഷണങ്ങൾ നടത്തുകയും പ്രബന്ധങ്ങൾ അവതരിപ്പിക്കുകയും ചെയ്തു. ചരിത്രപരമായും അനിതര സാധാരണമായ നിലയിലുള്ള പ്രബന്ധങ്ങളെഴുതുകയും പ്രഭാഷണങ്ങൾ നടത്തുകയും ചെയ്തു. സാമ്പത്തിക വിഷയങ്ങളിൽ ലോകത്തിലെ വ്യത്യസ്ത സംവിധാനങ്ങളെക്കുറിച്ച്, സോഷ്യലിസം കമ്മ്യൂണിസം കാപ്പിറ്റലിസം എന്നിവയെപ്പറ്റിയെല്ലാം വിശകലനം നടത്തുകയുംഅതെല്ലാമുൾക്കൊണ്ട് ഒരു പ്രഭാഷണം നടത്തുകയും ചെയ്തു. പിന്നീട് അത് പുസ്തകരൂപത്തിലും പ്രസിദ്ധീകരിച്ചിട്ടുണ്ട്. അത് ജമാഅത്തിന്റെ സാഹിത്യങ്ങളിലുമുണ്ട്. എത്രമാത്രമെന്നാൽ സൈനിക വിഷയങ്ങളെക്കുറിച്ചും ശാസ്ത്രീയ വൈജ്ഞാനിക വിഷയങ്ങളെപ്പറ്റിയും അദ്ദേഹം നൽകിയ വിജ്ഞാനങ്ങൾ തീർച്ചയായും മനുഷ്യ മസ്തിഷ്കങ്ങളെ അത്ഭുതപ്പെടുത്തുന്നവയാണ്. നിരവധി പ്രഭാഷണങ്ങൾ ആ മഹാത്മാവ് അന്യരുടെ മുന്നിലാണ് നടത്തിയത്. അവർക്ക് അതിന്റെ ആഴത്തേയും അഭൗമികമായ വിജ്ഞാനത്തെയും സംബന്ധിച്ചു ശ്ലാഘിക്കാതിരിക്കാൻ കഴിഞ്ഞില്ല. ഈ പ്രഭാഷണങ്ങളും ഈ പ്രബന്ധങ്ങളും ആയിരക്കണക്കിന് പേജുകളുള്ളവയാണ്. ചെറിയ സമയത്തിനുള്ളിൽ അവ വിശദീകരിക്കാനോ പരിചയപ്പെടുത്താൻപോലുമോ കഴിയില്ല. ഉദാഹരണമായി ഞാനേതാനും കാര്യങ്ങൾ പറയാം. അത് പരിചയപ്പെടുത്തൽ മാത്രമാണ്.

"ഇസ്‌ലാമിലെ സാമ്പത്തിക വ്യവസ്ഥിതി, നവലോക ക്രമം, ഇസ്‌ലാമിൽ ഭിന്നിപ്പിന്റെ തുടക്കം തുടങ്ങിയ വിഷയങ്ങൾ ജമാഅത്തിൽ അധികമായി ചർച്ച ചെയ്യപ്പെടുന്നവയാണ്. അതിൽനിന്ന്തുർക്കിയുടെ അഭിവൃദ്ധിക്കായി ആ മഹാത്മാവ് ഇപ്രകാരമൊരു അഭിപ്രായവും നൽകി: "കേവലം സമ്മേളനങ്ങൾ കൊണ്ടും പ്രഭാഷണങ്ങൾ കൊണ്ടും പ്രവർത്തനമൊന്നും നടക്കുകയില്ല. അതല്ലെങ്കിൽ പൈസ സ്വരൂപിച്ച് വിളംബരങ്ങളും നോട്ടീസുകളും പ്രസിദ്ധീകരിച്ചതുകൊണ്ടും കാര്യമൊന്നുമില്ല. .......... പ്രത്യുത ഒരു കൃത്യമായ പരിശ്രമംകൊണ്ട് ലോകത്തിലെ എല്ലാ രാഷ്ട്രങ്ങളിലും ഇത് വൈജ്ഞാനിക കാലഘട്ടമാണെന്ന കാര്യം ബോധ്യപ്പെടുത്തണം. അവിടന്ന് പറയുന്നു, ഇത് വൈജ്ഞാനിക കാലഘട്ടമാകുന്നു. ജനങ്ങൾ ഓരോ കാര്യത്തിനും തെളിവ് അന്വേഷിക്കുന്നു. അതുകൊണ്ട് ഈ ദുഷ്കരമായ കാര്യം നിറവേറ്റുന്നതിന് കൃത്യമായ സംവിധാനമുണ്ടായിരിക്കേണ്ടതാണ്...... പ്രയോജനരഹിതമായ ഒരു കാര്യവും ബുദ്ധിയുള്ളവർ ചെയ്യുന്നതല്ല.' ഇതേകാര്യം തന്നെയാണ് ഇന്നും മുസ്‌ലിമീങ്ങൾക്ക് ചിന്തിക്കാനുള്ളത്, അന്ന് ഇത് തുർക്കി സർക്കാരിനെ സംബന്ധിച്ച് മാത്രമായിരുന്നു. ഇന്ന് മുമ്പത്തേതിനെക്കാളുപരി മുസ്‌ലിം ലോകവും അറബ് ലോകവും ഇക്കാര്യം ശ്രദ്ധിക്കേണ്ടത് അനിവാര്യമാണ്. കേവലം മുദ്രാവാക്യങ്ങൾ മുഴക്കുന്നതുകൊണ്ടും മീറ്റിംങ്ങുകൾ നടത്തുന്നതുകൊണ്ടും കാര്യമില്ല. കർമപരമായ ചുവടുകൾ വെക്കേണ്ടതായിവരും.

തുർക്കികൾക്കും അല്ലെങ്കിൽ ഇസ്‌ലാമിനുമെതിരിലുള്ള വിദ്വേഷത്തിന്റെയും പക്ഷപാതത്തിന്റെയും കാരണം വിവരിച്ചുകൊണ്ട് അദ്ദേഹം പറയുന്നു: "പൂർവ പിതാക്കളെക്കൊണ്ട് അവരുടെ ഹൃദയങ്ങളിൽ അതായത് ഇസ്‌ലാമിന്റെ ശത്രുക്കളുടെ ഹൃദയങ്ങളിൽ ഇസ്‌ലാമിനെ സംബന്ധിച്ച് ഒരുപാട് തെറ്റുധാരണകൾ കുടിയിരുന്നിട്ടുണ്ട്. അതുകൊണ്ടുതന്നെ അവർ ഇസ്‌ലാമിനെ ഒരു സാധാരണ മതമായി കണക്കാക്കുന്നില്ല. പ്രത്യുത അത് മനുഷ്യനെ മനുഷ്യത്വത്തിൽ നിന്നുമകറ്റി മൃഗങ്ങൾ അതും വന്യ ജീവികളാക്കുന്ന അധ്യാപനമാണെന്ന് അവർ കരുതുന്നു.......ഇസ്‌ലാമിനു പുറമെ മറ്റു മതങ്ങളെ അവർ ഭയപ്പെടുന്നില്ല. അതേ സമയം ഇതിനെ അവർ വെറുപ്പോടുകൂടിയാണ് കാണുന്നത്. അവർ ഇസ്‌ലാമിനെ ഭയപ്പെടുന്നു." അതായത് ഇസ്‌ലാംവിരുദ്ധരായ ആളുകൾക്ക് അതിന്റെ പുരോഗതി സംസ്കാരത്തിന്റേയും വിനയത്തിന്റേയും വഴിയിൽ തടസ്സമാണെന്ന് മാത്രമല്ല കരുതുന്നത് പ്രത്യുത മനുഷ്യത്വത്തിന് അത് അപകടകരമാണെന്ന് ഉറച്ചുവിശ്വസിക്കുകയും ചെയ്യുന്നു."

ഈയിടെയായി ഇതിൽ മുമ്പത്തെക്കാളേറെ സമ്മർദം ചെലുത്തിക്കൊണ്ടിരിക്കുകയും ചെയ്യുന്നു. എല്ലാ സ്ഥലത്തും എല്ലാ രാജ്യത്തുമുള്ള വലതുപക്ഷ കക്ഷികൾ അതല്ലെങ്കിൽ മറ്റാളുകൾ ഇസ്‌ലാമിനെതിരെ വലിയ യജ്ഞമാണ് നടത്തിക്കൊണ്ടിരിക്കുന്നത്. മുസ്‌ലിമീങ്ങൾക്കെതിരെ അവർ നീങ്ങുന്നു. ഈ അവസ്ഥയ്ക്ക് മാറ്റമുണ്ടാക്കുന്നതിനു അവിടന്ന് ഇങ്ങനെ മാർഗനിർദേശം നല്കി:

"മുസ്‌ലിമീങ്ങൾ തങ്ങളുടെ തെറ്റിൽനിന്ന് പശ്ചാത്തപിച്ചുകൊണ്ട് അല്ലാഹുവിലേക്ക് തിരിയേണ്ടതാണ്. മുസ്‌ലിമീങ്ങൾ ഇപ്പോൾ അനുഭവിച്ചുകൊണ്ടിരിക്കുന്ന അവിചാരിത പ്രയാസങ്ങൾ അകലുന്നതിനുവേണ്ടി അവർ സ്വയം ഇസ്‌ലാമിനെ മനസ്സിലാക്കുകയും അതിന്റെ യാഥാർഥ്യത്തെക്കുറിച്ച് ബോധവാന്മാരാവുകയും മറ്റുള്ളവരെ ബോധ്യപ്പെടുത്തുകയും ചെയ്യേണ്ടതാണ്......മതത്തിനുവേണ്ടി അവർ പ്രചാരണം നടത്തിയില്ല. ദൈവിക കൽപ്പനകളനുസരിച്ച് അവർ ഈ അമൂല്യമായ അധ്യാപനത്തെ ലോകത്തിനു മുന്നിൽ സമർപ്പിച്ചില്ല."കർമപരമായി ഇതല്ലെ ഉണ്ടായത്! അവർ ഇസ്‌ലാമിനെ എപ്പോഴാണ് സമർപ്പിച്ചിട്ടുള്ളത്? "അതുകൊണ്ട് ജീവൻ നിലനിറുത്തുന്നതിനെങ്കിലും കുറച്ചു പരിശ്രമിക്കുക. എന്തുകൊണ്ടെന്നാൽ അവരുടെ ജീവിതവും ഇസ്‌ലാമിന്റെ പ്രചാരണവും പരസ്പരം പൂരകങ്ങളാകുന്നു."*(തുർക്കി കാ മുസ്തഖബിൽ, അൻവാറുൽഉലൂം വാല്യം 4, പേജ് 16-18)*

അതിനാൽ ഈ തത്ത്വങ്ങൾ ഇന്നും മുസ്‌ലിമീങ്ങൾ സ്വായത്തമാക്കേണ്ടിയിരിക്കുന്നു. അല്ലെങ്കിൽ ഇസ്‌ലാം വിരുദ്ധശക്തികൾ മുസ്‌ലിം രാജ്യങ്ങളുടെ നാലുഭാഗത്തും ഞെരുക്കമുണ്ടാക്കിക്കൊണ്ടിരിക്കുന്നതാണ്. അതുതന്നെയാണ് ഇപ്പോൾ സംഭവിച്ചുകൊണ്ടിരിക്കുന്നതും.

ഓൾ പാർട്ടീസ് കോൺഫ്രൻസിന്റെ സമ്മേളനമുണ്ടായതാണ് മറ്റൊരു അവസരമുണ്ടാക്കിയത്. 'ഓൾ പാർട്ടീസ് കോൺഫ്രൻസിന്റെ പ്രോഗ്രാമിനെ കുറിച്ച് ഒരു വീക്ഷണം' എന്ന പേരിൽ അദ്ദേഹം മാർഗദർശനങ്ങൾ നൽകി. ഈ നോട്ടീസ് അദ്ദേഹം ഓൾ ഇന്ത്യ മുസ്‌ലിം പാർട്ടീസ് സമ്മേളനത്തിൽ അവതരിപ്പിക്കുന്നതിനുവേണ്ടി 1925 ജൂലൈ 13-നാണ് എഴുതിയത്. സമ്മേളന നടത്തിപ്പുകാർ അഹ്മദിയ്യ ജമാഅത്തിന്റെ ഇമാം നേരിട്ട് പങ്കെടുത്ത് തന്റെ അഭിപ്രായങ്ങൾ സമർപ്പിക്കണമെന്നാണ് ആഗ്രഹിച്ചത്. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്﵁ എഴുതി: 'എനിക്ക് അതിൽ പങ്കെടുക്കുവാൻ കഴിയുന്നതല്ല. പക്ഷേ, എന്റെ പ്രതിനിധി മുഖേന എന്റെ വീക്ഷണങ്ങൾ അവതരിപ്പിക്കുന്നതായിരിക്കും.' ഈ നോട്ടീസിൽ അദ്ദേഹം ഏറ്റവുമാദ്യം ഇസ്‌ലാമിന്റെ മതപരവും രാഷ്ട്രീയപരവുമായുള്ള നിർവചനം വിവരിച്ചു. പറയുന്നു: "ഇസ്‌ലാമിന് മതപരമായൊരു നിർവചനമുണ്ട്. ഇത് നിർവചിക്കാൻ എല്ലാവർക്കും അധികാരമുണ്ട്. രണ്ടാമത്തേത് ഇസ്‌ലാമിന്റെ രാഷ്ട്രീയപരമായ നിർവചനമാണ്. രാഷ്ട്രീയപരമായി ആരാണ് മുസ്‌ലിമീങ്ങൾ? ഇതിനുള്ള മറുപടി രാഷട്രീയപരമായി മുസ്‌ലിമീങ്ങളുമായി ഇടപഴുകിക്കൊണ്ടിരിക്കുന്ന ഹിന്ദുക്കൾക്കും ക്രിസ്ത്യാനികൾക്കും സിക്കുകാർക്കും മാത്രമെ നൽകാൻ കഴിയുകയുള്ളൂ. കാരണം ഏതെങ്കിലും ഒരു സംഘടനയുടെ അനുയായി സ്വയം മുസ്‌ലിം എന്നു പറയുമ്പോൾ അല്ലെങ്കിൽ മനസ്സിലാക്കുമ്പോൾ അയാളെ മറ്റു വിഭാഗത്തിലെ ആളുകൾ മുസ്‌ലിമെന്ന് മനസ്സിലാക്കുന്നില്ലെങ്കിൽപ്പോലും രാഷ്ട്രീയപരമായി ഇടപഴകുമ്പോൾ ഹിന്ദുക്കളും സിക്കുകാരും അയാളോടു ഒരേ രീതിലാണ് പെരുമാറുക. അഥവാ ഒരു വിഭാഗത്തിന്നെതിരിൽ വർത്തിക്കുന്നതുപോലെ തന്നെയാണ് മറ്റുള്ളവരോടും പെരുമാറുക. എല്ലാവരോടും മുസ്‌ലിമീങ്ങളെന്ന രീതിയിലാണ് വർത്തിക്കുക. രാഷ്ട്രീയപരമായി അവരുടെ നേട്ടങ്ങളെല്ലാം ഒന്നുതന്നെയാണ്. മുസ്‌ലിമീങ്ങൾ ഇക്കാര്യം മനസ്സിലാക്കുന്നില്ല. അപ്പോൾ മറ്റുള്ളവർ ഓരോരുത്തരായി ഇവരെ തിന്നു കൊണ്ടിരിക്കുന്നു. മുസ്‌ലിമീങ്ങൾക്ക് ഇതുസംബന്ധമായി ബോധമുണ്ടാകുന്നില്ല. ഇനി ബോധമുണ്ടാകുന്ന നേരത്താണെങ്കിൽ അതുകൊണ്ട് പ്രയോജനവുമുണ്ടാകുന്നതല്ല. അതിനാൽ ആ മഹാത്മാവ് എല്ലാ മുസ്‌ലിം സമുദായങ്ങൾക്കും മുന്നിൽ വിലപ്പെട്ട മാർഗനിർദ്ദേശങ്ങൾ അവതരിപ്പിച്ചു; രാഷ്ട്രീയ പ്രശ്നങ്ങളിൽ മുസ്‌ലിമീങ്ങൾ പൂർണമായും ഐക്യവും ബന്ധവും പ്രകടിപ്പിക്കേണ്ടതാണ്. കാരണം രാഷ്ട്രീയപരമായി നിങ്ങളേതെങ്കിലും ഒരു വിഭാഗത്തെ മാറ്റിനിറുത്തുകയാണെങ്കിൽ അവർ പിന്നെ എങ്ങനെയാണ് മറ്റുള്ളവരിലേക്ക് തിരിയാതിരിക്കുക?

അതിനുശേഷം ഇസ്‌ലാമിന്റെ പുരോഗതിക്കും പ്രചാരണത്തിനും അതിന്റെ രാഷ്ട്രീയപരമായ സ്ഥിരതയ്ക്കും വേണ്ടി ചില അഭിപ്രായങ്ങൾ സമർപ്പിച്ചു. അദ്ദേഹം പറയുന്നു: ഇസ്‌ലാമിന്റെ പ്രബലതയ്ക്കുവേണ്ടി ഏറ്റവും അനിവാര്യമായ കാ

ര്യമെന്തെന്നാൽ ഇന്ത്യയിലുടനീളം ഇസ്‌ലാമിനെ പ്രചരിപ്പിക്കുന്നതിന് തബ്‌ലീഗ് അഥവാ പ്രബോധന സംവിധാനമുണ്ടാക്കേണ്ടതാണ്. പ്രബോധനപരമായ സംഘങ്ങളുടെ പരസ്പരം ഐക്യത്തിനുള്ള മാർഗങ്ങൾ കണ്ടെത്തേണ്ടതാണ്. കാരണം തബ്‌ലീഗ് അഥവാ പ്രചാരണം ഇസ്‌ലാമിന്റെ ജീവനാണ്. അതിനുവേണ്ടി സമ്പൂർണ്ണമായ ഒരു സംവിധാനം തയ്യാറാക്കേണ്ടത് അനിവാര്യമാകുന്നു. ഇപ്പോൾ അതിന്റെ കർമ്മപരമായ വൃത്തം ലോകം മുഴുവനും എത്തിയിരിക്കുന്നു. കൂടാതെ വാണിജ്യപരവും വ്യവസായപരവും വിദ്യാഭ്യാസപരവുമായ രംഗത്ത് മുസ്‌ലിമീങ്ങളുടെ മുന്നേറ്റത്തിനുവേണ്ടി പ്രത്യേകമായ ശ്രദ്ധ ചെലുത്തേണ്ട ആവശ്യമുണ്ട്. ഓരോ വകുപ്പിനും ഒരു ലക്ഷ്യമുണ്ടായിരിക്കണം. വർഷാവസാനത്തിൽ ഈ ലക്ഷ്യം എത്രമാത്രം പൂർത്തിയായെന്ന് വിലയിരുത്തേണ്ടതാണ്. ഇപ്പോളിത് വലിയ വലിയ രാഷ്ട്രങ്ങളുടെ ഉത്തരവാദിത്വമാണ്, ഇസ്‌ലാമിന്റേതല്ല. മാത്രമല്ല ഈ സമയത്ത് എത്രയും വേഗം ഒരു കമ്മിറ്റിയും സ്ഥാപിക്കേണ്ടതുണ്ട്. അത് മുസ്‌ലിമീങ്ങൾ മറ്റു സമൂഹങ്ങളുടെ സ്വാധീനത്തിൽനിന്ന് എങ്ങനെ സ്വതന്ത്രരാകാമെന്നതിനെ സംബന്ധിച്ചും ഏതേതെല്ലാം ജീവിത ഘടകങ്ങളിലാണ് മുസ്‌ലിമീങ്ങളായ വിദഗ്ദ്ധന്മാരുടെ കുറവുള്ളതെന്നും കണ്ടെത്തേണ്ടതാണ്. പിന്നീട് ഈ കമ്മിറ്റി അത് പൂർത്തിയാക്കുന്നതിന് ശ്രമിക്കുകയും വേണം. അതുപോലെ അദ്ദേഹം ഇസ്‌ലാമിക ബാങ്കിന്റെ സ്ഥാപനം അനിവാര്യമാണെന്ന് കാര്യത്തിലേക്ക് ശ്രദ്ധ തിരിച്ചുകൊണ്ടു പറയുന്നു: പലിശരഹിതമായ അവസ്ഥയിൽ സാധ്യമാണെങ്കിൽ അത് ചെയ്യേണ്ടതാണ്. അങ്ങനെയാണെങ്കിൽ ഞങ്ങളുടെ ജമാഅത്ത് അതിൽ ഭാഗഭാക്കാകാൻ തയ്യാറാണ്. അദ്ദേഹം ബയ്ത്തുൽമാലും മുസ്‌ലിം ചേംബർ ഓഫ് കോമേഴ്സും സ്ഥാപിക്കുന്നതിനും ഉപദേശം നൽകി. മാത്രമല്ല ക്രിമിനൽ കേസുകളൊഴികെ മുസ്‌ലിമീങ്ങളുടെ മറ്റെല്ലാ വഴക്കുകളും കോടതികളിൽ കൊണ്ടുപോകുന്നതിനു പകരം പരസ്പരം കൂടിയാലോചിച്ച് തീർപ്പാക്കുന്ന പഞ്ചായത്ത് സംവിധാനം വാർത്തെടുക്കേണ്ടതും അനിവാര്യമാണ്.

അവിടന്ന് പറയുന്നു: അമുസ്‌ലിം സർക്കാറുകളുള്ള സ്ഥലങ്ങളിൽ സമാധാനത്തിനുവേണ്ടി ഏറ്റവും അനിവാര്യമായ സംഗതി, പരസ്പരം മതപരമായ കാര്യങ്ങളിൽ ഇടപെടാതിരിക്കുക എന്നതാണ്. ഉയർന്ന ആത്മവിശ്വാസത്തോടുകൂടി മറ്റുള്ളവരെ അവരുടെ വിശ്വാസമനുസരിച്ച് പ്രവർത്തിക്കാൻ അനുവദിക്കണം. സ്വയം തങ്ങളുടെ വിശ്വാസമനുസരിച്ച് പ്രവർത്തിക്കുകയും വേണം. ആ മഹാത്മാവ് കച്ചവടത്തെയും വ്യവസായത്തെയും കുറിച്ച് പറയുന്നു: കച്ചവടം എന്ന വിഷയത്തിൽ മുസ്‌ലിമീങ്ങൾ ഏറ്റവുമധികം അശ്രദ്ധരാണ്. കച്ചവട സംബന്ധമായി ഹിന്ദുക്കളുടെ അടിമകളായി മാറിയിരിക്കുന്നു. ഇത് അക്കാലഘട്ടത്തിലെ കാര്യമാണ്. ഇപ്പോൾ നമുക്കിടയിൽ ലോകത്തിലെ വലിയ വലിയ ധനാഢ്യന്മാരുണ്ട്. അവർ കച്ചവടം ചെയ്യുന്നവരുമാണ്. പക്ഷേ, അവർ വിവിധ മതക്കാരായ ക്രിസ്ത്യാനികളോ യഹൂദികളോ ആരുമായിക്കൊള്ളട്ടെ അവരുടെ അടിമകളായി തീർന്നിരിക്കുന്നു. ഞാൻ പറഞ്ഞുവന്നതുപോലെ ഈ സമയത്തും ഇതുതന്നെയാണ് കാണാൻ കഴിയുന്നത്. ഇപ്പോൾ ഇക്കാര്യത്തിൽ അവർ ലോകത്തിലെ ഭരണകൂടങ്ങളുടെയും കച്ചവടക്കാരുടെയും അടിമകളായി മാറിയിരിക്കുന്നു. അതിനാൽ മുസ്‌ലിം ഭരണകൂടങ്ങൾ ഇക്കാര്യം ശ്രദ്ധിക്കേണ്ടതാണ്.

കച്ചവടത്തിലും വ്യവസായത്തിലും മുസ്‌ലിമീങ്ങളുടെ പുരോഗതിക്കുവേണ്ടി പ്രത്യേകമായി ശ്രദ്ധ ചെലുത്തേണ്ടത് അനിവാര്യമാണ്.

അവസാനം ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്ﷺ, മുസ്‌ലിമീങ്ങൾ പരസ്പരമുള്ള വഴക്കുകൾ അവസാനിപ്പിക്കേണ്ടുന്നതിലേക്കും ഐക്യവും അഖണ്ഡതയും അനിവാര്യമാണെന്നതിലേക്കും ശ്രദ്ധ ചെലുത്തിക്കൊണ്ടു പറയുന്നു: 'ഒരിക്കൽകൂടി ഇക്കാര്യത്തിലേക്ക് ശ്രദ്ധ ക്ഷണിച്ചുകൊണ്ട് ഞാനെന്റെ ഈ പ്രബന്ധം അവസാനിപ്പിക്കാം; ഞാൻ ഈ പറയുന്ന കാര്യം ശ്രദ്ധിക്കുന്നില്ലെങ്കിൽ എല്ലാ അധ്വാനങ്ങളും എല്ലാ ആസൂത്രണങ്ങളും പാഴായിപ്പോകുന്നതാണ്. നമ്മൾ പരസ്പരം കാഫിർ എന്ന് പറയുമ്പോഴും മറ്റുള്ളവരുടെ മുമ്പിൽ നമ്മൾ മുസ്‌ലിമീങ്ങളാണ്. ഒരു ഭാഗത്തുണ്ടാകുന്ന നഷ്ടം മറ്റുള്ളവരുടെയും നഷ്ടമാണ്. അതുകൊണ്ട് രാഷ്ട്രീയ രംഗത്ത് നമ്മുടെ മതപരമായ ഫത്‌വകൾ അവഗണിക്കേണ്ടതാണ്.

കാരണം അത് അവരുടെ പ്രവർത്തന മണ്ഡലത്തിൽനിന്ന് അവരെ പുറത്താക്കുന്നു. ഇസ്‌ലാമൊരിക്കലുംതന്നെ നിങ്ങളുടെ രാഷ്ട്രീയപരമായ ആവശ്യങ്ങൾക്കുവേണ്ടി, നിങ്ങളെ മുസ്‌ലിമീങ്ങളെന്ന് മനസ്സിലാക്കാത്തവരുമായി ചേർന്ന് പ്രവർത്തിക്കരുതെന്ന് പറയുന്നില്ല. നബിﷺതിരുമേനി മുശ്‌രിക്കീങ്ങളെ എതിർക്കുന്നതിനുവേണ്ടി യഹൂദികളുമായി സന്ധിചെയ്യാൻ തയ്യാറായിട്ടുണ്ടെങ്കിൽ മുസ്‌ലിമീങ്ങൾ എന്ന് പറയപ്പെടുന്ന വിഭാഗങ്ങൾ ഇസ്‌ലാമിന്റെ രാഷ്ട്രീയപരമായ നേട്ടത്തിനുവേണ്ടി എന്നല്ല രാഷ്ട്രീയപരമായ സംരക്ഷണത്തിനു വേണ്ടി പരസ്പരം സഹകരിച്ച് പ്രവർത്തിക്കേണ്ടതല്ലേ? നമ്മൾ ഈ സമയത്ത് ഐക്യമുണ്ടാക്കുന്നില്ലെങ്കിൽ തീർച്ചയായും നമ്മുടെ ഭിന്നതകൾ ഇസ്‌ലാമിന് എതിരാണെന്ന് തെളിയിക്കുന്നതാണ്. അതല്ലെങ്കിൽ നമ്മുടെ സ്വാർഥ താൽപര്യങ്ങൾക്ക് മാത്രമാണെന്ന് പറയപ്പെടും. അല്ലാഹു നമ്മെ ഈ ദുർഗതിയിൽനിന്ന് സംരക്ഷിക്കുമാറാകട്ടെ. *(ഓൾ മുസ്‌ലിം പാർട്ടീസ് കോൺഫ്രൻസ് കെ പ്രോഗ്രാം പർ ഏക് നള്ർ, അൻവാറുൽഉലൂം വാല്യം 9, പേജ് 8-10)*

പാക്കിസ്താനിലും മറ്റു ചില മുസ്‌ലിം രാഷ്ട്രങ്ങളിലും പൊതുവായ നിലയിൽ ഈ ഒരു അവസ്ഥ തന്നെയാണുള്ളത്. പ്രത്യേകിച്ചും അഹ്മദികൾക്കെതിരിൽ അവർ കാഫിരീങ്ങളാകുന്നു എന്ന ചിന്താഗതിയാണുള്ളത്. മാത്രമല്ല ഓരോ വിഭാഗവും മറ്റൊരു വിഭാഗത്തെ കാഫിർ എന്ന് പറയുന്നുണ്ട്. അമുസ്‌ലിം ലോകത്ത് ഇക്കാരണം കൊണ്ടുതന്നെ തെറ്റായ പ്രതികരണം ഉണ്ടായിക്കൊണ്ടിരിക്കുന്നു. അവർ മുസ്‌ലീങ്ങൾക്ക് നഷ്ടം വരുത്തുന്നു. അതുകൊണ്ട് മുസ്‌ലിം സർക്കാരുകളും മുസ്‌ലിമീങ്ങളും ഈ സംഗതി മനസ്സിലാക്കേണ്ട ആവശ്യമുണ്ട്.

ഇന്ത്യയുംപാക്കിസ്താനും ഒന്നായിരുന്നപ്പോൾ ഒരു വട്ടമേശ സമ്മേളനം നടന്നിരുന്നു; മുസ്‌ലിമീങ്ങളുടെ പ്രാതിനിധ്യം സംബന്ധിച്ച പ്രശ്നം ഉയർന്നുവന്നു. ബ്രിട്ടീഷ് സർക്കാർ ഇന്ത്യക്ക് സ്വാതന്ത്ര്യം നൽകുന്നതിനെ പറ്റി അവലോകനം ചെയ്യുന്നതിനുവേണ്ടി ഒരു കമ്മീഷനെ നിയമിച്ചു. അവർ ഓരോ പത്തുകൊല്ലം കൂടുമ്പോഴും, എത്രമാത്രം ഇവർക്ക് അധികാരങ്ങൾ നൽകണമെന്നത് സംബന്ധിച്ചും സ്വന്തം സർക്കാരുണ്ടാക്കാൻ അനുമതി നൽകണമെന്നത് സംബന്ധിച്ചും അവലോകനം നടത്തിക്കൊണ്ടിരുന്നു. അതിന്റെ ആദ്യത്തെ പ്രസിഡന്റ് ഒരു ഇംഗ്ലീഷുകാരനായ ബാരിസ്റ്റർ സർ ജോൺ സൈമൺ ആയിരുന്നു. *(മുസൽമാനാനെ ഹിന്ദ് കെ ഇംതിഹാൻ കാ വഖ്ത്, അൻവാറുൽ ഉലൂം വാല്യം 10, പേജ് 2-3)*

ഏതായാലും ഈ കമ്മീഷനേയും അവരുടെ തീരുമാനങ്ങളേയും സംബന്ധിച്ച് പല സന്ദർഭങ്ങളിൽ ചർച്ച ചെയ്യപ്പെട്ടുകൊണ്ടിരുന്നു. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ് ﷺ വ്യത്യസ്ത സന്ദർഭങ്ങളിൽ മാർഗദർശനങ്ങൾ നല്കിക്കൊണ്ട് തന്റെ വിശദമായ ആശയങ്ങളും സമർപ്പിക്കുകയും മുസ്‌ലിമീങ്ങൾക്ക് മാർദർശനങ്ങൾ നൽകുകയും ചെയ്തു. ഇതു സംബന്ധമായി ഒരു വട്ടമേശ സമ്മേളനം നടന്നിരുന്നു. അതിന്റെ വിശദാംശങ്ങൾ നമ്മുടെ ചരിത്രങ്ങളിൽ ഹദ്റത്ത് മുസ്‌ലിഹ് മൗഊദിനെﷺസംബന്ധിച്ചുള്ള പരാമർശങ്ങളിൽ കാണാവുന്നതാണ്. സർക്കാർ നിയമിച്ച കമ്മീഷന്റെ റിപ്പോർട്ട് ഇന്ത്യക്കാരുടെ പ്രതീക്ഷകളെ പൂർണമായ രീതിയിൽ ഉൾക്കൊള്ളുന്നതായിരുന്നില്ല. അതുകൊണ്ട് അവർ അത് സ്വീകരിച്ചില്ല. ഈ അവസ്ഥയിൽ സർക്കാർ വട്ടമേശ സമ്മേളനം സംഘടിപ്പിക്കുന്നുവെന്ന് വിളംബരപ്പെടുത്തി. അതിന്റെ വിശദാംശങ്ങൾ ഇപ്രകാരമാണ്: 'ബ്രിട്ടനിലെയും ഇന്ത്യയിലെയും പ്രതിനിധികൾ ഒരു സ്ഥലത്ത് ഒരുമിച്ചുകൂടി ഇന്ത്യയുടെ രാഷ്ട്രീയ പുരോഗതികളെ സംബന്ധിച്ച് കൂലങ്കഷമായി ചിന്തിക്കുന്നതായിരിക്കും. പ്രസ്തുത സന്ദർഭത്തിൽ അദ്ദേഹം മുസ്‌ലിമീങ്ങളുടെ മാർഗദർശനത്തിനുവേണ്ടി വളരെ വേഗം ഒരു പ്രബന്ധം തയ്യാറാക്കി. അവരെ ഉപദേശിച്ചു കൊണ്ടു പറഞ്ഞു: അവർ തങ്ങളുടെ പരസ്പരമുള്ള ഭിന്നിപ്പ് ഒഴിവാക്കേണ്ടതും സാമുദായികമായ പ്രയോജനത്തിനു വേണ്ടി ഐക്യത്തോടെ വർത്തിക്കേണ്ടതുമാണ്. ഈ മാർഗം മാത്രമേ അന്യ സമുദായങ്ങളെ നേരിടുന്നതിനും തങ്ങളുടെ അവകാശങ്ങൾ നേടിയെടുക്കുന്നതിനും വിജയപ്രദമാവുകയുള്ളൂ.

കോൺഫ്രൻസിൽ യഥാവിധി തങ്ങളുടെ പ്രാതിനിധ്യം വഹിക്കാൻ കഴിവുള്ള പ്രതിനിധിയെ അയക്കേണ്ടതാണ്. ഹുദൂർ ആ സന്ദർഭത്തിൽ സർക്കാരിനു മുന്നിലും അഭിപ്രായങ്ങൾ സമർപ്പിച്ചു. കോൺഫ്രൻസിന്റെ തീരുമാനങ്ങൾ ജനങ്ങൾ സന്തോഷപൂർവ്വം സ്വീകരിക്കാൻ രാഷ്ട്രീയ പാർട്ടികളുടെ അഭിപ്രായമനുസരിച്ച് അവർ പ്രതിനിധികളെ തിരഞ്ഞെടുക്കേണ്ടതാണ്.

മുസ്‌ലിമീങ്ങളുടെ അവകാശ സംരക്ഷണത്തെക്കുറിച്ച് അദ്ദേഹം പറയുന്നു: എന്റെ വീക്ഷണത്തിൽ ഓൾ മുസ്‌ലിം പാർട്ടി കോൺഫ്രൻസ് കർമ്മ നിരതമാകാനുള്ള ഒരു അവസരം മുന്നിൽ വന്നിരിക്കുകയാണ്. മുസ്‌ലിമീങ്ങളുടെ ആവശ്യങ്ങൾ ഇന്നതൊക്കെയാണെന്ന് പറഞ്ഞു കേവലം ഒരു നോട്ടീസ് ഇറക്കിയതുകൊണ്ടായില്ല. വട്ടമേശ സമ്മേളനത്തിന് പോകുന്നവർ ഈ ആവശ്യങ്ങളെ പിൻപുറം തള്ളുന്നവരാണെങ്കിൽ ഓൾ മുസ്‌ലിം പാർട്ടീസ് കോൺഫ്രൻസിന്റെ തീരുമാനങ്ങൾക്ക് ഒരു വിലയും ഉണ്ടാകുകയില്ല. അതുകൊണ്ട് ഇതൊരു ഭാഗത്ത് സർക്കാരിനെ, (പ്രതിനിധിയെ)തെറ്റായ രീതിയിൽ തിരഞ്ഞെടുക്കുന്നതുകൊണ്ടുള്ള

മോശമായ പരിണിതിയെക്കുറിച്ച് ഉണർത്തുകയും മറുഭാഗത്ത് പൊതുജനത്തെ അതിന്റെ ഭവിഷ്യത്തുകളെ കുറിച്ച് ബോധവൽക്കരിക്കുകയും ചെയ്യുന്നതാകണം. മുസ്‌ലിമീങ്ങളുടെ പ്രതിനിധിയെ സംബന്ധിച്ചുള്ള തീരുമാനം മുസ്‌ലിമീങ്ങളുടെ പ്രധാന പാർട്ടികൾ മുഖേന ആയിരിക്കണമെന്ന കാര്യം തീരുമാനമാകുന്നതുവരെ സ്വസ്ഥമായിരിക്കാൻ പാടുള്ളതല്ല." *(ഗോൽമേസ് കോൺഫ്രൻസ് ഔർ മുസ്‌ൽമാനോം കി നുമാഇൻദഗി, അൻവാറുൽഉലൂം വാല്യം 11,പേജ് 13-14)* ഈ അഭിപ്രായം അക്കാലഘട്ടത്തിലെ അവസ്ഥകളനുസരിച്ച് നിരവധി സദസ്സുകളിൽ വളരെ ഗൗരവപൂർവ്വം ചർച്ചചെയ്യപ്പെട്ടു.

ഇനി ഇന്ത്യയുടെ അക്കാലഘട്ടത്തിലുള്ള രാഷ്ട്രീയപരമായ അവസ്ഥകളെ സംബന്ധിച്ചും അതിന്റെ പ്രതിവിധികളെക്കുറിച്ചും അദ്ദേഹം പ്രബന്ധങ്ങളെഴുതി. പ്രസ്തുത പ്രബന്ധത്തിൽ അദ്ദേഹം അന്നത്തെ അവസ്ഥകളും അതിന്റെ പ്രതിവിധികളും സമർപ്പിച്ചിട്ടുണ്ടായിരുന്നു. സൈമൺ കമ്മീഷൻ റിപ്പോർട്ട് പ്രസിദ്ധീകരിച്ച് കുറച്ചു കഴിഞ്ഞതിനുശേഷം പ്രസ്തുത റിപ്പോർട്ടിനെ കുറിച്ചും പരാമർശിച്ചിരുന്നു.

നേരത്തെ പറഞ്ഞു വന്നതുപോലെ ഇന്ത്യയിലെ രാഷ്ട്രീയപരമായ പുരോഗതിയുടെ വിവിധ വശങ്ങൾ ചർച്ച ചെയ്തുകൊണ്ട് ഭാവി പരിപാടികൾ തയ്യാറാക്കുന്നതിന് ബ്രിട്ടീഷ് സർക്കാർ ലണ്ടനിൽ വട്ടമേശ സമ്മേളനം നടത്താൻ തീരുമാനിച്ചു. സൈമൺ കമ്മീഷൻ മുസ്‌ലിമീങ്ങളുടെ അവകാശങ്ങളെ പൂർണമായും പരിഗണിച്ചിരുന്നില്ല. അതുകൊണ്ട് ഹുദൂറിന് അതിൽ ആശങ്കയുണ്ടായിരുന്നു. മേലിൽ മുസ്‌ലിമീങ്ങളുടെ അവകാശങ്ങൾ അവഗണിക്കപ്പെട്ടുകൂടാ എന്ന് അദ്ദേഹത്തിന് ആഗ്രഹമുണ്ടായിരുന്നു. അതുകൊണ്ട് അദ്ദേഹം ഈ സന്ദർഭത്തിൽ സൈമൺ കമ്മീഷൻ റിപ്പോർട്ടിനുമേൽ ഒരു നിരൂപണം നടത്തിക്കൊണ്ട് അതിന്റെ ന്യൂനതകൾ വ്യക്തമാക്കുകയും ഇന്ത്യയിലെ പ്രശ്നങ്ങൾക്കുള്ള പരിഹാര മാർഗങ്ങൾ സമർപ്പിക്കേണ്ടതും ഭാവിയിൽ എല്ലാ സമുദായങ്ങളും രഞ്ജിപ്പിലും സഹവർത്തിത്വത്തിലും സമാധാനപൂർണമായി ജീവിക്കേണ്ടതിന് അനിവാര്യമായ കാര്യങ്ങൾ അവതരിപ്പിക്കേണ്ടതും ഉചിതമാണെന്ന് അദ്ദേഹം മനസ്സിലാക്കി. അദ്ദേഹം പറയുന്നു: "രാജ്യത്തിലെ രാഷ്ട്രീയവുമായി രാപ്പകൽ ഈ പ്രവർത്തനങ്ങളിൽത്തന്നെ ഏർപ്പെടുന്ന ആളുകളെപ്പോലെ ഒരു മതത്തിന്റെ വക്താവ് എന്ന നിലയിൽ എനിക്ക് വലിയ ബന്ധമില്ലെന്നാണ് ഞാൻ കരുതുന്നത്. പക്ഷേ, രഞ്ജിപ്പും സഹവർത്തിത്വവും ഉണ്ടാക്കുന്നത് സംബന്ധിച്ച് എനിക്ക് കൂടുതൽ ഉത്തരവാദിത്വമുണ്ട്. മാത്രമല്ല ഈ ചൂടിൽനിന്ന് അകന്നിരിയ്ക്കുന്നതു കൊണ്ട് പാല കര്യങ്ങളിലും ഒരുപക്ഷേ, വളരെ വേഗത്തിൽ അവയുടെ ആഴങ്ങളിലേക്കെത്താൻ എനിക്ക് ഈ യുദ്ധത്തിൽ പരസ്പരം അല്ലെങ്കിൽ ഭാഗഭാക്കാകുന്നവരെക്കാളും വേഗത്തിലെത്താൻ കഴിയുമെന്ന് കരുതുന്നു. അതിനാൽ, ഈ നേരത്ത് വട്ടമേശ സമ്മേളനത്തിന്റെ വിളംബരം വന്നതുകൊണ്ട് ജനങ്ങളുടെ ശ്രദ്ധ മുഴുവനും ഇന്ത്യയുടെ പ്രശ്നപരിഹാരത്തിൽ മുഴുകിയിരിക്കുകയാണ്." അക്കാലഘട്ടത്തിൽ വലിയ അസ്വസ്ഥതകളായിരുന്നു. എന്റെ വീക്ഷണങ്ങൾ ഇരു രാജ്യത്തെയും പക്ഷപാതരഹിതരായ ആളുകൾക്കു മുന്നിൽ വെക്കണമെന്നാണ് ഞാനാഗ്രഹിക്കുന്നത്. മേലിൽ മുസ്‌ലിമീങ്ങളുടെ അവകാശങ്ങൾ അവഗണിക്കപ്പെട്ടുകൂടെന്ന് അദ്ദേഹത്തിന് ആഗ്രഹമുണ്ടായിരുന്നു. അതുകൊണ്ട് ഈ സന്ദർഭത്തിൽ സൈമൺ കമ്മീഷൻ റിപ്പോർട്ടിനുമേൽ ഒരു നിരൂപണം നടത്തിക്കൊണ്ട് അതിന്റെ ന്യൂനതകൾ വ്യക്തമാക്കുകയും ഇന്ത്യയിലെ പ്രശ്നങ്ങൾക്കുള്ള പരിഹാര മാർഗങ്ങൾ സമർപ്പിക്കേണ്ടതും ഭാവിയിൽ എല്ലാ സമുദായങ്ങളും രഞ്ജിപ്പിലും സഹവർത്തിത്വത്തിലും സമാധാനപൂർണമായി ജീവിക്കേണ്ടതിനു അനിവാര്യമായ കാര്യങ്ങൾ അവതരിപ്പിക്കേണ്ടതും ഉചിതമാണെന്ന് അദ്ദേഹം മനസ്സിലാക്കി. അദ്ദേഹം പറയുന്നു: "രാജ്യത്തിന്റെ രാഷ്ട്രീയവുമായി രാപ്പകൽ ഈ പ്രവർത്തനങ്ങളിൽത്തന്നെ ഏർപ്പെടുന്ന ആളുകളെപ്പോലെ ഒരു മതത്തിന്റെ വക്താവ് എന്ന നിലയിൽ എനിക്ക് വലിയ ബന്ധമില്ലെന്നാണ് ഞാൻ കരുതുന്നത്. പക്ഷേ, രഞ്ജിപ്പും സഹവർത്തിത്വവുമുണ്ടാക്കുന്നത് സംബന്ധിച്ച് എനിക്ക് കൂടുതൽ ഉത്തരവാദിത്വമുണ്ട്. മാത്രമല്ല ഈ യുദ്ധത്തിൽ പരസ്പരം അല്ലെങ്കിൽ ഭാഗഭാക്കാകുന്നവരെക്കാളും വേഗത്തിൽ എനിക്ക് ഈ ചൂടിൽനിന്ന് അകന്നിരിക്കുന്നതു കൊണ്ട് പലകര്യങ്ങളിലും ഒരുപക്ഷേ, വളരെ വേഗത്തിൽ അവയുടെ ആഴങ്ങളിലേക്കെത്താൻ കഴിയുമെന്ന് ഞാൻ കരുതുന്നു. അദ്ദേഹം തന്റെ നിരൂപണത്തിൽ മുസ്‌ലിമീങ്ങളുടെ അവകാശങ്ങളെയും ആവശ്യങ്ങളെയും സംബന്ധിച്ച് വളരെ വിശദമായി ചർച്ച ചെയ്തു. അതിന്റെ ബൗദ്ധികമായ കാര്യങ്ങൾ വ്യക്തമാക്കുകയും ചെയ്തു. അതിനോടൊപ്പംതന്നെ അദ്ദേഹം ഇന്ത്യയിലെ രാഷ്ട്രീയ പ്രശ്നങ്ങൾക്ക് വളരെ ബുദ്ധിപരവും തൃപ്തികരവുമായ പരിഹാരങ്ങൾ നിർദ്ദേശിക്കുകയും ചെയ്തു. വട്ടമേശ സമ്മേളനത്തിൽ പങ്കെടുക്കുന്നവർ അത് വായിച്ച് പ്രയോജനം എടുക്കുന്നതിന് വേണ്ടി അതിന്റെ ക്ലിപ്തവും വ്യക്തവുമായ നിരൂപണം ഇംഗ്ലീഷ് പതിപ്പുകളിൽ പ്രസിദ്ധീകരിക്കുന്നതിനുവേണ്ടി ഉടൻതന്നെ എത്തിക്കുകയും ചെയ്തു. അങ്ങനെ മുസ്‌ലിം പ്രതിനിധികൾക്ക് പ്രത്യേകമായും അത് പ്രയോജനം ചെയ്തു. മാത്രമല്ല അവർ ആദ്യമായി ഐക്യകണ്ഠ്യേന തങ്ങളുടെ ആവശ്യങ്ങൾ കോൺഫ്രൻസിൽ സമർപ്പിച്ചു. ആ കാലഘട്ടത്തിൽ അത് പ്രയോജനപ്പെട്ടു. അത് ഇംഗ്ലണ്ടിലെ ചിന്താശീലരായ ആളുകളെ സ്വാധീനിച്ചു. അവർ ഇന്ത്യയിലെ മുസ്‌ലിമീങ്ങളുടെ പ്രത്യേക സ്ഥാനത്തെ അംഗീകരിച്ചുകൊണ്ട് അവരുടെ ആവശ്യങ്ങളുടെ ബൗദ്ധികവും പ്രയോജനപ്രദവുമായ കാര്യങ്ങൾ അംഗീകരിക്കാൻ നിർബന്ധിതരാകുകയും ചെയ്തു.

ഹുദൂറിന്റെ ഈ ഗ്രന്ഥം ഇന്ത്യയിലെയും ഇംഗ്ലണ്ടിലെയും ജനങ്ങൾക്കിടയിൽ വളരെയേറെ സ്വീകരിക്കപ്പെടുകയും അത് വളരെ താൽപര്യപൂർവ്വം, ശ്രദ്ധാപൂർവ്വം വായിക്കപ്പെടുകയും ചെയ്തു. പല ചിന്താശീലരായ രാഷ്ട്രീയക്കാരും എഴുത്തുകാരും വളരെ നല്ല രീതിയിൽ അദ്ദേഹത്തെ ശ്ലാഘിക്കുകയും ചെയ്തു."*(ഹിന്ദുസ്താൻ കെ മൗജൂദ സിയാസി മസ്അല കാ ഹൽ, അൻവാറുൽ ഉലൂം വാല്യം 11,പേജ് 18-19)*

അഹ്‌മദിയ്യാ ചരിത്രത്തിൽ പല തവണ അത് ഉദ്ധരിക്കപ്പെട്ടിട്ടുണ്ട്. ഞാൻ പറഞ്ഞു വന്നതുപോലെ ഇരുകൂട്ടർക്കിടയിലും അത് സ്വീകരിക്കപ്പെടുകയും വളരെയേറെ ശ്രദ്ധിക്കപ്പെടുകയും ചെയ്തു. അതിന്റെ ചില ഉദാഹരണങ്ങൾ സമർപ്പിക്കുകയാണ്.

യു.പി.യിലെ മുൻ ഗവർണറായ ലോർഡ് മെസ്റ്റൺ പറയുന്നു: "താങ്കളെനിക്ക് അഹ്‌മദിയ്യാ ജമാഅത്തിന്റെ നേതാവ് എഴുതിയ വളരെ ആകർഷകമായ ഗ്രന്ഥം അയച്ചു തന്നതിൽ എനിക്ക് താങ്കളോടു നന്ദിയുണ്ട്. ഇത് അയച്ചു കൊടുത്ത ആൾക്കാണ് അദ്ദേഹം കത്തയക്കുന്നത്. അദ്ദേഹത്തിന്റെ പല ഗ്രന്ഥങ്ങളും ഞാൻ താൽപര്യപൂർവ്വം വായിച്ചിട്ടുണ്ട്. ഇതു വായിക്കുന്നതും എന്നെ സംബന്ധിച്ചിടത്തോളം സന്തോഷവും പ്രയോജനപ്രദവുമായിരിക്കുമെന്ന് ഞാൻ കരുതുന്നു."*(താരീഖെ അഹ്‌മദിയ്യത്ത് വാല്യം 5, പേജ് 214)*

പാർലമെന്റ് അംഗമായ ലെഫ്റ്റനന്റ് കമാൻഡർ കെൻവെർത്തി പറയുന്നു: ഇന്ത്യൻ രാഷ്ട്രീയ പ്രശ്നങ്ങൾക്കുള്ള പരിഹാരം എന്ന ഗ്രന്ഥം അയച്ചുതന്നതിൽ എനിക്ക് അങ്ങയോടു വളരെയേറെ കടപ്പാടുണ്ട്. ഞാനത് വളരെ താല്പര്യപൂർവ്വം വായിക്കുകയും ചെയ്തു."*(താരീഖെ അഹ്‌മദിയ്യത്ത് വാല്യം 5, പേജ് 214)*

യു.പിയിലെയും പഞ്ചാബിലെയും മുൻ ഗവർണർ സാർ മാൽകം ഹീലെ ലണ്ടൻ ഇമാം മസ്ജിദിന് എഴുതിയ കത്തിൽ പറയുന്നു: "അഹ്‌മദിയ്യാ ജമാഅത്തിന്റെ ഇമാം എഴുതിയ ഗ്രന്ഥം താങ്കൾ എന്റെ പേരിൽ അയച്ചിരിക്കുന്നുവെന്നതിൽ എനിക്ക് താങ്കളോടു വളരെ നന്ദിയുണ്ട്. ഞാൻ ജമാഅത്തിന്റെ അവസ്ഥകളെ സംബന്ധിച്ച് നല്ലപോലെ അറിവുള്ളവനാണ്. അതിന്റെ ഘടന എനിക്ക് നല്ലപോലെ അറിയാം. വളരെ മൂല്യവത്തായി ഞാനതിനെ കാണുകയും ചെയ്യുന്നു. അവർ ഇന്ത്യയുടെ പ്രധാന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് വേണ്ടി പ്രവർത്തിക്കുന്നവരുമാണ്. ഈ ഗ്രന്ഥം എനിക്ക് പ്രയോജനപ്പെടുമെന്ന് ഞാൻ ഉറച്ചു വിശ്വസിക്കുന്നു. ഞാൻ അത് തീർച്ചയായും വളരെ താൽപര്യപൂർവ്വം വായിക്കുന്നതാണ്.*(താരീഖെ അഹ്‌മദിയ്യത്ത് വാല്യം 5, പേജ് 215)*

മില്ലർ സർ ഹോൺ ഓ പറയുന്നു: "ഈ ചെറുഗ്രന്ഥം അയച്ചതിന് ഞാൻ താങ്കളോട് ഹൃദയപൂർവ്വം നന്ദി പ്രകാശിപ്പിച്ചു കൊള്ളുന്നു. ഇതിൽ ഇന്ത്യയിലെ പ്രശ്നങ്ങൾക്ക് പരിഹാരമായി അഹ്‌മദിയ്യാ ജമാഅത്തിന്റെ നേതാവിന്റെ നിർദ്ദേശങ്ങളാണ് ചേർത്തിട്ടുള്ളത്. സൈമൺ കമ്മീഷൻ അഭിപ്രായത്തെ സംബന്ധിച്ച് ഇത്രയും വിശദമായ ഈ ഒരു വിമർശനം മാത്രമാണ് എന്റെ ദൃഷ്ടിയിൽ വന്നിട്ടുള്ളത്. ഞാൻ എതിരഭിപ്രായമുള്ള അതിന്റെ വിശദാംശങ്ങളെക്കുറിച്ച് ഒന്നും പറയുന്നില്ല. പക്ഷേ, തന്റെ ജമാഅത്തിന്റെ വീക്ഷണം പ്രകടിപ്പിക്കുന്ന കാര്യത്തിൽ വന്ദ്യരായ അഹ്‌മദിയ്യാ ജമാഅത്തിന്റെ ഇമാം കാണിച്ച ബൗദ്ധികമായ ആത്മാർഥതയെയും വിശദീകരണത്തെയും ഞാൻ ശ്ലാഘിക്കാനാഗ്രഹിക്കുന്നു. ഹിസ് ഹോളിനസ് ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്‌മൂദ് അഹ്‌മദിന്റെ........ഉന്നതമായ ചിന്താഗതികൾ എന്നെ വളരെയധികം സ്വാധീനിച്ചിരിക്കുന്നു. *(താരീഖെ അഹ്‌മദിയ്യത്ത് വാല്യം 5, പേജ് 215)*

ഓണറബിൾ പീറ്റേഴ്സൺ സി എസ് ഐ സി ഐ ഇ പറയുന്നു: ഇന്ത്യയുടെ രാഷ്ട്രീയ പ്രശ്നങ്ങൾക്കുള്ള പരിഹാരമെന്ന പുസ്തകം അയച്ചു തന്നതിൽ നന്ദിയുണ്ട്. എനിക്ക് ഇതുവരെയും അത് വായിച്ചു തീർക്കാനുള്ള സന്ദർഭം കിട്ടിയിട്ടില്ല. പക്ഷേ, വായിച്ചിടത്തോളം ഞാൻ മനസ്സിലാക്കുന്നത് ഈ പുസ്തകം വർത്തമാന കാലഗതികൾ മനസ്സിലാക്കി കൊടുക്കാനുള്ള ഒരു

താൽപര്യാജനകവും മൂല്യവത്തുമായ പരിശ്രമമാകുന്നു എന്നാണ്. മുസ്‌ലിമീങ്ങളുടെ വീക്ഷണം ഇതിൽ വളരെ വിശദമായി സമർപ്പിച്ചിട്ടുണ്ട്. ഗ്രന്ഥം അയച്ചു കൊടുത്ത ആളോടു അദ്ദേഹം ഉടനെ കാണാമെന്നും എഴുതിയിട്ടുണ്ട്. *(താരീഖെ അഹ്‌മദിയ്യത്ത് വാള്യം 5, പേജ് 217)*

അലിഗഡുകാരനാണ് ളിയാവുദ്ദീൻ സാഹിബ്. ഇദ്ദേഹം പറയുന്നു: ഞാൻ ജനാബിന്റെ ഗ്രന്ഥം വളരെ താൽപര്യത്തോടെ വായിച്ചു. ഇത് യൂറോപ്പിൽ വളരെയധികം പ്രചരിപ്പിക്കപ്പെടണമെന്നതാണ് എനിക്ക് അങ്ങയോടുള്ള അപേക്ഷ. പാർലമെന്റിലെ ഓരോ മെമ്പറിനും ഇതിന്റെ ഓരോരോ കോപ്പി തീർച്ചയായും അയക്കേണ്ടതാണ്. ബ്രിട്ടനിലെ ഓരോ പത്രത്തിന്റെയും എഡിറ്റർക്കും ഇതിന്റെ ഓരോരോ കോപ്പി അയച്ചുകൊടുക്കണം. ഈ ഗ്രന്ഥം ഇന്ത്യയെ അപേക്ഷിച്ച് ഇംഗ്ലണ്ടിൽ കൂടുതലായി പ്രചരിപ്പിക്കപ്പെടേണ്ടത് ആവശ്യമാണ്. അങ്ങ് ഇസ്‌ലാമിന് ഒരു വലിയ സേവനമാണ് ചെയ്തിട്ടുള്ളത്. *(താരീഖെ അഹ്‌മദിയ്യത്ത് വാള്യം 5, പേജ് 218)* ഒരു അനഹ്‌മദിയായ അദ്ദേഹം എഴുതുകയാണ്: 'ഇസ്‌ലാമിന് വലിയൊരു സേവനമാണ് ചെയ്തിട്ടുള്ളത്.' അഹ്‌മദി, അമുസ്‌ലിമാണെന്നാണ് ഇവിടെ ഈ അനഹ്‌മദികൾ പറഞ്ഞു നടക്കുന്നത്.

സേട്ട് ഹാജി അബ്ദുല്ലാ ഹാറൂൺ സാഹിബ് എം.എൽ.എ കറാച്ചി പറയുന്നു: "എന്റെ അഭിപ്രായത്തിൽ രാഷ്ട്രീയ രംഗത്ത് ഇന്ത്യയിൽ രചിക്കപ്പെട്ടിട്ടുള്ള ഗ്രന്ഥങ്ങളിൽ ഇന്ത്യയുടെ രാഷ്ട്രീയ പ്രശ്നങ്ങൾക്കുള്ള പരിഹാരം എന്ന ഈ പുസ്തകം ഏറ്റവും നല്ല ഗ്രന്ഥമാകുന്നു."*(താരീഖെ അഹ്‌മദിയ്യത്ത് വാള്യം 5, പേജ് 218)*

അല്ലാമ ഡോക്ടർ സർ മുഹമ്മദ് ഇഖ്ബാൽ എഴുതുന്നു: "ഈ നിരൂപണത്തിന്റെ ഏതാനും ഭാഗങ്ങൾ ഞാൻ വായിച്ചു നോക്കി. അത് അങ്ങേയറ്റം ഉൽകൃഷ്ടവും സകലതും അടങ്ങിയതുമാണ്." *(താരീഖെ അഹ്‌മദിയ്യത്ത് വാള്യം 5, പേജ് 218)*

ലാഹോറിലെ ഇൻക്വിലാബ് പത്രം എഴുതുന്നു: "ജനാബ് മിർസാ സാഹിബ് ഈ നിരൂപണം മുഖേന മുസ്‌ലിമീങ്ങൾക്ക് വളരെ വലിയ സേവനമാണ് ചെയ്തിട്ടുള്ളത്. വലിയ വലിയ ഇസ്‌ലാമിക സംഘടനകൾ ചെയ്യേണ്ട പ്രവർത്തനമാണ് മിർസാ സാഹിബ് ചെയ്തു കാണിച്ചത്."*(താരീഖെ അഹ്‌മദിയ്യത്ത് വാള്യം 5, പേജ് 218)*

ലാഹോറിലെ സിയാസത്ത് എന്ന പത്രം എഴുതുന്നു: "മതപരമായ അഭിപ്രായ ഭിന്നതകൾ മാറ്റിനിറുത്തി നോക്കിയാൽ ജനാബ് മിർസാ ബശീറുദ്ദീൻ മഹ്‌മൂദ് അഹ്‌മദ് സാഹിബ് രചനാരംഗത്ത് ചെയ്തു വെച്ചിട്ടുള്ള സേവനങ്ങൾ അതിന്റെ വലുപ്പം കൊണ്ടും ഫലംകൊണ്ടും ഏറെ ശ്ലാഘനീയമാകുന്നു. രാഷ്ട്രീയ രംഗത്ത് തന്റെ ജമാഅത്തുകളേയും പൊതു മുസ്‌ലിമീങ്ങളുടെ തോളോടു തോൾ ചേർന്ന് നീങ്ങുന്നതിന് അദ്ദേഹം ഏതൊരു അടിസ്ഥാനപരമായ കർമ്മമാണോ ആരംഭിച്ചിട്ടുള്ളത് അതിനെ തന്റെ നേതൃത്വത്തിൽ വിജയപ്രദമാക്കിയിരിക്കുന്നു. അത് നീതിബോധമുള്ള മുസ്‌ലിമീങ്ങളുടെയും യാഥാർഥ്യ ബോധമുള്ള വ്യക്തികളുടെയും അഭിനന്ദനത്തിന് അർഹമാകുന്നു."പറയുന്നു: അദ്ദേഹത്തിന്റെ രാഷ്ട്രീയപരമായ ഉൾക്കാഴ്ചയെ ഒരു കാലഘട്ടം തന്നെ അംഗീകരിച്ചതാണ്. നെഹ്റു റിപ്പോർട്ടിനെതിരിൽ മുസ്‌ലിമീങ്ങളെ സംഘടിപ്പിക്കുന്നതിലും സൈമൺ കമ്മീഷന്റെ മുന്നിൽ മുസ്‌ലിമീങ്ങളുടെ നിലപാടുകൾ സമർപ്പിക്കുന്നതിലും വർത്തമാന കാല സമസ്യങ്ങളിൽ ഇസ്‌ലാമിന്റെ വീക്ഷണ കോണുകൾ തെളിവുസഹിതം സമർപ്പിക്കുന്നതിലും മുസ്‌ലിമീങ്ങളുടെ അവകാശങ്ങൾ സ്ഥാപിച്ചെടുക്കുന്നതിലും ഗ്രന്ഥങ്ങൾ പ്രസിദ്ധീകരിച്ചുകൊണ്ട് അദ്ദേഹം വളരെ ശ്ലാഘനീയമായ പ്രവർത്തനമാണ് ചെയ്തിട്ടുള്ളത്. ഇവിടെ ചർച്ച ചെയ്യപ്പെടുന്ന ഇംഗ്ലീഷ് ഭാഷയിൽ രചിച്ചിട്ടുള്ള സൈമൺ റിപ്പോർട്ടിനുമേലുള്ള അദ്ദേഹത്തിന്റെ നിരൂപണം എന്ന പുസ്തകം വായിക്കുമ്പോൾ അദ്ദേഹത്തിന്റെ വിശാലമായ അറിവിനെ സംബന്ധിച്ച് നമുക്ക് അനുമാനിക്കാം. ഭാഷ വളരെ ആകർഷണീയവുമാകുന്നു."*(താരീഖെ അഹ്‌മദിയ്യത്ത് വാള്യം 5, പേജ് 219)* ഇതാകുന്നു കുറച്ച് അവലോകനങ്ങൾ.

ഇതു സംബന്ധമായും അദ്ദേഹം എഴുതിയിട്ടുണ്ട്. ആഗോള സമാധാനത്തെ സംബന്ധിച്ച് ചെയ്ത പ്രസംഗങ്ങൾ ചുരുക്കി വിവരിക്കട്ടെ. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാനീ<sup></sup>ﷺ ആഗോള സമാധാനത്തെമുൻനിറുത്തി 1946 ഒക്ടോബർ 9-ന് വളരെ വൈജ്ഞാനികമായ ഒരു പ്രഭാഷണം വൈകുന്നേരം 5:30-ന്ഡൽഹിയിലെ ഹാർട്ട് പാർക്ക് റോഡിലുള്ള വിശാലമായ മൈതാനത്ത് നടത്തി. ഈ പ്രഭാഷണം കേൾക്കുന്നതിന് അഹ്‌മദികളും അമുസ്‌ലിമീങ്ങളുമായ നൂറുക്കണക്കിന് ഉന്നത വ്യക്തിത്വങ്ങൾ സന്നിഹിതരായിരുന്നു. അവർ വളരെ ശ്രദ്ധാപൂർവ്വം അദ്ദേഹത്തിന്റെ പ്രഭാഷണം ശ്രവിച്ചു. 1961 ഏപ്രിൽ 15-ന് ഇത് അൽഫള്ലിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഈ പ്രഭാഷണത്തെ സംബന്ധിച്ച് ഡൽഹിയിലെ തേജ് എന്ന പത്രം 1946 ഒക്ടോബർ 14 ലക്കത്തിൽ ഇങ്ങനെ എഴുതി: "അഹ്‌മദിയ്യ നേതാവ് ഹദ്റത്ത് മിർസ ബശീറുദ്ദീൻ മഹ്‌മൂദ് അഹ്‌മദ് പ്രഭാഷണത്തിൽ പറഞ്ഞു: 'സമാധാനത്തിന്റെയും ശാന്തിയുടെയും വിഷയം ചിരപുരാതനമാകുന്നു. മനുഷ്യന്റെ പ്രകൃതിയുമായി അതിന് വളരെ ആഴത്തിലുള്ള ബന്ധമുണ്ട്. അത് സ്ഥാപിക്കുകയാണ് ലക്ഷ്യമെങ്കിൽ അതിനുവേണ്ടി ശത്രുതയുടെയും വെറുപ്പിന്റെയും വികാരങ്ങൾ ഇല്ലാതാക്കേണ്ടതായി വരും. ഈ വിഷയം രാഷ്ട്രീയപരമല്ല മറിച്ച് ധാർമികമാകുന്നു. നമ്മൾ ദൈവത്തിന്റെ ദൈവത്വത്തെ സംബന്ധിച്ച് ബോധവാന്മാരാകുകയും ഭക്ഷണത്തോടുള്ള സ്നേഹവും അത്യാർത്തിയും മറ്റും ഉപേക്ഷിക്കുകയും ചെയ്യുമ്പോഴാണ് നമുക്കുള്ളിൽ വെറുപ്പിനും അത്യാർത്തിക്കും പകരം സാഹോദര്യത്തിന്റെയും സ്നേഹത്തിന്റെയും വികാരങ്ങൾ ഉണ്ടാകുകയുള്ളൂ. മതലോകത്തിലെ ഭിന്നതകൾ അവസാനിപ്പിക്കണമെങ്കിൽ നമ്മൾ പരസ്പരമുള്ള വികാരങ്ങളെ മാനിക്കാൻ പഠിക്കേണ്ടതാണ്. നമ്മുടെ ഉള്ളിൽ സഹനശക്തി ഉണ്ടാക്കണം. മതപരമായ കാര്യങ്ങളിൽ സഹനം കൈക്കൊള്ളുന്നതുപോലെ ഭൗതികമായ കാര്യങ്ങളിലും അതിനു അത്രത്തോളം പ്രസക്തിയുണ്ട്. മുസ്‌ലിമീങ്ങളുടെയും ഹിന്ദുക്കളുടെയും കാലഘട്ടത്തിലും ഈ പ്രശ്നം ക്രിസ്ത്യാനികളോടും മതിയാവോളമുണ്ടായിരുന്നു. അവിടന്ന് പറഞ്ഞു: നമുക്ക് സമുദായത്തിന്റെയും വർണ്ണത്തിന്റെയും കലഹങ്ങൾ ഇല്ലാതാക്കി ആഗോള സാഹോദര്യത്തിന്റെ വികാരങ്ങളുണ്ടാക്കണം." *(ദുൻയാ കി മൗജൂദ ബേചെയ്നി കാ ഇസ്‌ലാം കിയാ ഇലാജ് പേശ് കർത്താ ഹെ?, അൻവാറുൽ ഉലൂം വാള്യം 18, പേജ് 11-12)*

അദ്ദേഹത്തിന്റെ ഈ വിഷയത്തിന്റെ ഹ്രസ്വമായ പരിചയപ്പെടുത്തലായിരുന്നു ഇത്.

പിന്നെ മറ്റൊരു വിഷയം അദ്ദേഹം എഴുതിയത് ആക്ഷേപത്തിനുള്ള മറുപടി എന്ന നിലയ്ക്കാണ്. മർദ്ദകരായ സമൂഹം നമ്മെ മർദ്ദിക്കുകയും പ്രയാസപ്പെടുത്തുകയും ചെയ്യുകയാണെങ്കിൽ പോലും അവരെ നമ്മൾ സഹായിക്കേണ്ടതാണ്.

ഇതേക്കുറിച്ച് ഡൽഹിയിലെ തേജ് എന്ന ഇംഗ്ലീഷ് പത്രം അതിന്റെ നിരൂപണത്തിൽ എഴുതുന്നു: "അഹ്‌മദികൾ പാക്കിസ്താനെ പിന്തുണയ്ക്കുന്നവരാണ്. വാസ്തവത്തിൽ അവരോടു മറ്റു മുസ്‌ലിമീങ്ങൾ നല്ല രീതിയിലല്ല പെരുമാറുന്നത്. അവർ അഹ്‌മദികളെ പ്രകോപിതരാക്കാൻ ശ്രമിക്കുകയാണ്." പറയുന്നു: "അഹ്‌മദികൾ പാക്കിസ്താനെ സഹായിക്കുന്നു. മുസ്‌ലിമീങ്ങൾ അവരോടു നല്ല രീതിയിലല്ല പെരുമാറുന്നത്." എഴുതുന്നു: "പാക്കിസ്താൻ ഉണ്ടാകുകയാണെങ്കിൽ മുസ്‌ലിമീങ്ങൾ വീണ്ടും അവരോടു ഇതേപോലെതന്നെ പെരുമാറുന്നതായിരിക്കും. കാബൂളിൽ അവരോടു ഉണ്ടായതുപോലെ ആയിരിക്കുമത്. ആ സമയത്ത് അഹ്‌മദികൾ തങ്ങളെ ഇന്ത്യയിൽ ചേർക്കൂ എന്നു പറയുന്നതാണ്." ഇതായിരുന്നു പത്രത്തിന്റെ നിരൂപണം.

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്ﷺ 1947 മെയ് 16-ന് മഗ്‌രിബ് നമസ്കാരത്തിനുശേഷം ഇതേപ്പറ്റി വിശകലനം നടത്തിക്കൊണ്ട് ഇങ്ങനെ പറഞ്ഞു: "മർദ്ദക സമൂഹം നമ്മെ മർദ്ദിക്കുകയും ദുഖത്തിലാക്കുകയും ചെയ്യുകയാണെങ്കിൽപ്പോലും അവരെ സഹായിക്കുകയാണ് നമ്മുടെ കടമ. നമ്മുടെ ശത്രുക്കൾ നമ്മോടു അക്രമവും അനീതിയും കാണിക്കുമ്പോൾ നമ്മൾ അവരോടു നീതിപൂർവ്വം പെരുമാറുന്നില്ലേ?" അദ്ദേഹത്തിന്റെ ഈ പ്രഭാഷണം ഖാദിയാനിലും ഗ്രന്ഥ രൂപത്തിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.*(ഹമാരാ ഫർള് ഹെ കെ ഹം മള്‌ലൂം ഖൗം കി മദദ് കരേ ചാഹെ വൊ ഹമേ മാരേ യാ ദുഖ് പഹുംചായെ, അൻവാറുൽ ഉലൂം വാള്യം 18, പേജ് 19)*

ഇന്നും ചിലയാളുകൾ, ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്ﷺഎന്തിനാണ് പാക്കിസ്താനിൽ ചേരുന്നതിനെ അനുകൂലിച്ചതെന്ന് ചോദിക്കാറുണ്ട്. ഈ പ്രഭാഷണം അതിനുള്ള മറുപടിയാണ്. ആ സാഹചര്യത്തിൽ മുസ്‌ലിമീങ്ങളെ സഹായിക്കേണ്ടത് അനിവാര്യമായിരുന്നു. ജമാഅത്ത് എപ്പോഴും മുസ്‌ലിമീങ്ങളുടെ സഹായത്തിന് ഏറ്റവും മുൻപന്തിയിലുണ്ടായിരുന്നു.

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്ﷺ ഒരിക്കലും ജമാഅത്തിനുമേൽ അക്രമമുണ്ടാകുന്നതിനെ നിരാകരിച്ചിട്ടില്ല. അദ്ദേഹം പറയുന്നു: എന്തു തന്നെയാണെങ്കിലും ഈ സമയത്ത് മുസ്‌ലിമീങ്ങളെ സഹായിക്കേണ്ടത് അനിവാര്യമാണ്. അവരോടൊപ്പം നിൽക്കേണ്ടതുണ്ടായിരുന്നു. നമ്മൾ മുസ്‌ലിമീങ്ങളോടൊപ്പം നിൽക്കേണ്ടിയിരിക്കുന്നു. പാക്കിസ്താന്റെ ഭാവിയെക്കുറിച്ച് അദ്ദേഹം ഒരു പ്രഭാഷണം നടത്തിയിരുന്നു. അതിന്റെ ചുരുക്കം ഇപ്രകാരമാണ്: 'ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്ﷺ പാക്കിസ്താൻ നിലവിൽ വന്നതിനു ശേഷം പഞ്ചാബിന്റെ തലസ്ഥാനമായ ലാഹോറിൽ പാകിസ്താന്റെ ഭാവിയെ സംബന്ധിച്ച് വളരെ ഉൾക്കാഴ്ചയോടുകൂടി ഒരു പ്രഭാഷണം

നടത്തി. അതിൽ ലാഹോറിലെ വലിയ വലിയ ബുദ്ധിജീവികളും പണ്ഡിതന്മാരും വിദ്യാസമ്പന്നരും പങ്കെടുത്തിരുന്നു. ഈ പ്രഭാഷണങ്ങളിൽ അദ്ദേഹം തന്റെ സന്തോഷം പ്രകടിപ്പിച്ചു. ആദ്യം 5 പ്രഭാഷണങ്ങൾ മീനാർഡ് ഹാൾ ലാഹോറിലും ആറാമത്തെ പ്രഭാഷണം യൂണിവേഴ്സിറ്റി ഓഫ് ലാഹോറിലുമാണ് അദ്ദേഹം നിർവഹിച്ചത്. പറയുന്നു: 'ഈ പ്രഭാഷണം 1947 ഡിസംബർ ഏഴിന് മീനാർഡ് ഹാൾ ലാഹോറിൽ അദ്ദേഹം നിർവഹിച്ചു. സമയക്കുറവ് കാരണം ഈ പ്രഭാഷണത്തിന്റെ ഒരുപാട് ഭാഗങ്ങൾ വിട്ടു പോയിരുന്നു. അതുകൊണ്ട് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്ؓതന്റെ ഓർമ്മയിൽനിന്ന് ഈ വിഷയം പൊതുസമൂഹത്തിന്റെ പ്രയോജനത്തിനുവേണ്ടി അൽഫള്‌ലിലും പ്രസിദ്ധീകരിപ്പിച്ചു. അത് 1947 ഡിസംബർ 9-ന്റെ ലാഹോറിൽ നിന്ന് ഇറങ്ങുന്ന അൽഫള്ൽ ദിനപത്രത്തിൽ പ്രസിദ്ധീകരിച്ചു. അദ്ദേഹം തന്റെ പ്രഭാഷണത്തിൽ പച്ചക്കറിയുടെയും കൃഷിയുടെയും മൃഗങ്ങളുടെയും സമ്പത്തിന്റെ കാര്യത്തിൽ പാക്കിസ്താനെ എങ്ങനെ അഭിവൃദ്ധിപ്പെടുത്താമെന്നതു സംബന്ധിച്ചുള്ള വിലയേറിയ ഉപദേശങ്ങൾ അടങ്ങിയ തന്റെ അഭിപ്രായങ്ങൾ പ്രകടിപ്പിക്കുകയും നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു.*(പാക്കിസ്താൻ ക മുസ്തഖ്ബിൽ, അൻവാറുൽ ഉലൂം വാല്യം 19 പേജ് 8)*

ഈ പ്രഭാഷണം വളരെയേറെ വിഖ്യാതമായി.

ഇസ്‌ലാമികമായ അടിസ്ഥാന നിയമം അല്ലെങ്കിൽ ഇസ്‌ലാമിക ഭരണ ഘടന: ഇതു സംബന്ധമായി അവിടന്ന് തന്റെ അഭിപ്രായങ്ങൾ പ്രകടിപ്പിച്ചു. ഖാദിയാനിൽനിന്ന് ലാഹോറിലേക്കുള്ള ഹിജ്റത്തിനു ശേഷം പാക്കിസ്താന്റെ ഭാവിയെ സംബന്ധിച്ച വിഷയത്തിൽ അദ്ദേഹം നൽകിയ പ്രഭാഷണങ്ങളിൽ ഏറ്റവും അവസാനത്തേത് യൂണിവേഴ്സിറ്റി ഹാൾ ലാഹോറിൽ ചെയ്ത പ്രഭാഷണമായിരുന്നു. നേരത്തെ പറഞ്ഞു കഴിഞ്ഞതുപോലെ 'ഇസ്‌ലാമിക നിയമങ്ങൾ അല്ലെങ്കിൽ ഇസ്‌ലാമിക ഭരണഘടന' എന്ന ശീർഷകത്തിലാണ് ഈ പ്രഭാഷണം നിർവഹിച്ചത്. ഇത് പൊതുജനങ്ങളുടെ പ്രയോജനം മുൻനിറുത്തിക്കൊണ്ട് ആ സമയത്ത് 1947 ഫെബ്രുവരി 18-ന് ഒരു ലഘുലേഖ എന്ന നിലയിലും പ്രസിദ്ധീകരിച്ചിരുന്നു. ഇപ്പോഴത് അൻവാറുൽ ഉലൂം എന്ന അദ്ദേഹത്തിന്റെ ഗ്രന്ഥ സമാഹാരത്തിന്റെ 19-ാം വാല്യത്തിലുമുണ്ട്. ഈ പ്രഭാഷണത്തിൽ അദ്ദേഹം ഇസ്‌ലാമിക നിയമങ്ങൾ വിശദീകരിച്ചുകൊണ്ട് പാക്കിസ്താനിൽ ഏതു തരത്തിലുള്ള ഭരണഘടനയാണ് നടപ്പിലാക്കേണ്ടതെന്ന കാര്യത്തിൽ വെളിച്ചം വീശിയിരുന്നു. അദ്ദേഹം പറയുന്നു: പാകിസ്താൻ ഭരണഘടന പ്രകാരം മുസ്‌ലിമീങ്ങളുടെ ബഹുഭൂരിപക്ഷമുണ്ടായിരിക്കുന്നതാണ്. പാകിസ്താനിലെ പ്രദേശങ്ങളിൽ മുസ്‌ലിമീങ്ങൾക്ക് ഖുർആന്റെയും സുന്നത്തിന്റെയും അടിസ്ഥാനത്തിൽ നിയമമുണ്ടാക്കേണ്ടതാണ്. അതിനെതിരിൽ ഭരണഘടന ഉണ്ടാക്കുന്നത് അനുവദിക്കപ്പെടാൻ പാടുള്ളതല്ലെന്ന നിയമം പാസാക്കണം. അതായത് അടിസ്ഥാനപരമായി സർക്കാർ പൂർണ്ണമായും ഇസ്‌ലാമികമായിരിക്കില്ല, അത് സാധ്യവുമല്ല. പക്ഷേ, ഭരണത്തിന്റെ രീതി ഇസ്‌ലാമിക രൂപത്തിൽ ആയിരിക്കേണ്ടതാണ്. മുസ്‌ലിമീങ്ങളെ സംബന്ധിച്ച് ഈ നിയമവും ഇസ്‌ലാമികമായിരിക്കണം. അതാണ് ഇസ്‌ലാം ആവശ്യപ്പെടുന്നതും. ഇസ്‌ലാം ഒരിക്കലുംതന്നെ ഹിന്ദുക്കളും ക്രിസ്ത്യാനികളും യഹൂദികളും ഇസ്‌ലാം അനുസരിച്ച് പ്രവർത്തിക്കണമെന്ന് നിർബന്ധിക്കുന്നില്ല. എന്നല്ല തികച്ചും അതിനെതിരാണ്.*(ദസ്തൂരെ ഇസ്‌ലാമീ യാ ഇസ്‌ലാമീ ആഇനെ അസാസീ, അൻവാറുൽ ഉലൂം വാല്യം 19, പേജ് 10-11)*

അത് സകല മതങ്ങൾക്കും എല്ലാവർക്കും സ്വാതന്ത്ര്യമാണ് നൽകുന്നത്.

ഇസ്‌ലാമിക രാജ്യത്ത് ഇസ്‌ലാമിക നിയമങ്ങളും ഭരണഘടനയുമാണുള്ളതെന്ന് ഇന്നിവർ പറയുന്നു. പക്ഷേ, കർമ്മപരമായി അതിന് ആരംഭം കുറിച്ചതും ഉപദേശം നൽകിയതും ഹദ്റത്ത് മുസ്‌ലിഹ് മൗഊദാണ്. ഇപ്പോൾ ഇസ്‌ലാമിന്റെ പേരിൽ ആക്രമണം നടത്തിക്കൊണ്ടിരിക്കുന്നു. എന്നാൽ, അദ്ദേഹം ഇസ്‌ലാമിക അധ്യാപനമനുസരിച്ച് പ്രവർത്തിക്കണമെന്നും നിയമാവലി ഉണ്ടാക്കണമെന്നും ഓർമപ്പെടുത്തിയിരുന്നു. ഇന്നത്തെ മുല്ലാക്കൾ പറയുന്നതുപോലെ അഹ്മദികൾ ഇസ്‌ലാമിനു തികച്ചും എതിരാണെങ്കിൽപ്പിന്നെ അദ്ദേഹത്തിന് ഇങ്ങനെയുള്ള ഉപദേശങ്ങളുടെയും ശ്രദ്ധ ക്ഷണിക്കലിന്റെയും ആവശ്യമെന്തായിരുന്നു? ഏതായിരുന്നാലും ഇന്ന് നാമധാരികളായ പണ്ഡിതന്മാർ രാജ്യത്തെ പണയപ്പെടുത്താൻ പരിശ്രമിച്ചുകൊണ്ടിരിക്കുന്നു. അവരുടെ തെറ്റായ പദ്ധതികളിൽ നിന്ന് രാജ്യത്തെ രക്ഷിക്കുന്നതിന് അല്ലാഹു സൽബുദ്ധിയുള്ള ആരെയെങ്കിലും കൊണ്ടുവരുമാറാകട്ടെ, രാജ്യം പുരോഗതിയുടെ പാതയിൽ നീങ്ങുമാറാകട്ടെ.

പിന്നെ മറ്റൊരു വിഷയമുണ്ട്. പാക്കിസ്താൻ ഇസ്‌ലാമിക സൗധത്തിന്റെ ഒരു ഇഷ്ടികയാകുന്നു. അത് നമ്മൾ ലോകത്ത് സ്ഥാപിക്കേണ്ടതാണ്. ഈ പ്രഭാഷണം അദ്ദേഹം കോഇട്ട ടൗൺഹാളിലാണ് നിർവഹിച്ചത്.

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്ؓപാക്കിസ്താൻ നിലവിൽവന്നുടെ പാക്കിസ്താന്റെ ഭാവിയെ സംബന്ധിച്ച് ലാഹോറിൽ ആറ് പ്രഭാഷണങ്ങൾ ചെയ്തത് സംബന്ധിച്ച് ഞാൻ പറഞ്ഞിരുന്നു. അതിനു ശേഷം അദ്ദേഹം പശ്ചിമ പാക്കിസ്താനിലെ മറ്റു പ്രധാന കേന്ദ്രനഗരങ്ങളിൽ പോവുകയും പാക്കിസ്താനിലെ ആയിരക്കണക്കിന് നിവാസികൾക്കു മുന്നിൽ പാക്കിസ്താന്റെ കെട്ടുറപ്പിനെ സംബന്ധിച്ച വിഷയത്തിൽ തന്റെ ദീർഘവീക്ഷണത്തോടെയുള്ള ചിന്താഗതികളും നിർമ്മാണപരമായ കാര്യങ്ങളും വ്യക്തമാക്കുകയും ചെയ്തു. 1948 ജൂണിൽ അദ്ദേഹം കോഇട്ടയിൽ പോയി വളരെ വിജ്ഞാനഭരിതവും ആത്മീയോജ്ജ്വലവുമായ ഒരു പൊതുപ്രസംഗം നിർവഹിച്ചു. അതിൽ പാകിസ്താൻ അഭിമുഖീകരിക്കുന്ന പ്രധാന രാഷ്ട്രീയ പ്രശ്നങ്ങളിൽ പാക്കിസ്താൻ നിവാസികൾക്ക് മാർഗദർശനം നൽകിക്കൊണ്ട് വളരെ വിശദമായി തങ്ങളുടെ വാക്കും സാമൂഹികവുമായ ഉത്തരവാദിത്വങ്ങളും നിർവഹിക്കേണ്ടതിലേക്ക് ശ്രദ്ധ ക്ഷണിച്ചു. തന്റെ വൈകാരികവും സ്നേഹ സമ്പന്നവുമായ വാക്കുകളിൽ അനിതര സാധാരണമായ വിശ്വാസ ധാർഢ്യവും അവഗണിക്കാൻ സാധ്യമല്ലാത്ത നിശ്ചയ ദാർഢ്യത്തോടെയും ലക്ഷക്കണക്കിന് പാർശ്വവൽക്കരിക്കപ്പെട്ടതും ദുഃഖഭരിതവുമായ ഹൃദയങ്ങളിൽ ജീവന്റെയും സുവാർത്തയുടെയും ഒരു അത്യുഗ്രൻ ആത്മാവ് ഊതി. ഈ പ്രഭാഷണം ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്ؓ1948 ജൂലൈ 4-ന് കോഇട്ട ടൗൺഹാളിൽ പാക്കിസ്താനും അതിന്റെ ഭാവിയും എന്ന വിഷയത്തിലാണ് നിർവഹിച്ചത്. ഇത് അൽഫള്ൽ പത്രത്തിൽ 1952 മാർച്ചിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു. അത് ജനങ്ങൾക്കിടയിൽ വലിയ സ്വാധീനമുണ്ടാക്കി.*(പാക്കിസ്താൻ ഏക് ഈൻട് ഹെ ഉസ് ഇസ്‌ലാമീ ഇമാറത്ത് കി ജിസെ ഹംനെ ദുൻയാ മെ ഖാഇം കർനാ ഹെ, അൻവാറുൽഉലൂം വാല്യം 19, പേജ് 19)*

1949 നവംബർ 11-ന് സർഗോദയിലെ കമ്പനി ബാഗ് എന്ന സ്ഥലത്ത് സംഘടിപ്പിച്ച ഒരു പൊതുയോഗത്തിൽ പാക്കിസ്താന്റെ പുരോഗതിയും അതിന്റെ പ്രബലതയും സംബന്ധിച്ചുള്ള വിലയേറിയ ഉപദേശങ്ങൾ നൽകി. അക്കാലഘട്ടത്തിൽ പൊതുസമ്മേളനങ്ങൾ നടത്താൻ കഴിഞ്ഞിരുന്നു. ഇപ്പോൾ നമുക്ക് അവിടെ തർബിയത്ത് സമ്മേളനങ്ങൾപ്പോലും നടത്താൻ കഴിയുന്നില്ല. ഈ നിലയ്ക്ക് പ്രസ്തുത സമ്മേളനം സവിശേഷ പ്രാധാന്യമുള്ളതായിരുന്നു. ആദ്യമായാണ് സർഗോധയിലും പ്രാന്ത പ്രദേശങ്ങളിലുംനിന്ന് സമ്മേളനത്തിൽ പങ്കെടുത്ത ആയിരക്കണക്കിന് അഹ്മദികളും അനഹ്മദികളുമായ ആളുകൾക്ക് മുമ്പിൽ തന്റെ വിലയേറിയ ഉപദേശങ്ങളും നിർദ്ദേശങ്ങളും അവിടന്ന് സമർപ്പിച്ചത്. ഇസ്‌ലാമിക കൽപ്പനകൾ കർശനമായി പാലിക്കാൻ വേണ്ടി വളരെ ഹൃദയപൂർവ്വം അവരുടെ ശ്രദ്ധ ക്ഷണിച്ചു. അദ്ദേഹത്തിന്റെ പ്രഭാഷണം ആദ്യംമുതൽ അവസാനംവരെ വളരെ താല്പര്യത്തോടെയും ശ്രദ്ധയോടെയും ജനങ്ങൾ ശ്രവിച്ചു. ഹുദൂർ പാക്കിസ്താന്റെ സംരക്ഷണവും സമാധാനവും ശ്രദ്ധിക്കാൻ ഉപദേശിച്ചുകൊണ്ട് പറയുന്നു:

"അല്ലാഹുവേ! ഈ രാജ്യം തരേണമേ എന്ന് നമ്മൾ സ്വയം ആവശ്യപ്പെട്ടതാണ്. ഇനി അതിനെ ശരിയായ രീതിയിൽ നിലനിറുത്തേണ്ടതും അതിന് അഭിവൃദ്ധി നൽകേണ്ടതും നമ്മുടെ കൈകളാണ്. നമ്മൾ നമ്മുടെ ഉത്തരവാദിത്വങ്ങൾ മനസ്സിലാക്കുന്നില്ലെങ്കിൽ ഈ ലോകത്തും പരലോകത്തും നമ്മൾ ലജ്ജിതരാകുന്നതായിരിക്കും. അല്ലാഹു നമ്മളോടു പറയും: 'ഞാൻ നിങ്ങൾ ആവശ്യപ്പെട്ടതനുസരിച്ച് നിങ്ങൾക്ക് ഈ രാഷ്ട്രം നൽകി, പക്ഷേ, നിങ്ങൾ അതിനെ നഷ്ടപ്പെടുത്തുകയാണ് ചെയ്തത്."

ഇന്ന് ഇതേ മുല്ലാക്കമാർ അതിനെ നശിപ്പിക്കുന്നതിനാണ് തുനിഞ്ഞിറങ്ങിയിരിക്കുന്നത്. പാക്കിസ്താന്റെ വരുമാനം വർധിപ്പിക്കുന്നതിന് ആ മഹാത്മാവ് വിവിധ ജീവിത തുറകളിലെ ആളുകളെ വിശ്വസ്തപൂർവ്വം തങ്ങളുടെ ടാക്സുകൾ നൽകാനും പാക്കിസ്താന്റെ സംരക്ഷണത്തിന് കൂടുതൽക്കൂടുതൽ യുവാക്കളെ സൈന്യത്തിൽ ചേർക്കാനും അഭ്യർഥിച്ചു. അക്കാലഘട്ടത്തിലെ പത്രങ്ങളിൽ അത് ചർച്ചയായിരുന്നു. പാക്കിസ്താൻ സർക്കാർ ഇസ്‌ലാമിക ഭരണം സ്ഥാപിക്കുന്നതിന് ഒന്നും ചെയ്യുന്നില്ലെങ്കിൽപ്പോലും നമ്മൾ ഇസ്‌ലാമിനുവേണ്ടി പാക്കിസ്താൻ ആവശ്യപ്പെടുകയായിരുന്നു. അതു സംബന്ധിച്ച് വളരെ ദീർഘവീക്ഷണത്തോടുകൂടി അദ്ദേഹം നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു. അതിന്റെ അവസാനം പറഞ്ഞു: "മുദ്രാവാക്യങ്ങൾ മുഴക്കുന്നത് ഒരു സമൂഹത്തിന്റെയും വിജയം അടയാളപ്പെടുത്തുന്നില്ല." ഈ നേരത്ത് എല്ലാ ആളുകളും തക്ബീർ മുഴക്കി, പാക്കിസ്താൻ സിന്ദാബാദ്, ഹിന്ദുസ്താൻ മുർദാബാദ് എന്നു മുദ്രാവാക്യം വിളിച്ചതുകൊണ്ട്

ഇന്ത്യയിലെ ഒരു എലിപോലും ചാകുന്നതല്ല. വെറും മുദ്രാവാക്യങ്ങൾ കൊണ്ട് ഒന്നും ചത്തു പോകുന്നില്ല. എന്നാൽ, ഞാൻ ഈ പറഞ്ഞുവന്ന കാര്യങ്ങളെല്ലാം പ്രാവർത്തികമാക്കുകയാണെങ്കിൽ അതാണ് വേണ്ടത്. കച്ചവടക്കാർ ടാക്സ് നൽകേണ്ടതാണ്, പൊതുജനങ്ങൾ ടിക്കറ്റില്ലാതെ ട്രൈനിൽ സഞ്ചരിക്കരുത്, യുവാക്കൾ അനാവശ്യ കാര്യങ്ങളിൽ തങ്ങളുടെ സമയം പാഴാക്കിക്കളയുന്നതിനുപകരം വിദ്യാഭ്യാസ രംഗത്ത് പുരോഗതി നേടാൻ ശ്രമിക്കേണ്ടതാണ്. ദൃഢഗാത്രരായ യുവാക്കൾ സൈന്യത്തിൽ ചേരേണ്ടതാണ്. ഓഫീസർമാർ കൈക്കൂലി വാങ്ങുന്ന സ്വഭാവം വെടിയേണ്ടതാണ്. എല്ലാ പ്രവർത്തനങ്ങളും വിശ്വസ്തതയോടെയും അധ്വാനത്തോടെയും ചെയ്യുകയാണെങ്കിൽ പാക്കിസ്താൻ കർമതലത്തിൽ ശക്തി പ്രാപിക്കുന്നതായിരിക്കും.'' എന്നാൽ, ഇക്കാലത്ത് മുമ്പത്തേതിലുമധികം ഇതിനെതിരാണ് എല്ലാകാര്യങ്ങളും നടക്കുന്നത്. പിന്നീട് അവിടന്ന് പറയുന്നു: അതായത് "പിന്നീട് നിങ്ങൾക്ക് ഒരിക്കൽപോലും പാക്കിസ്താൻ സിന്ദാബാദ് എന്ന് പറയേണ്ടിവരില്ല."*(പാക്കിസ്താൻ കി തർഖി ഔർ ഉസ് കേ ഇസ്തിഹ്കാം കെ സിൽസില മെ സർരീൻ നസ്വാഇഹ്, അൻവാറുൽ ഉലൂം വാല്യം 21 പേജ് 18-20)* നിങ്ങൾ മുദ്രാവാക്യം വിളിച്ചാലുമില്ലെങ്കിലും ഫലം പാക്കിസ്താൻ സിന്ദാബാദ് എന്നതായിരിക്കും. എന്തായാലും പാക്കിസ്താൻ സിന്ദാബാദിന്റെ കർമ്മപരമായ തെളിവു കിട്ടുന്നതായിരിക്കും.

സൈനികപരമായ വിഷയങ്ങളും ഒരുപാടുണ്ട്. ഉദാഹരണമായി ഒരു കാര്യം ഞാൻ എടുത്തിട്ടുണ്ട്. "റഷ്യയും (അന്നത്തെ) നിലവിലെ യുദ്ധവും" സംബന്ധിച്ച് ഒരു മാതൃക ഞാനെടുത്തിട്ടുണ്ട്. രണ്ടാം ലോകമഹായുദ്ധത്തിൽ പോളണ്ടിൽ റഷ്യ പ്രവേശിച്ചതും അത് സംബന്ധിച്ചുള്ള നിരൂപണവുമാണിത്. രണ്ടാം ലോകമഹായുദ്ധകാലത്ത് പോളണ്ടിൽ റഷ്യ പ്രവേശിച്ചപ്പോൾ ഹദ്റത്ത് മുസ്ലിഹ് മൗഊദ് ؓ ഒരു ലേഖനമെഴുതി. ഇത് 1939 സെപ്റ്റംബർ 21-ലെ ദിനപത്രത്തിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. അദ്ദേഹം ഈ ലേഖനത്തിൽ പോളണ്ടിൽ റഷ്യ കടക്കാനുള്ള കാരണങ്ങളും അതിന്റെ ലക്ഷ്യങ്ങളും വിവരിച്ചുകൊണ്ട് നിരൂപണം നടത്തി പറയുന്നു: പോളണ്ടിനെ വിഭജിക്കാൻ റഷ്യ ആഗ്രഹിക്കുന്നു. അവരുടെ ഉദ്ദേശ്യം ശരിയല്ല. അവർ ജർമ്മനിയുമായി ചേർന്നിരിക്കുകയാണ്. തങ്ങളുടെ സൈന്യങ്ങൾ പോളണ്ടിൽ അയക്കുന്നതിന് അവർ ശാഠ്യം പിടിക്കുന്നു. അങ്ങനെ ജർമ്മനിക്കുവേണ്ടി പോളണ്ടിനെ വരുതിയിലാക്കുന്നത് എളുപ്പമാക്കാനാഗ്രഹിക്കുകയാണ്. രക്തച്ചൊരിച്ചിലില്ലാതെ പോളണ്ടിലെ ഭരണത്തെ ഇല്ലാതാക്കുകയാണ്. ഈ നിലയ്ക്ക് വിജയം കിട്ടുന്നില്ലെങ്കിൽ ഈ ഉടമ്പടിയുടെ ബലത്തിൽ ജർമ്മനി ആക്രമിക്കുന്നതാണ്. മറ്റു സമൂഹങ്ങൾ ഇടപെടുന്നില്ലെങ്കിൽ ശരി. അതല്ലെങ്കിൽ ജർമ്മനി പോളണ്ടിനെ ചവിട്ടി മെതിക്കുന്നതും ഇരുരാജ്യങ്ങളും അതിനെ വീതിച്ചെടുക്കുന്നതുമാണ്. കൂടാതെ ഈ ലേഖനത്തിൽ അദ്ദേഹം ഈ യുദ്ധത്തിനുശേഷം ഉണ്ടാകുന്ന അവസ്ഥകളിലേക്ക് വെളിച്ചം വീശുകയും തന്റെ ദീർഘ വീക്ഷണത്തിൽ ഐക്യ സംഘത്തിനു പ്രയോജനപ്രമായ ഉപദേശങ്ങൾ നൽകുകയും ചെയ്തു."*(റൂസ് ഔർ മൗജൂദ ജങ്ക്, അൻവാറുൽഉലൂം വാല്യം 15, പേജ് 13-14).* വളരെ ഉത്തമമായ അഭിപ്രായമാണ് നല്കിയത്. അതുകൊണ്ട് പോളണ്ട് രക്ഷപ്പെട്ടു.

ഞാൻ പറഞ്ഞു വന്നതുപോലെ അന്തർദേശീയ അവസ്ഥകളിലും അദ്ദേഹത്തിന് വളരെ ദീർഘദൃഷ്ടി ഉണ്ടായിരുന്നു. ഇത് സംബന്ധിച്ച അദ്ദേഹത്തിന്റെ ഇനിയും പ്രഭാഷണങ്ങളുണ്ട്. സാഹിത്യങ്ങളിൽ ഞാൻ പറഞ്ഞു വന്നതുപോലെ എണ്ണമറ്റ തഫ്സീറുകളുണ്ട്. ജുമുഅ പ്രഭാഷണങ്ങളും ജമാഅത്ത് സമ്മേളനങ്ങളിലും മറ്റു സന്ദർഭങ്ങളിലും ചെയ്ത പ്രഭാഷണങ്ങളും വൈജ്ഞാനികവും അഭൗമികവുമായ ജ്ഞാനങ്ങളുടെ ഖജനാവുകളാകുന്നു. തഫ്സീർ കബീർ ആദ്യം 10 വാല്യങ്ങളിലായിരുന്നു ഉണ്ടായിരുന്നത്. ഇപ്പോൾ അദ്ദേഹത്തിന്റെ നോട്ട്സുകൾക്കൂടി ഉൾപ്പെടുത്തി അത് വിപുലപ്പെടുത്തി 15 വാല്യങ്ങളിൽ ഇറക്കിയിട്ടുണ്ട്. വിഷയങ്ങൾ കുറെക്കൂടി വിശദമായി വിവരിച്ചിട്ടുണ്ട്. പിന്നെ വേറെയും സൂറത്തുകൾ അടങ്ങിയ നോട്ടുകൾ കിട്ടിയിട്ടുണ്ട്. അത് സംബന്ധമായി അവലോകനം നടത്തിക്കൊണ്ടിരിക്കുന്നു. അത് പ്രസിദ്ധീകരിക്കുകയാണെങ്കിൽ 20 വാല്യങ്ങളോളം വരും. അത് 3000 പേജുകളുണ്ട്. ചുരുക്കത്തിൽ അല്ലാഹു ഹദ്റത്ത് മസീഹ് മൗഊദ്ؑ ചെയ്ത പ്രവചനം, അദ്ദേഹത്തോടുചെയ്ത വാഗ്ദാനം അതിനെ എല്ലാ തലത്തിലും ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദിؓൽ പൂർത്തീകരിച്ചു കാണിച്ചു. ഏതാനും ഉദാഹരണങ്ങളാണ് ഞാനിപ്പോൾ നൽകിയത്.

ഹദ്റത്ത് മുസ്ലിഹ് മൗഊദ്ؓന്റെ ഈ വിജ്ഞാനിക സാഹിത്യങ്ങൾ നമ്മൾ വായിക്കാനും ശ്രമിക്കേണ്ടതാണ്. അതിലെ ഒരുപാടു കാര്യങ്ങൾ ഇന്നത്തെ അവസ്ഥകളുമായും യോജിച്ചുവരുന്നുണ്ട്. തീർച്ചയായും നമുക്കതിൽനിന്ന് പ്രയോജനമെടുക്കാവുന്നതാണ്. അതിന് അല്ലാഹു തൗഫീഖ് നൽകുമാറാകട്ടെ. *(വിവർത്തനം: എച്ച്.ശംസുദ്ദീൻ കാവശ്ശേരി)*

*(അൽഫള്ൽ ഇന്റർനാഷണൽ 2025 മാർച്ച് 14, പേജ് 2-7)*

പേജ് 7 ൽ നിന്ന്

നിന്ന് വിരമിച്ചതിനുശേഷം നേരെ മസ്ജിദിലെത്തി അവിടെ എല്ലാ കർത്തവ്യങ്ങളും നിർവഹിക്കുക എന്നതായിരുന്നു അദ്ദേഹത്തിന്റെ പ്രവർത്തന രീതി. മഗ്രിബ് നമസ്കാരത്തിനുശേഷം വീട്ടിൽ പോയിരുന്നു. ചില സമയത്ത് കൂടുതൽ സമയവും നൽകാറുണ്ടായിരുന്നു.

ഖിലാഫത്തുമായി അനിതര സാധാരണമായ അടുപ്പമുണ്ടായിരുന്നു. ഓരോ ആഹ്വാനത്തിനും ലബ്ബയ്ക്ക് പറയുന്ന ആളും സാധു സംരക്ഷകനും അതിഥി സൽക്കാര പ്രിയനും സഹാനുഭൂതിയുള്ള ആളുമായിരുന്നു. ബന്ധുക്കളെ തന്റെ വീട്ടിൽ താമസിപ്പിച്ച് വിദ്യാഭ്യാസം നൽകുകയും ചെയ്തിരുന്നു. അദ്ദേഹത്തിന്റെ ശിഷ്യരിൽ ഒരുപാട് മുറബ്ബിമാരും ഡോക്ടർമാരും എഞ്ചിനീയർമാരുമുണ്ട്. അവർ രാജ്യത്ത് മുഴുവനും പരന്നുകിടക്കുന്നു. സന്തപ്ത കുടുംബത്തിൽ ഭാര്യയെ കൂടാതെ ഒരു മകളും അഞ്ച് ആൺ മക്കളുമുണ്ട്.

യു.കെ അമീർ സാഹിബിന്റെ ഓഫീസിൽ ജീവനക്കാരനായ മുബശ്ശിർ അഹ്മദ് ഗോന്ദൽ സാഹിബ് അദ്ദേഹത്തിന്റെ ഭാര്യാസഹോദരിയുടെ ഭർത്താവാണ്. അദ്ദേഹത്തിന്റെ മകൻ ഉസാമ പറയുന്നു: എനിക്ക് ബുദ്ധിവെച്ച നാൾ മുതൽ പിതാവ് മസ്ജിദുമായും ജമാഅത്തുമായും വളരെ ബന്ധമുള്ള ആളായി ഞാൻ കണ്ടിട്ടുണ്ട്. വിരളമായി മാത്രമേ മസ്ജിദിൽ പോകാതിരുന്നിട്ടുള്ളൂ. ഓഫീസിൽ കൃത്യമായി ഉണ്ടാകുമായിരുന്നു. എന്തെങ്കിലും വളരെ നിർബന്ധിത കാരണത്താൽ അല്ലാതെ ഒരിക്കലും ഓഫീസിൽ പോകുന്നത് മുടക്കിയിരുന്നില്ല. ജമാഅത്തിലെ ആളുകൾക്ക് അദ്ദേഹം ഓഫീസിലോ മസ്ജിദിലോ ഉണ്ടാകുമെന്നു ഉറപ്പായിരുന്നു.

കേന്ദ്രത്തിൽനിന്ന് വരുന്ന അതിഥികളെ വളരെയേറെ ബഹുമാനിക്കുകയും സേവിക്കുകയും ചെയ്തിരുന്നു. ഓസ്ട്രേലിയായിലേക്ക് താമസം മാറ്റി കുറച്ച് സമയത്തിനകം അവിടെ കേസുകളുമുണ്ടായിരുന്നു. ഏതായിരുന്നാലും സാഹചര്യമനുസരിച്ചാണ് മാറി താമസിച്ചത്. ഇവിടെ വന്നതിനുശേഷവും ജമാഅത്തുപരമായ സേവനങ്ങൾ ചെയ്തുകൊണ്ടിരുന്നു. എല്ലാ സാമ്പത്തിക ത്യാഗത്തിലും ഓസ്ട്രേലിയായിലും പാകിസ്താനിലും ഉള്ളപ്പോഴും ഭാഗഭാക്കായിരുന്നു. ഓസ്ട്രേലിയായിലും തന്റെ സുഹൃത്‌വലയം വളരെ വലുതാക്കുന്നതിൽ അദ്ദേഹത്തിന് കഴിഞ്ഞിട്ടുണ്ടായിരുന്നു. ഓസ്ട്രേലിയായിൽ ലോക്കൽ ജമാഅത്തിൽ തഅ്ലീമുൽ ഖുർആൻ സെക്രട്ടറിയായിരുന്നു. തർബിയ്യത്ത് സെക്രട്ടറിയായും സേവനം ചെയ്തിട്ടുണ്ട്. വളരെ വിനയാനതനായ വ്യക്തിയും സേവനം ചെയ്യുന്നതിൽ വളരെ ആത്മാർഥതയുള്ള ആളുമായിരുന്നു. അല്ലാഹു അദ്ദേഹത്തോടു പൊറുമയോടും കരുണയോടും വർത്തിക്കുമാറാകട്ടെ. അദ്ദേഹത്തിന്റെ മക്കൾക്കും അദ്ദേഹത്തിന്റെ നന്മകൾ തുടരാൻ തൗഫീഖ് നൽകുമാറാകട്ടെ.*(അൽഫള്ൽ ഇന്റർനാഷണൽ 7 മാർച്ച് 2025 പേജ് 2-6)(വിവർത്തനം: എച്ച്. ശംസുദ്ദീൻ കാവശ്ശേരി)*

പേജ് 20 ൽ നിന്ന്

റിഞ്ഞ് നബിﷺതിരുമേനിയുടെ ഉന്നതമായ ധാർമിക സ്വഭാവത്തെ കണ്ടറിഞ്ഞ് സത്യം സ്വീകരിച്ച സ്ത്രീ സ്വതന്ത്രയാക്കപ്പെട്ടിട്ടും അത് അവഗണിക്കുകയാണുണ്ടായത്. നബിﷺ പറഞ്ഞു: "നിങ്ങൾക്ക് സ്വാതന്ത്ര്യം തന്നു കൊള്ളുന്നു." അപ്പോൾ അവർ നബിﷺതിരുമേനിയുടെ കൂടെ കഴിയാനാണ് ഇഷ്ടപ്പെട്ടത്. അവരെ ഇവർ വിമർശിക്കുന്നു!

ഇത്തരം സന്ദർഭത്തിൽ ഇവർ വ്യക്തിസ്വാതന്ത്ര്യത്തിന്റെയും നീതിബോധത്തിന്റെയും എല്ലാ നിയമങ്ങളെയും മറക്കുകയാണ് ചെയ്യുന്നത്. അതുപോലെതന്നെ ചില ആക്ഷേപകർ വളരെ മോശമായ രീതിയിൽ ആക്ഷേപം ഉന്നയിച്ചുകൊണ്ട് നബിﷺതിരുമേനി സ്വഫിയയുടെؓസൗന്ദര്യത്തെക്കുറിച്ച് കേട്ടപ്പോൾ ദിഹ്‌യയിൽനിന്ന് അവരെ തിരിച്ചുവാങ്ങി അവരെ വിവാഹം കഴിച്ചുവെന്നു പറയുന്നു. യഥാർഥത്തിൽ ഈ ആക്ഷേപവും അവരുടെ ബുദ്ധിശൂന്യത കാരണമാണ് ഉന്നയിക്കുന്നത്. നബിﷺതിരുമേനിയുടെ യഥാർഥ ജീവചരിത്രത്തെ കുറിച്ച് മനസ്സിലാക്കാത്തതു കാരണമാണ് ഈ ആക്ഷേപങ്ങളും ഉയരുന്നത്. അവരുടെ ഹൃദയങ്ങൾ പക്ഷപാതിത്വംകൊണ്ട് നിറഞ്ഞിരിക്കുകയാണ്, ഇവർ നീതിബോധത്തോടെ നോക്കുകയാണെങ്കിൽ, ശുദ്ധ ഹൃദയത്തോടെ വീക്ഷിക്കുകയാണെങ്കിൽ ഇത്തരമൊരു ചിന്തതന്നെ ഉടലെടുക്കുന്നതല്ല. നബിﷺതിരുമേനിയുടെ കഴിഞ്ഞകാല ജീവിതത്തെ സംബന്ധിച്ച് കണ്ണോടി

ക്കുകയാണെങ്കിൽ അതേക്കുറിച്ച് വിശുദ്ധ ഖുർആൻ വളരെ ഭംഗിയായി ശ്രദ്ധ ക്ഷണിക്കുന്നുണ്ട്: **ഫഖദ് ലബിഥ്തു ഫീക്കും ഉമുറൻ മ്മിൻ ഖബ്‌ലിഹീ അഫലാ തഅ്ഖിലൂൻ**(10:17) അതായത് ഞാൻ ഈ അവസ്ഥയ്ക്ക് മുമ്പേയും നിങ്ങൾക്കിടയിൽ ഒരു നീണ്ടകാലം കഴിച്ചു കൂട്ടിയിട്ടുണ്ടായിരുന്നു. നിങ്ങൾ എന്തുകൊണ്ട് ചിന്തിക്കുന്നില്ല. നബിﷺതിരുമേനി തന്റെ നിറയൗവനം എങ്ങനെയാണ് ആ സമൂഹത്തിൽ കഴിച്ചുകൂട്ടിയത്? അവിടെ മദ്യത്തിന്റെയും മദിരാക്ഷിമാരുടെയും സദസ്സുകൾ സർവ്വസാധാരണമായിരുന്നു. എന്നല്ല അഭിമാനപൂർവ്വം അതേക്കുറിച്ച് ചർച്ച ചെയ്യപ്പെട്ടിരുന്നു. നബിﷺ തിരുമേനി തന്റെ യുവത്വകാലം മുഴുവനും വിധവയും സംസ്കാര സമ്പന്നയുമായ ഒരു സ്ത്രീയെ വിവാഹം ചെയ്തു കഴിച്ച് കൂട്ടുകയാണുണ്ടായത്. ചുരുങ്ങിയത് 50 വയസ്സുവരെ ഈ ഒരു വിധവയോടൊപ്പമാണ് ധന്യമായ ജീവിതം നയിച്ചത്. ചരിത്രത്തിൽ പറയപ്പെടുന്നതുപോലെ വളരെ ഭംഗിയുള്ള സ്ത്രീകളെ ഖുറയ്ശി മൂപ്പന്മാർ നബിﷺതിരുമേനിക്കു നൽകാമെന്ന് പറഞ്ഞു. പക്ഷേ, നബിﷺതിരുമേനി അവരുടെ വാഗ്ദാനത്തെ നിരസിക്കുകയാണു ചെയ്തത്.

നബിﷺതിരുമേനിയുടെ യുവത്വവും കഴിഞ്ഞു കടന്ന ഈ മാസവും വർഷവും നബിﷺതിരുമേനിക്ക് നഊദുബില്ലാഹ് വിവാഹങ്ങളുടെ ധൂർത്തിൽ വിദൂരമായ ബന്ധം പോലുമുണ്ടായിരുന്നില്ലെന്നതിന് വ്യക്തമായ തെളിവാണ്. പിന്നീട് നബിﷺതിരുമേനി വിവാഹങ്ങൾ ചെയ്തു. അതിന്റെ ഒരു യുക്തി സമൂഹങ്ങൾക്കും ഗോത്രങ്ങൾക്കുമിടയിൽ രഞ്ജിപ്പും ധാരണയും സ്നേഹവും ബന്ധവുമുണ്ടാക്കുന്നതിന് വേണ്ടിയും വിശ്വാസത്തിന്റെ അന്തരീക്ഷം സൃഷ്ടിക്കാൻ വേണ്ടിയുമായിരുന്നു. ഉദാഹരണമായി ബനൂ മുസ്ത്വലിഖിന്റെ നേതാവായ ഹാരിഥിന്റെ മകൾ ജുവയ്‌രിയെയും ഖുറയ്ശികളുടെ നേതാവായ അബൂസുഫിയാന്റെ മകൾ ഉമ്മു ഹബീബയെയും വിവാഹം കഴിച്ചു.

അതുപോലെതന്നെ ഖയ്ബർ കീഴടക്കിയപ്പോൾ അവരുടെ ഗോത്രനേതാവിന്റെ ഭാര്യയെയും മകളെയും ഒരു അടിമ സ്ത്രീ കണക്കെ ഒരു സാധാരണ വ്യക്തിക്ക് കൈമാറിയാൽ അത് അവരെ നിന്ദിക്കുകയും അവഹേളിക്കുകയും ചെയ്യുന്നതുപോലെയാണ്. നബിﷺതിരുമേനി ആത്മീയ ലോകത്തിന്റെ രാജാവും അതോടൊപ്പംതന്നെ മദീനയുടെ ഭരണാധികാരിയുമായിരുന്നു. അതുകൊണ്ട് ഹദ്റത്ത് സ്വഫിയയെ ആദ്യം സ്വതന്ത്രയാക്കി, അവർക്ക് അന്തസ്സ് നൽകി. പിന്നെ അവർക്ക് സ്വന്തം വീട്ടുകാരോടൊപ്പം പോകുന്നതിനുള്ള സ്വാതന്ത്ര്യവും നൽകി. അവരുടെ സ്ഥാനവും മഹിമയും വർധിപ്പിക്കുകയാണ് ചെയ്തത്. നിങ്ങൾക്ക് നിങ്ങളുടെ വീട്ടിലേക്കു പോകാവുന്നതാണെന്നു പറഞ്ഞു. പിന്നീട് അവരെ വിവാഹം കഴിച്ചുകൊണ്ട് അവർക്ക് എല്ലാ വിശ്വാസികളുടെയും മാതാവ് എന്ന് പറയപ്പെടാനുള്ള അർഹത നൽകുകയും ചെയ്തു. മാത്രമല്ല അതോടൊപ്പംതന്നെ പ്രസ്തുത ഗോത്രങ്ങളുടെയും കുടുംബങ്ങളുടെയും അന്തസ്സും വർധിച്ചു. സമൂഹത്തിൽ സമാധാനത്തിന്റേയും ശാന്തിയുടേയും അന്തരീക്ഷമുണ്ടായി. വില്യം മൻടംഗംരി വാട്ട് ഒരു സ്കോട്ടിഷ് ഓറിയന്റലിസ്റ്റാണ്. അയാൾ ഇസ്‌ലാമിനും നബിﷺതിരുമേനിക്കുമെതിരിൽ ഒരുപാട് കഠിനമായ വിമർശനങ്ങൾ തന്റെ പുസ്തകത്തിൽ എഴുതി. അയാളുടെ ഒരു പുസ്തകത്തിന്റെ പേര് 'മുഹമ്മദ് അറ്റ് മദീന' എന്നാണ്. ഇയാൾ നബിﷺതിരുമേനിയുടെ വിമർശകൻ എന്നതിലുപരി അവിടത്തെ വിവാഹങ്ങളെ സംബന്ധിച്ചെഴുതുമ്പോൾ യഹൂദികളുടെ പെൺമക്കളായ സ്വഫിയയും റയ്ഹാനയുമായുള്ള ബന്ധം, രാഷ്ട്രീയമായ നീക്കങ്ങൾക്ക് ആയിരിക്കാമെന്നു എഴുതാൻ നിർബന്ധിതനായി. അതല്ലാതെ എന്തെങ്കിലും സൗന്ദര്യം കണ്ടുകൊണ്ടായിരുന്നില്ല വിവാഹം നടന്നത്. പ്രത്യുത എഴുതുന്നു:അതിനു രാഷ്ട്രീയപരമായ കാരണങ്ങളുണ്ടായിരിക്കും. നബിﷺതിരുമേനിയുടെ വിവാഹങ്ങളും അതോടനുബന്ധിച്ചുള്ള പട്ടികയിലും സ്ത്രീകളുടെ കൂട്ടത്തിൽ പറയുന്ന വിവാഹ ബന്ധങ്ങളുടെ അടിസ്ഥാനപരമായ ലക്ഷ്യം ഒരു പക്ഷേ, രാഷ്ട്രീയപരമായിരിക്കുമെന്നും വ്യക്തമാക്കുന്നു. അതായത് ചുരുങ്ങിയപക്ഷം അത് ഒരു തെറ്റായ വീക്ഷണത്തിലല്ല എന്നെങ്കിലും അംഗീകരിക്കുന്നു.*(എൻസൈക്ലോപീഡിയ ബ്രിട്ടാനിക്ക എഡിഷൻ 9, വാല്യം 16, പേജ് 558)(മുഹമ്മദ് അറ്റ് മദീന, മോണ്ടോഗോമെരി വാട്ട് പേജ് 268)*

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വൽؓഒരു പ്രസിദ്ധ ഓറിയന്റ്ലിസ്റ്റായ വില്യം മ്യൂർ ഹദ്റത്ത് സ്വഫിയയുടെ വിവാഹത്തെ സംബന്ധിച്ച് ഉന്നയിച്ച ആക്ഷേപത്തിന് മറുപടി നല്കിക്കൊണ്ട് പറയുന്നു: 'ഒരുപക്ഷേ, അയാൾക്ക് അറബികളുടെ ചട്ടങ്ങളെ സംബന്ധിച്ച് അറിയില്ലായിരിക്കും. ജയിച്ചടക്കുന്ന പ്രദേശത്തിന്റെ നേതാവിന്റെ മകളെ അല്ലെങ്കിൽ ഭാര്യയെ നാട്ടിൽ സമാധാനത്തിനും ശാന്തിയ്ക്കും വേണ്ടിയും പ്രബലരായ ആളുകളുമായുള്ള സ്നേഹം ഊട്ടിയുറപ്പിക്കുന്നതിനുവേണ്ടിയും വിവാഹം കഴിക്കാറുണ്ടായിരുന്നു. എല്ലാ പ്രജകളും അതുപോലെ രാജകീയ കുടുംബാംഗങ്ങളും അതിൽ തൃപ്തരാകുമായിരുന്നു. ആർക്കും അത് അസ്വസ്ഥമായി തോന്നിയിട്ടില്ല. അങ്ങനെ ഖയ്ബർ ജയിച്ചടക്കിയതിനു ശേഷം എല്ലാ യഹൂദികളും അവിടെത്തന്നെ താമസിക്കുന്നത് ഇഷ്ടപ്പെടുകയും ചെയ്തു."*(ഖുത്ബാത്തെ നൂർ പേജ് 532).*

ഹദ്റത്ത് സ്വഫിയയുടെ വിവാഹത്തെ സംബന്ധിച്ച് നമ്മുടെ നബി ചരിത്രകാരന്മാരും മറ്റു ചരിത്രകാരന്മാരും ഒരു കരുതലുംകൂടാതെ അബദ്ധം ചെയ്യുകയും ഒരു തരത്തിലുള്ള സൂക്ഷ്മപരിശോധനയും കൂടാതെ നിവേദനങ്ങളെടുക്കുകയും ചെയ്തു. അതിന് ഒരു തലയും വാലുമില്ലായിരുന്നു. ഉദാഹരണമായി ഈ നിവേദനത്തിൽ ചുരുങ്ങിയപക്ഷം എല്ലാ ചരിത്രവും എല്ലാ നബി ചരിത്രഗ്രന്ഥങ്ങളും നബിﷺതിരുമേനി ഹദ്റത്ത് സ്വഫിയയെ ആദ്യം ഹദ്റത്ത് ദിഹ്‌യയെ ഏൽപ്പിച്ചിരുന്നുവെന്നും പിന്നീട് അവരുടെ സൗന്ദര്യത്തെ പറ്റി കേട്ടപ്പോൾ ഹദ്റത്ത് സ്വഫിയയെ വിളിച്ചുവരുത്തി തനിക്കു വേണ്ടി നിജപ്പെടുത്തിയെന്നും പറയുന്നു. ഇതേതരത്തിലുള്ള വിഷയമടങ്ങിയ ഒരു നിവേദനം ബുഖാരിയിലുമുണ്ട്. അതിലെ നിവേദനം ഇപ്രകാരമാണ്: ഹദ്റത്ത് അനസ്ؓനിവേദനം. അദ്ദേഹം പറഞ്ഞു 'ഞങ്ങൾ ഖയ്ബറിലെത്തി. അല്ലാഹു വിജയം നൽകിയപ്പോൾ സ്വഫിയ ബിൻത് ഹുയയ്യുബ്നു അഖ്ത്വബിന്റെ സൗന്ദര്യത്തെക്കുറിച്ച് നബിﷺതിരുമേനിയുടെ മുന്നിൽ വർണ്ണിച്ചു. ആ സമയത്ത് അവർ പുതുമാണവാട്ടി തന്നെയായിരുന്നു. അവരുടെ ഭർത്താവ് കൊല്ലപ്പെടുകയായിരുന്നു. അതായത് വിവാഹത്തിന് ഏതാനും കുറഞ്ഞ കാലമേ കഴിഞ്ഞിരുന്നുള്ളു. അപ്പോൾ നബിﷺതിരുമേനി അവരെ തനിക്കുവേണ്ടി തിരഞ്ഞെടുത്തു. ഈ നിവേദനം വെച്ചുകൊണ്ടാണ് ചില രോഗഗ്രസ്തമായ മസ്തിഷ്കമുള്ളവർ ആക്ഷേപങ്ങൾ ഉന്നയിക്കുന്നത്. (തുടരും)

**നൂറുൽ ഇസ്‌ലാം വകുപ്പിന്റെ പ്രവർത്തന സമയം:**

രാവിലെ 9 മണി മുതൽ രാത്രി 11 മണിവരെ. വെള്ളിയാഴ്ച ദിവസം അവധിയായിരിക്കും.

**TOLL FREE NUMBER**
**1800 3010 2131**

**• ഹദീഥുന്നബ്‌വിﷺ •**



**തനിക്കുവേണ്ടി ഇഷ്ടപ്പെടുന്നത് തന്റെ സഹോദരനുവേണ്ടി ഇഷ്ടപ്പെടാത്തപക്ഷം നിങ്ങളിലാരും വിശ്വസായാകുന്നില്ല.**
(ബുഖാരി 2:6)

ത്വാലിബെ ദുആ
**SERA SPORTS,** GROUND FLOOR
ARAFAH ARCADE 4/45A, 4/45 A1, IRINGALOOR, OPP
GOVT.H.S.S, OLAVANN, MOB-8845680091

**• ഹദീഥുന്നബ്‌വിﷺ •**

**"അന്നദമു തൗബത്തുൻ."**
**ചെയ്ത പാപത്തിൽ ലജ്ജിക്കുന്നതാണ് യഥാർഥ പശ്ചാത്താപം.**

ത്വാലിബെ ദുആ
**E.H.NAJEEB AND FAMILY**
KAKKANAD, ERNAKULAM

**• ഹദീഥുന്നബ്‌വിﷺ •**

**"ലാ തതമന്നഉൽമൗത."**
**മരണം ആഗ്രഹിക്കരുത്.**

ത്വാലിബെ ദുആ
**P. SAFFAR AHMAD &FAMILY**
JAMA'ATH KARULAI, MALAPPURAM,KERALA.

# ഖുത്ബ ജുമുഅ

ആ അക്രമികളെ കീഴ്പ്പെടുത്തിയതിനുശേഷം നബിﷺതിരുമേനി അവരോടു പൊറുമയോടും സഹിഷ്ണുതയോടും പെരുമാറി. അതിനെ സംബന്ധിച്ച് അവർ ശ്ലാഘിക്കുന്നതു പോകട്ടെ പരാമർശിക്കുന്നതു പോലുമില്ല. പിന്നെ അവരുടെ രഞ്ജിപ്പിനുള്ള അപേക്ഷയെ അംഗീകരിച്ചുകൊണ്ട് അവരെ മുഴുവനും നാടുകടത്താമെന്ന നിബന്ധനയിൽ നബിﷺതിരുമേനി അവർക്ക് മാപ്പ് കൊടുത്തു. അതിലുപരി അധികം യഹൂദികൾ അവിടെത്തന്നെ താമസിക്കുന്നതിനും കൃഷിപ്പണി തുടരാനും അനുമതി നൽകണമെന്നും പകുതി വരുമാനം താങ്കൾക്ക് എടുക്കാമെന്നും പറഞ്ഞു. നബിﷺതിരുമേനി അവരുടെ ഈ അപേക്ഷയും സ്വീകരിച്ചു. രഞ്ജിപ്പിന്റെയും സമാധാനത്തിന്റെയും ഒരു ഉടമ്പടി തീരുമാനമായി.

ഒരു നിവേദനമനുസരിച്ച് ഹദ്റത്ത് ബിശ്ർ ബിൻ ബറാഅ്ؓ വഫാത്തായപ്പോൾ നബിﷺതിരുമേനി ആ സ്ത്രീയെ വധിക്കാൻ കൽപ്പിച്ചു. അങ്ങനെ അവളെ വധിക്കുകയും ചെയ്തു......മുസ്ലിമിന്റെ ഹദീഥിൽനിന്ന് വ്യക്തമായ നിലയിൽ സ്ഥാപിതമാകുന്നതുപോലെ ശക്തമായ സാധ്യത ആ സ്ത്രീക്ക് മാപ്പു നൽപ്പെട്ടു എന്നാണ്. ഹദ്റത്ത് മുസ്ലിഹ് മൗഊദ്ؓന്റെ അഭിപ്രായവും ഇതുതന്നെയാണ്.

നബിﷺതിരുമേനിയുടെ യുവത്വവും കഴിഞ്ഞു കടന്ന ഈ മാസവും വർഷവും നബിﷺതിരുമേനിക്ക് നഊദുബില്ലാഹ് വിവാഹങ്ങളുടെ ധൂർത്തിൽ വിദൂരമായ ബന്ധം പോലുമുണ്ടായിരുന്നില്ലെന്നതിന് വ്യക്തമായ തെളിവാണ്. പിന്നീട് നബിﷺതിരുമേനി വിവാഹങ്ങൾ ചെയ്തു. അതിന്റെ ഒരു യുക്തി സമൂഹങ്ങൾക്കും ഗോത്രങ്ങൾക്കുമിടയിൽ രഞ്ജിപ്പും ധാരണയും സ്നേഹവും ബന്ധവുമുണ്ടാക്കുന്നതിന് വേണ്ടിയും വിശ്വാസത്തിന്റെ അന്തരീക്ഷം സൃഷ്ടിക്കാൻ വേണ്ടിയുമായിരുന്നു. ഉദാഹരണമായി ബനൂ മുസ്ത്വലിഖിന്റെ നേതാവായ ഹാരിഥിന്റെ മകൾ ജുവയ്രിയെയും ഖുറയ്ശികളുടെ നേതാവായ അബൂസുഫിയാന്റെ മകൾ ഉമ്മു ഹബീബയെയും വിവാഹം കഴിച്ചു.

നബിﷺതിരുമേനിചെയ്ത ഈ എല്ലാ വിവാഹങ്ങളും തീർച്ചയായും ദൈവികമായിരുന്നു. അതേ അതിന്റെ ഫലങ്ങളും വളരെയേറെ അനുഗ്രഹങ്ങൾക്ക് പാത്രമായിരുന്നു.

ഏതെങ്കിലും ഹദീഥിലോ ചരിത്രത്തിലോ നബിചരിത്ര ഗ്രന്ഥങ്ങളിലോ നബിﷺതിരുമേനിയുടെ ചരിത്രം സംബന്ധിച്ച് എന്തെങ്കിലും നിവേദനം രേഖപ്പെടുത്തിയിട്ടുണ്ടെങ്കിൽ അത്, മേൽ വിശുദ്ധ ഖുർആന്റെ ആയത്തിൽ അതായത് ഞാനോതിയ ആയത്തിൽ പറഞ്ഞതുപോലെ അല്ലാഹുവിനു വേണ്ടി മാത്രമായിരിക്കുന്നതാണ്. അതിന്റെ വെളിച്ചത്തിലും ഹദ്റത്ത് മസീഹ് മൗഊദ്ؑന്റെ ലിഖിതങ്ങളുടെ അടിസ്ഥാനത്തിലും ഈ കാര്യങ്ങൾ നോക്കുകയും അതിനെ താരതമ്യം ചെയ്യേണ്ടതുമാണ്. അതല്ലാതെ എല്ലാ ഓറിയന്റലിസ്റ്റുകളും പറയുന്ന കാര്യങ്ങൾ അംഗീകരിക്കുകയല്ല. എന്നിട്ട് നമുക്ക് ഉത്തരംമുട്ടി എന്ന് മനസ്സിലാക്കുകയല്ല വേണ്ടത്. ഇതാണ് നബിﷺ തിരുമേനിയുടെ പരിശുദ്ധി നിലനിറുത്തുന്നതിനുള്ള യഥാർഥ കർമ്മം. അല്ലാതെ വെറും മുദ്രാവാക്യം വിളിക്കുകയല്ല വേണ്ടത്.

**ഖയ്ബർ യുദ്ധത്തിന്റെ പശ്ചാത്തലത്തിൽ നബിചരിത്രവിവരണം. നബിﷺതിരുമേനിക്ക് വിഷം കൊടുക്കുന്നതിനുള്ള നിന്ദ്യമായ പദ്ധതിയുടേയും സ്വഫിയായുമായുള്ള വിവാഹത്തിന്റേയും വിശദീകരണം**

രണ്ടുദിവസം കഴിഞ്ഞാൽ ഇൻശാ അല്ലാഹ് റമളാൻ ആരംഭിക്കുകയാണ്. അല്ലാഹു അതിൽനിന്ന് പൂർണ്ണമായും പ്രയോജനമെടുക്കാനും സ്വീകാര്യയോഗ്യമായ നോമ്പുകൾ പിടിക്കാനും ദുആകൾ ചെയ്യാനും എല്ലാവർക്കും തൗഫീഖ് നൽകുമാറാകട്ടെ. അതിനു വേണ്ടി ദുആ ചെയ്യുകയും പരിശ്രമിക്കുകയും ചെയ്യുക. റബ്വയിലെ ചൗദ്‌രീ മുഹമ്മദ് അൻവർ സാഹിബിനെ കുറിച്ചുള്ള അനുസ്മരണവും ജനാസ ഗാഇബും

**ഖുത്ബ ജുമുഅ 2025 ഫെബ്രുവരി 28, 1404 തബ്ലീഗ് 28, മസ്ജിദ് മുബാറക്, ഇസ്‌ലാമാബാദ്, ടിൽഫോർഡ് (സർറെ)യു.കെ.**

ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്
ایدہ اللہ تعالیٰ بنصرہ العزیز

اَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَاَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ
اَمَّا بَعْدُ فَاَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ ○ بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ ○
اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ ○ الرَّحْمٰنِ الرَّحِيْمِ ○ مٰلِكِ يَوْمِ الدِّيْنِ ○ اِيَّاكَ نَعْبُدُ وَاِيَّاكَ نَسْتَعِيْنُ ○
اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ ○ صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ ۙ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ ○

തിരുനബിചരിത്രത്തിന്റെ വെളിച്ചത്തിൽ ഖയ്ബർയുദ്ധത്തിൽ നബിﷺതിരുമേനിയുടെ മാതൃക ഏതു വിധത്തിലായിരുന്നു എന്നതിനെക്കുറിച്ചാണ് പറഞ്ഞുവന്നിരുന്നത്.

ഖയ്ബർ യുദ്ധത്തിനുശേഷം യഹൂദികളിൽനിന്ന് നബിﷺതിരുമേനിയെ അപായപ്പെടുത്തുന്നതിനുള്ള ഒരു ഗൂഢാലോചന നടന്നിരുന്നു. വിഷംപുരട്ടിയ ആട്ടിറച്ചി നബിﷺതിരുമേനിക്ക് നൽകാനുള്ള ശ്രമവുമുണ്ടായി. ഇതിന്റെ വിശദീകരണം ഇപ്രകാരമാണ്: ഖയ്ബർ ജയിച്ചടക്കിയതിനുശേഷം ഖയ്ബർകാരുമായി ഉടമ്പടി ഉണ്ടാക്കിയിരുന്നു. വളരെ ദയനീയമായ പരാജയം ഏറ്റുവാങ്ങിയതിനുശേഷം ഉടമ്പടിയനുസരിച്ച് ഇവരൊരിക്കൽക്കൂടി നബിﷺതിരുമേനിയുടെ കാരുണ്യത്തിനും വിധേയരായി. അതായത് നബിﷺതിരുമേനി അവർക്ക് മാപ്പു നൽകുക മാത്രമല്ല, ഖയ്ബറിൽ താമസിക്കുന്നതിനുള്ള അനുമതിയും നൽകി. ജനങ്ങൾക്ക് സമാധാനമായപ്പോൾ ഒരു ദിവസം യഹൂദി, ഖയ്ബർ സൈന്യത്തിന്റെ സൈന്യാധിപനായ സല്ലാം ബിൻ മിശ്കമിന്റെ ഭാര്യ സയ്നബ് ബിൻത് ഹാരിഥ്, നബിﷺതിരുമേനിയുടെ തിരുസന്നിധിയിൽ വേവിച്ച ആട്ടിറച്ചി കൊണ്ടുവരികയും താങ്കൾക്ക് തന്റെ സമ്മാനമാണെന്ന് പറഞ്ഞ് കൊടുക്കുകയും ചെയ്തു. ഈ ഗൂഢതന്ത്രത്തിൽ ആ സ്ത്രീ മാത്രമായിരുന്നില്ല ഉണ്ടായിരുന്നത്. പ്രത്യുത യഹൂദികളിലെ മറ്റു ചിലയാളുകളും കൂടിയിട്ടുണ്ടായിരുന്നുവെന്ന് ചില സ്ഥലങ്ങളിൽ കാണുന്നുണ്ട്. നബിﷺതിരുമേനിയുടെ കൽപ്പനപ്രകാരം പ്രസ്തുത സമ്മാനം നബിﷺതിരുമേനിയുടെ മുന്നിൽ വെച്ചു. അവിടെ കുറച്ചു സ്വഹാബാക്കളുമുണ്ടായിരുന്നു. അവരിൽ ബിശ്ർ ബിൻ ബറാഉം സന്നിഹിതനായി

രുന്നു. സ്വഹാബാക്കളോടു നബിﷺതിരുമേനി പറഞ്ഞു: 'അടുത്തു വരുവിൻ.' അതിനുശേഷം നബിﷺതിരുമേനി അതിൽനിന്ന് കൈ ഭാഗത്തുള്ള മാംസത്തിൽനിന്ന് ഒരു ചെറിയ കഷണമെടുത്തു. മറ്റുള്ളവരും എടുത്തിരുന്നു. നബിﷺതിരുമേനി പറഞ്ഞു: "കൈ പിന്നോട്ടെടുക്കുക. കൈയുടെ ഭാഗത്തെ മാംസത്തിൽ വിഷം പുരട്ടിയിട്ടുണ്ടെന്ന് മനസ്സിലാകുന്നു" ഹദ്റത്ത് ബിശ്ർ ബിൻ ബറാഅ്ؓ അവിടെ ഉണ്ടായിരുന്നു. അദ്ദേഹം പറഞ്ഞു: "അങ്ങയ്ക്ക് അന്തസ്സു പ്രദാനം ചെയ്ത നാഥനാണെ സത്യം! ഞാൻ കഴിച്ച കഷണത്തിൽ എനിക്കൊരു അസ്വസ്ഥത അനുഭവപ്പെട്ടിരുന്നു. പക്ഷേ, അങ്ങയുടെ ഭക്ഷണം കേടുവരുത്തേണ്ടെന്ന് കരുതിയാണ് ഞാനത് ഛർദ്ദിച്ചു കളയാതിരുന്നത്." പിന്നീട് നബിﷺതിരുമേനി ആ കഷണം പുറത്ത് തുപ്പിക്കളഞ്ഞു. പക്ഷേ, എന്നെക്കാളുമധികം നബിﷺതിരുമേനിയെ സംബന്ധിച്ചുള്ള ചിന്തയായിരുന്നു എന്നെ അലട്ടിയത്. പക്ഷേ, നബിﷺതിരുമേനി അത് ഇറക്കിയിട്ടില്ലെന്നറിഞ്ഞപ്പോൾ ഞാൻ സന്തോഷിച്ചു. ഹദ്റത്ത് ബിശ്ർؓ തന്റെ സ്ഥാനത്തുനിന്ന് എഴുന്നേറ്റിട്ടുണ്ടായിരുന്നില്ല, അതിനുമുമ്പേ അദ്ദേഹത്തിന്റെ നിറം മാറാൻ തുടങ്ങി. പിന്നീട് അദ്ദേഹത്തിന് രോഗം മൂർച്ഛിച്ചു. സ്വന്തമായി തിരിഞ്ഞു കിടക്കാൻ പോലും വയ്യാതായി. അങ്ങനെ ഏകദേശം ഒരു വർഷം കഴിഞ്ഞ് അദ്ദേഹം വഫാത്തായി. ചിലർ പറയുന്നു: തന്റെ സ്ഥലത്തുനിന്ന് അനങ്ങാൻ പോലും അദ്ദേഹത്തിന് കഴിഞ്ഞിരുന്നില്ല, അങ്ങനെതന്നെ അദ്ദേഹം വഫാത്തായി. രണ്ട് നിവേദനങ്ങളുമുണ്ട്.*(സീറത്ത് ഹൽബിയ വാല്യം 3, പേജ് 79, പ്രസാധനം ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റൂത്ത്)(ബുഖാരി കിതാബുൽമഗാസി, ഹദീഥ് 3169) (അയ്യാമു ഫീ ഹയാത്തിർറസൂൽ ﷺ, ഫാറൂഖ് ഹമ്മാദ, പേജ് 144, ദാറുസ്സലാം ഖാഹിറ)*

മാംസംകൊടുത്ത സ്ത്രീയെ വിളിച്ച് നബിﷺതിരുമേനി ചോദിച്ചു: "നീ ഈ മാംസത്തിൽ വിഷം കലർത്തിയിരുന്നുവോ?" അവൾ ചോദിച്ചു: "താങ്കളോട് ആരാണ് അത് പറഞ്ഞത്?" നബിﷺതിരുമേനി പറഞ്ഞു: "എനിക്ക് കൈയിലെ ആ മാംസംതന്നെയാണ് വിവരം നൽകിയത്. അതാണെന്റെ കൈയിലുണ്ടായിരുന്നതും.' അവൾ പറഞ്ഞു: 'അതെ, ഞാനതിൽ വിഷം പുരട്ടിയിരുന്നു. നബിﷺതിരുമേനി ചോദിച്ചു: "ഇങ്ങനെ ചെയ്യാൻ നിന്നോടു ആരാണ് പറഞ്ഞത്?"അവൾ പറഞ്ഞു: "താങ്കൾ എന്റെ സമുദായത്തോടു ചെയ്ത കാര്യങ്ങൾ താങ്കളിൽനിന്ന് ഗോപ്യമല്ല. താങ്കൾ രാജാവാണെങ്കിൽ ഞങ്ങൾക്ക് താങ്കളിൽനിന്ന് മോചനം കിട്ടുമെന്നും അതല്ല താങ്കൾ നബിയാണെങ്കിൽ താങ്കൾക്ക് അതേപ്പറ്റി അറിവുകിട്ടുമെന്നും ഞാൻ കരുതി." നബിﷺതിരുമേനി ആ സ്ത്രീക്ക് മാപ്പു കൊടുത്തു. ആ സ്ത്രീയോട് പ്രതികാരം ചെയ്തില്ല. മറ്റൊരു നിവേദനത്തിൽ പറയുന്നു: "നബിﷺതിരുമേനി അവളോടു ചോദിച്ചു: ഇങ്ങനെ ചെയ്യാൻ നിന്നെ ആരാണ് പ്രേരിപ്പിച്ചത്?" അവൾ പറഞ്ഞു: "താങ്കളെന്റെ പിതാവിനെയും എന്റെ പിതൃവ്യനെയും എന്റെ ഭർത്താവിനെയും എന്റെ സഹോദരനെയും വധിച്ചു.'

മറ്റൊരു നിവേദനമനുസരിച്ച് ഹദ്റത്ത് ബിശ്ർ ബിൻ ബറാഅ്ؓ വഫാത്തായപ്പോൾ നബിﷺതിരുമേനി ആ സ്ത്രീയെ വധിക്കുവാൻ കൽപ്പന നൽകി. അങ്ങനെ അവളെ വധിക്കുകയും ചെയ്തു. ഇങ്ങനെയും ഒരു നിവേദനമുണ്ട്. *(സുബുലുൽഹുദാ വർറശാദ് വാല്യം 5, പേജ് 134-135, ദാറുൽകുതുബുൽഇൽമിയ്യ ബെയ്റുത്ത്)*

ആ സ്ത്രീയെ വധിച്ചിട്ടില്ലെന്ന് സ്വഹീഹ് മുസ്ലിമിലെ നിവേദനത്തിലുണ്ട്. ഹദ്റത്ത് അനസ്ؓ നിവേദനം. അദ്ദേഹം പറയുന്നു: 'ഒരു യഹൂദ സ്ത്രീ, നബിﷺതിരുമേനിയുടെ അടുത്ത് വിഷംപുരട്ടിയ വേവിച്ച മാംസം കൊണ്ടുവന്നു. നബിﷺതിരുമേനി അതിൽനിന്ന് അൽപം ഭക്ഷിക്കുകയും ചെയ്തു. പിന്നീട് ആ സ്ത്രീയെ നബിﷺതിരുമേനിക്കു മുമ്പിൽ കൊണ്ടുവന്നു. നബിﷺതിരുമേനി ആ സ്ത്രീയോടു അതിനെ സംബന്ധിച്ചു ചോദിച്ചപ്പോൾ അവൾ പറഞ്ഞു: 'താങ്കളെ കൊല്ലുക എന്നതായിരുന്നു എന്റെ ഉദ്ദേശ്യം.' നബിﷺതിരുമേനി പറഞ്ഞു: 'അല്ലാഹു നിനക്ക് അതിന് ശക്തിനൽകാൻ ഒരിക്കലും സാധ്യതയില്ല.' നിവേദകൻ പറയുന്നു: 'ഇത്തരം ദുരുദ്ദേശ്യമുള്ള അവളെ വധിക്കട്ടെ എന്ന് ആളുകൾ ചോദിച്ചു.നബിﷺതിരുമേനി പറഞ്ഞു: 'അരുത്.' നിവേദകൻ പറയുന്നു: 'ആ ഇറച്ചിയുടെ ദുസ്സ്വാധീനം നബിﷺതിരുമേനിയുടെ തൊണ്ടയിൽ അനുഭവപ്പെട്ടിരുന്നതായി ഞാൻ കരുതുന്നു.'*(സ്വഹീഹ് മുസ്ലിം, കിതാബുസ്സലാം മുത്തർജിം വാല്യം 12, പേജ് 66, നൂർ ഫണ്ടേഷൻ)*

അല്ലാമ നവവി സ്വഹീഹ് മുസ്ലിമിന്റെ വ്യാഖ്യാനത്തിൽ എഴുതുന്നു: 'ഹദ്റത്ത് ജാബിറിൽ നിന്നുള്ള നിവേദനം: 'നബിﷺതിരുമേനി ആ സ്ത്രീയെ കൊല്ലിച്ചിരുന്നു.' ഹദ്റത്ത് ഇബ്നു അബ്ബാസ് ؓനിവേദനം: 'നബിﷺതിരുമേനി ആ സ്ത്രീയെ ഹദ്റത്ത് ബിശ്റിന്റെ അനന്തരാവകാശികളെ ഏൽപ്പിക്കുകയും അവർ അവളെ വധത്തിനുപകരം വധം(ഖിസ്വാസ്സ്) എന്ന നിലയിൽ വധിക്കുകയും ചെയ്തു.' നബിﷺതിരുമേനി അവരെ കൊല്ലിച്ചുവെന്ന കാര്യത്തിൽ എല്ലാ മുഹദ്ദിഥീങ്ങളും യോജിക്കുന്നു. ഖാളീ ഇയാള് പറഞ്ഞതനുസരിച്ച് വധിച്ചു അല്ലെങ്കിൽ വധിച്ചിട്ടില്ല എന്ന നിവേദനങ്ങളെ ഇപ്രകാരം സംയോജിപ്പിക്കാവുന്നതാണ്. ആദ്യം നബിﷺതിരുമേനി അവരെ വധിച്ചിരുന്നില്ല. എന്നാൽ, ഹദ്റത്ത് ബിശ്ർؓവഫാത്തായപ്പോൾ നബിﷺതിരുമേനി ആ സ്ത്രീയെ ഹദ്റത്ത് ബിശ്റിന്റെ അവകാശികളെ എല്പിച്ചു. ഹദ്റത്ത് മുസ്ലിഹ് മൗഊദ്ؓന്റെ അഭിപ്രായവും ഇതുതന്നെയാണ്. അവർ അവരെ പ്രതിക്രിയ എന്ന നിലയിൽ വധിച്ചു."*(അൽമിൻഹാജ്, ശറഹ് സ്വഹീഹ് മുസ്ലിം, വാല്യം 14, പേജ് 1638, പ്രസാധനം ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത്)*

പക്ഷേ, മുസ്ലിമിന്റെ ഹദീഥിൽനിന്ന് വ്യക്തമായ നിലയിൽ സ്ഥാപിതമാകുന്നതുപോലെ ശക്തമായ സാധ്യത ആ സ്ത്രീക്ക് മാപ്പു നൽപ്പെട്ടു എന്നാണ്. ഹദ്റത്ത് മുസ്ലിഹ് മൗഊദ്ؓന്റെ അഭിപ്രായവും ഇതുതന്നെയാണ്.

ഹദ്റത്ത് മുസ്ലിഹ് മൗഊദ്ؓവിവരിക്കുന്നു: മാംസത്തിന്റെ ഏതു ഭാഗമാണ് നബിﷺതിരുമേനി കൂടുതലിഷ്ടപ്പെടുന്നതെന്ന് ഒരു യഹൂദ സ്ത്രീ ചോദിച്ചു. സ്വഹാബാക്കൾ പറഞ്ഞു: കൈയുടെ ഭാഗത്തുള്ള മാംസമാണ് നബിﷺതിരുമേനിക്ക് കൂടുതലിഷ്ടം. അപ്പോൾ ആ സ്ത്രീ ഒരു ആടിനെ അറുക്കുകയും പിന്നെ പാറ മുകളിൽവെച്ച് അതിന്റെ മാംസം ഉണക്കുകയും തുടർന്ന് അതിൽ വിഷം കലർത്തുകയും ചെയ്തു. പ്രത്യേകിച്ചും കൈയുടെ ഭാഗത്തുള്ള മാംസത്തെ സംബന്ധിച്ച് പറയുന്നു, അത് നബിﷺതിരുമേനിക്ക് ഏറെ ഇഷ്ടമായിരുന്നു. സൂര്യാസ്തമയത്തിനുശേഷം നബിﷺതിരുമേനി വൈകുന്നേരത്തുള്ള നമസ്കാരം കഴിഞ്ഞ് തന്റെ താവളത്തിൽ മടങ്ങിവരുമ്പോൾ അവിടത്തെ കൂടാരത്തിനടുത്ത് ഒരു സ്ത്രീ ഇരിക്കുന്നത് കണ്ടു. നബിﷺതിരുമേനി അവളോടു ചോദിച്ചു: 'നീ എന്തിനാണ് ഇവിടെ വന്നിട്ടുള്ളത്?' അവൾ പറഞ്ഞു: 'അബുൽ ഖാസിമേ! ഞാൻ താങ്കൾക്കുവേണ്ടി ഒരു ഉപഹാരം കൊണ്ടുവന്നിട്ടുണ്ട്.' നബിﷺതിരുമേനി ഒരു സ്വഹാബിയോട് അവൾ തരുന്ന സാധനം വാങ്ങാൻ പറഞ്ഞു. അതിനുശേഷം നബിﷺതിരുമേനി ആഹാരം കഴിക്കാനിരുന്നു. അതിൽ ആ സ്ത്രീ കൊണ്ടുവന്ന പൊള്ളിച്ച ഇറച്ചിയും വെച്ചിരുന്നു. നബിﷺതിരുമേനി അതിൽനിന്ന് ഒരു കഷണം തിന്നു. നബിﷺതിരുമേനിയുടെ ഒരു സ്വഹാബിയായ ബശീറുബ്നുൽ ബറാഇബ്നുൽ മഅ്റൂറും അതിൽ നിന്ന് തിന്നു. ഇവിടെ സ്വഹാബിയുടെ പേര് ബശീർ എന്നതിന് പകരം ബിശ്ർ എന്നാണ് വേണ്ടിയിരുന്നതെന്ന് തോന്നുന്നു. ഇതിനിടയിൽ മറ്റു സ്വഹാബാക്കളും തിന്നുന്നതിനു വേണ്ടി കൈ നീട്ടി. അപ്പോൾ നബിﷺതിരുമേനി പറഞ്ഞു: 'തിന്നരുത്.' കാരണം നബിﷺതിരുമേനിയോട് ഇറച്ചിയിൽ വിഷം കലർത്തിയിട്ടുണ്ടെന്ന് കൈയുടെ ഭാഗത്തെ മാംസക്ഷണം അറിയിക്കുന്നുണ്ടായിരുന്നു. അതിന്റെ അർഥം നബിﷺതിരുമേനിക്ക് അതു സംബന്ധിച്ച് എന്തോ ഇൽഹാമുണ്ടായെന്നാണ്. മാത്രമല്ല ഇതൊരു അറബി ശൈലിയാണ്. അതിന്റെ അർഥം ഇറച്ചി രുചിച്ചപ്പോൾത്തന്നെ അതിൽ വിഷം കലർത്തിയിട്ടുണ്ടെന്ന് മനസ്സിലായി എന്നാകുന്നു. വിശുദ്ധ ഖുർആനിൽ മൂസാനബിയുടെؑ കാലത്തുള്ള ഒരു സംഭവം വിവരിച്ചുകൊണ്ട് ഒരു ഭിത്തിയെ സംബന്ധിച്ച് അത് വീഴാൻ ഒരുങ്ങുകയായിരുന്നു എന്ന് പറയുന്നുണ്ട്. അതിന്റെ അർഥം അതിൽ വീഴാനുള്ള എല്ലാ ലക്ഷണങ്ങളുമുണ്ടായിരുന്നുവെന്നാണ്. ചുരുക്കത്തിൽ ഇവിടെയും അതുതന്നെയാണ് അർഥമാക്കുന്നത്. ഈ കൈയുടെ ഭാഗത്തുള്ള മാംസക്ഷണം തന്നോട് പറയുന്നു എന്നർഥം. അതായത് അതിന്റെ ആ കഷണം രുചിച്ചപ്പോൾ തനിക്കു മനസ്സിലായി. അങ്ങനെ അടുത്ത വാക്കുകൾ ഈ അർഥത്തെ കൂടുതൽ സാധൂകരിക്കുന്നു. അപ്പോൾ ബിശ്ർؓ പറഞ്ഞു: 'അങ്ങയ്ക്ക് അന്തസ്സ് നൽകിയവനായ നാഥനാണെ സത്യം! എനിക്കും ഈ കഷണത്തിൽ വിഷമുള്ളതായി തോന്നിയിരുന്നു. എന്റെ മനസ്സ് അത് തുപ്പിക്കളയണമെന്ന് ആഗ്രഹിച്ചിരുന്നു. പക്ഷേ, അങ്ങനെ ചെയ്യുകയാണെങ്കിൽ അങ്ങയ്ക്ക് അത് അസ്വസ്ഥത ഉണ്ടാക്കുമെന്നും അങ്ങയുടെ ഭക്ഷണത്തെ ഞാൻ കേടു വരുത്തുകയായിരിക്കുമെന്നും ഞാൻ കരുതി. ആ കഷണം ഇറക്കിയപ്പോൾ ഞാനും അങ്ങയെ പിൻപറ്റിക്കൊണ്ട് അത് ഇറക്കി. പക്ഷേ, എന്റെ മനസ്സ് എന്നോടു പറഞ്ഞുകൊണ്ടിരുന്നതിനാൽ അതിൽ വിഷമുണ്ടായി

രിക്കുമോ എന്ന് സംശയമുണ്ടായിരുന്നു. അതുകൊണ്ട് അങ്ങ് അതിറക്കരുതെന്നായിരുന്നു എന്റെ ആഗ്രഹം.' ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്ﷺഇറച്ചിക്കഷണം ഇറക്കിയതു സംബന്ധിച്ച് പറയുന്നു: 'മറ്റു നിവേദനങ്ങളിൽ ഭക്ഷിച്ചിരുന്നില്ലെന്നും പുറത്തേക്കെടുത്തിരുന്നുവെന്നും പറയുന്നു. തുടർന്ന് അദ്ദേഹം പറയുന്നു: അതിനു ഏതാനും നിമിഷങ്ങൾക്കുശേഷം ബിശ്റിന്റെﷺആരോഗ്യനില വഷളായി. ചില നിവേദനങ്ങളിൽ പറയുന്നു: അദ്ദേഹം അവിടെ ഖയ്ബറിൽത്തന്നെ മരണപ്പെട്ടു. മറ്റു ചില നിവേദനങ്ങളനുസരിച്ച് അതിനുശേഷം കുറച്ചുകാലം അദ്ദേഹം രോഗിയായി തുടർന്നു. പിന്നീടാണ് മരണപ്പെട്ടത്. നബിﷺതിരുമേനി അതിൽനിന്ന് കുറച്ചു മാംസം ഒരു നായക്ക് ഇട്ടുകൊടുത്തു. അത് തിന്നപ്പോൾ ആ നായ ചത്തുപോയി. തുടർന്ന് നബിﷺതിരുമേനി ആ സ്ത്രീയെ വിളിച്ചുവരുത്തി ചോദിച്ചു: നീ ഈ ആട്ടിറച്ചിയിൽ വിഷം കലർത്തിയിരുന്നുവോ? അവൾ പറഞ്ഞു: 'താങ്കളോട് ആരാണിത് പറഞ്ഞത്? ആ സമയത്ത് നബിﷺതിരുമേനിയുടെ കൈയിൽ ആടിന്റെ കൈഭാഗത്തെ കഷണമുണ്ടായിരുന്നു. നബിﷺതിരുമേനി പറഞ്ഞു: 'ഇതാണ് എന്നോടു പറഞ്ഞത്.' അപ്പോൾ ആ സ്ത്രീ പ്രസ്തുത രഹസ്യം വെളിപ്പെട്ടുവെന്ന് മനസ്സിലാക്കുകയും താൻ അതിൽ വിഷം ചേർത്തിരുന്നുവെന്ന് സമ്മതിക്കുകയും ചെയ്തു. അപ്പോൾ നബിﷺതിരുമേനി അവളോടു ചോദിച്ചു: 'ഇത്തരത്തിൽ മോശമായ കാര്യം ചെയ്യാൻ നിന്നെ ആരാണ് പ്രേരിപ്പിച്ചത്?' അവൾ പറഞ്ഞു: 'താങ്കളുമായി എന്റെ സമുദായം യുദ്ധം ചെയ്തു. എന്റെ കുടുംബക്കാർ കൊല്ലപ്പെട്ടു. അപ്പോൾ ഞാൻ അദ്ദേഹത്തിനു വിഷം കൊടുക്കാമെന്ന് ചിന്തിച്ചു. ഇത് മനുഷികമായ ഇടപാടാണെങ്കിൽ അതായത് നബിﷺതിരുമേനി ചെയ്തുകൊണ്ടിരിക്കുന്ന ഈ പ്രവർത്തനം മനുഷ്യകൃതമായ വ്യാപാരമാണെങ്കിൽ ഞങ്ങൾക്ക് അതിൽനിന്ന് രക്ഷ കിട്ടുന്നതാണ്. ഇനി അതല്ല ഇദ്ദേഹം ശരിയായ പ്രവാചകനാണെങ്കിൽ ദൈവം അദ്ദേഹത്തെ രക്ഷിക്കുന്നതുമാണ്." നബിﷺതിരുമേനി അവളുടെ ഈ വാക്കുകൾക്ക് കേട്ടപ്പോൾ അവൾക്ക് മാപ്പു കൊടുത്തു. അവൾ തീർച്ചയായും വധാർഹയായിരുന്നെങ്കിലും വധിക്കുന്നത് ഒഴിവാക്കി."*(ദീബാച്ച തഫ്സീറുൽ ഖുർആൻ, അൻവാറുൽഉലൂം വാള്യം 20, പേജ് 32-329)* ഇതാണ് ഹദ്റത്ത് മുസ്‌ലിഹ് മൗഊദിന്റെﷺവീക്ഷണം.

മറ്റൊരു സംഗതി, നബിﷺതിരുമേനിയുടെ വഫാത്ത് ഈ വിഷം കാരണമാണുണ്ടായതെന്ന് പറയപ്പെടുന്നു. ഇത് ശരിയാണോ? സ്വഹീഹ് ബുഖാരിയിൽ ഹദ്റത്ത് ആഇശﷺയുടെ നിവേദനത്തിൽ പറയുന്നു: നബിﷺതിരുമേനി തന്റെ വഫാത്തുവേളയിൽ പറഞ്ഞു: അല്ലയോ ആഇശാ! ഖയ്ബറിൽ ഞാൻ കഴിച്ച ഭക്ഷണത്തിന്റെ പ്രയാസം ഇപ്പോഴും എനിക്ക് അനുഭവപ്പെടുന്നു. ഇപ്പോഴും ആ വിഷം കാരണം എന്റെ ഞരമ്പുകളൊക്കെ മുറിഞ്ഞു പോകുന്നതുപോലെ എനിക്കുതോന്നുന്നു. ഈ ഹദീഥിനെ ആധാരമാക്കി ചില മുസ്‌ലിം വ്യാഖ്യാതാക്കളും ഹദീഥ് പണ്ഡിതന്മാരും, നബിﷺതിരുമേനിയുടെ മരണം ഖയ്ബറിന്റെ അവസരത്തിൽ കഴിച്ച വിഷംപുരട്ടിയ ഇറച്ചിക്കഷണം മൂലമാണുണ്ടായതെന്നു പറയുന്നു. അങ്ങനെ ഈ മരണം ശഹാദത്താണെന്ന് വ്യാഖ്യാനിക്കുകയും ചെയ്യുന്നു. മാത്രമല്ല നബിﷺതിരുമേനി ശഹീദെ അഅ്ളം (മഹാനായ ശഹീദ്) ആണെന്നും പറയുന്നു. *(ദലാഇലുന്നുബുവ്വ, വാള്യം 4, ദാറുൽകുതുബുൽ ഇൽമിയ്യ, ബെയ്റുത്ത്) (ഫത്ഹുൽബാരി വാള്യം 8, പേജ് 166, ഖദീമീ കുതുബ്ഖാന, കറാച്ചി)(സ്വഹീഹുൽബുഖാരി, കിതാബുൽമഗാസി, ബാബു മർളിന്നബിയ്യിﷺവ വഫാത്തിഹി, ഹദീഥ് 4428)(സ്വഹീഹുൽബുഖാരി കിതാബുൽഹിബ, ബാബു ഖബൂലുൽ ഹദ്യ ഹദീഥ് 2617)*

വാസ്തവത്തിൽ നബിﷺതിരുമേനിക്കു ഇങ്ങനെയൊരു ഔപചാരികതയുടെ ആവശ്യമില്ലായിരുന്നു. നബിﷺ, ഈ സ്ഥാനവും പദവിയുമുള്ള ആൾത്തന്നെയാണ്. അദ്ദേഹം ശഹീദും സിദ്ദീഖുമാകുന്നു. എന്നല്ല അവധാനതയോടെ ചിന്തിക്കുകയാണെങ്കിൽ ഇങ്ങനെ പറയുന്നത് ശത്രുക്കൾക്ക് ചിരിക്കാൻ അവസരം നൽകുന്നതിന് തുല്യമാണ്. യഹൂദികൾ വിഷം കൊടുത്തത് ഇദ്ദേഹം സത്യപ്രവാചകനാണെങ്കിൽ പ്രസ്തുത വിഷത്തിൽനിന്ന് സംരക്ഷിക്കപ്പെടുമെന്നു കരുതിക്കൊണ്ടാണ്. നബിﷺതിരുമേനി രക്ഷപ്പെട്ടപ്പോൾ അവർ നബിﷺതിരുമേനി അല്ലാഹുവിൽ നിന്നുള്ള സത്യ പ്രവാചകൻ തന്നെയാണെന്ന് മനസ്സിലാക്കി. അത് അവരുടെ വീക്ഷണത്തിൽ ഒരു അത്ഭുതമായി നിലകൊണ്ടു. പക്ഷേ, ചില ശുദ്ധഗതിക്കാരായ ആളുകൾ ഈ വിഷം കാരണമാണ് നബിയുടെ മരണം സംഭവിച്ചതെന്ന് അംഗീകരിച്ചു കൊടുക്കുകയാണ് ചെയ്യുന്നത്. വാസ്തവത്തിൽ നബിﷺതിരുമേനിയുടെ മരണം ഒരിക്കലുംതന്നെ ഈ വിഷം കൊണ്ടായിരുന്നില്ല. നബിﷺതിരുമേനി ഒരു പ്രയാസഘട്ടത്തിൽ പറഞ്ഞ കാര്യമാണത്. എന്തെങ്കിലും ശാരീരിക ബുദ്ധിമുട്ടുകളുണ്ടാകുമ്പോൾ അതല്ലെങ്കിൽ പരിക്കോ രോഗമോ ഉണ്ടാകുമ്പോൾ ചില പ്രത്യേക സന്ദർഭങ്ങളിൽ പ്രത്യേക കാലാവസ്ഥയിൽ അത് വെളിപ്പെടാറുണ്ട്. ഇതിന്റെ വിശദാംശങ്ങളിലേക്ക് പോവുകയാണെങ്കിൽ നമുക്ക് കാണാൻ കഴിയുന്നത് നബിﷺതിരുമേനി പ്രസ്തുത ഇറച്ചിക്കഷണം വായിലിട്ടെങ്കിലും അതിറക്കുകയുണ്ടായില്ലെന്നാണ്. അത് വായിലിട്ടതു കാരണം തൊലിയിലും മറ്റും മുറിവുണ്ടായി. ചിലപ്പോൾ ഭക്ഷണം കഴിക്കുമ്പോൾ പ്രയാസം തോന്നിയിട്ടുണ്ടാകാം. ഈ പ്രയാസത്തെ പറ്റി നബിﷺതിരുമേനി തന്റെ അവസാനത്തെ രോഗാവസ്ഥയിലും പറഞ്ഞതായിരിക്കാം.*(ഫത്ഹുൽബാരി വാള്യം 16, പേജ് 303, ഖദീമീ കുതുബ്ഖാന, കറാച്ചി)(സീറത്തുൽഹൽബിയ്യ, വാള്യം 3, പേജ് 79 ദാറുൽകുതുബുൽഇൽമിയ്യ ബെയ്റുത്ത്)*

ഖയ്ബർ യുദ്ധത്തിന്റെ വിവരണത്തിൽ ഹദ്റത്ത് സ്വഫിയാﷺയുടെ വിവാഹത്തെക്കുറിച്ചുള്ള പരാമർശവുമുണ്ട്. അതിന്റെ വിശദീകരണത്തിൽ എഴുതുന്നു: ഖയ്ബറിലെ നസാർകോട്ട കീഴടക്കുകയും അവിടെയുണ്ടായിരുന്ന ആളുകളെ ബന്ദികളാക്കുകയും ചെയ്തു. പ്രസ്തുത ബന്ദികളിൽ ഹദ്റത്ത് സ്വഫിയﷺയും അവരുടെ പിതൃവ്യപുത്രനും മറ്റു സ്ത്രീകളുമുണ്ടായിരുന്നു. ചില പുസ്തകങ്ങളിൽ നസാർ എന്നതിന് പകരം ഖമൂസ് കോട്ടയുടെ പേരാണ് വന്നിട്ടുള്ളത്. ഹദ്റത്ത് സ്വഫിയﷺനിവേദനം. നബിﷺതിരുമേനി കതീബിയ കോട്ടകളിൽ എത്തുന്നതിനുമുമ്പേ നസാർ കോട്ടയിലുള്ളവരെ ബന്ദികളാക്കിയിരുന്നു. *(ഫത്ഹെ ഖയ്ബർ, അല്ലാമ മുഹമ്മദ് അഹ്മദ് ബാശമീൽ പേജ് 161, നഫീസ് അക്കാഡമി കറാച്ചി)(അസ്സീറത്തുന്നബവിയ്യ, ലിഇബ്നിഹിശാം പേജ് 697, ദാറുൽകുതുബുൽ ഇൽമിയ്യ, ബെയ്റുത്ത്)*

കിനാനയുടെ അഭിപ്രായത്തിൽ നസാർകോട്ട കൂടുതൽ ഭദ്രമായിരുന്നു. അതുകൊണ്ടാണ് യഹൂദികൾ സ്ത്രീകളെയും കുട്ടികളെയും ഈ കോട്ടയിലേക്ക് മാറ്റിയത്. *(സീറത്ത് എൻസൈക്ലോപീഡിയ വാള്യം 8, പേജ് 424, ദാറുസ്സലാം)*

ഹദ്റത്ത് സ്വഫിയﷺ, നബിﷺതിരുമേനി വിഹിതത്തിലാണ് വന്നത്. നബിﷺതിരുമേനി അവരെ വിവാഹം കഴിച്ചു. വിശദീകരണത്തിൽ പറയുന്നു; ഖയ്ബറിൽ ബന്ദികളെ ഒരുമിച്ചു കൂട്ടിയപ്പോൾ ഹദ്റത്ത് ദിഹ്‌യ വന്നു പറഞ്ഞു: "യാ റസൂലല്ലാഹ്! എനിക്ക് ബന്ദികളിലെ ഒരു സ്ത്രീയെ തന്നാലും." നബിﷺ പറഞ്ഞു: "പോയി ഒരു സ്ത്രീയെ എടുത്തു കൊള്ളുക." അദ്ദേഹം ഹുയയ്യുബ്നു അഖ്തബിന്റെ മകൾ സ്വഫിയയെയാണ് എടുത്തത്. അപ്പോൾ ഒരാൾ നബിﷺതിരുമേനിയുടെ അടുക്കലെത്തി പറഞ്ഞു: "അല്ലയോ അല്ലാഹുവിന്റെ ദൂതരേ! അങ്ങ് ഹുയയ്യിന്റെ മകളെ കൊടുത്തിരിക്കുകയാണോ? അവൾ ബനൂ ഖുറയ്ളയുടെയും ബനൂ നളീറിന്റെയും രാജകുമാരിയാകുന്നു. അവൾക്ക് താങ്കളല്ലാതെ മറ്റാരും യോജിച്ചതായിട്ടില്ല."

നബിﷺ തിരുമേനി പറഞ്ഞു: 'അദ്ദേഹത്തോടു അവരെയും കൂട്ടി വരാൻ പറയുക.' അങ്ങനെ അദ്ദേഹം അവരെയും കൂട്ടി വന്നു.


• ഹദീഥുന്നബവിﷺ •

"അൽമുസ്‌ലിമു അഖുൽമുസ്‌ലിമി."
ഒരു മുസ്‌ലിം മറ്റൊരു മുസ്‌ലിമിന്റെ സഹോദരനാണ്.

ത്വാലിബെ ദുആ
Late DILSAD ABDULLATHEEF AND FAMILY KALLIKOTE
PATHAPPIRIYAM, MALAPURAM

• ഹദീഥുന്നബവിﷺ •

"അസ്സലാമു ഖബ്‌ലൽകലാമി."
സംസാരിക്കുന്നതിനുമുമ്പേ സലാം പറയുക.




ത്വാലിബെ ദുആ
DR.C.G. KAMALUDDEEN, DR. C.G. NAZIM AHMAD
VAYANASHALA, PATHAPPIRIYAM, KERALA

നബിﷺതിരുമേനി പറഞ്ഞു: "ബന്ദികളിൽ ഇവരെയല്ലാതെ മറ്റേതെങ്കിലും സ്ത്രീയെ നീ എടുത്തുകൊള്ളുക." ഹദ്റത്ത് അനസ്ؓപറയുന്നു: 'നബിﷺതിരുമേനി അവരെ സ്വതന്ത്രയാക്കി.'

മുസ്നദ് അഹ്മദ് ബിൻ ഹമ്പലിൽ പറയുന്നു: "നബിﷺതിരുമേനി ഹദ്റത്ത് സ്വഫിയയോടു പറഞ്ഞു: "ഞാൻ നിന്നെ സ്വതന്ത്രയാക്കുകയാണ്. താൽപര്യപ്പെടുന്നുവെങ്കിൽ ഞാനുമായി വിവാഹം കഴിക്കാം. അതല്ല നിന്റെ ഗോത്രത്തിൽ തിരിച്ചു പോകണമെങ്കിൽ അങ്ങനെയുമാകാം. എന്താണോ നിന്റെ ഇഷ്ടം അതുപോലെ ചെയ്യാവുന്നതാണ്." അപ്പോൾ അവർ സ്വതന്ത്രയാകുന്നതും നബിﷺതിരുമേനിയുമായി വിവാഹം കഴിക്കുന്നതുമാണ് ഇഷ്ടപ്പെട്ടത്. ഒരു നിവേദനത്തിന്റെ അടിസ്ഥാനത്തിൽ അവരെ ഇസ്ലാം സ്വീകരിക്കാൻ ക്ഷണിച്ചു. അങ്ങനെ അവർ ഇസ്ലാം സ്വീകരിച്ചു.*(മുസ്നദ് അഹ്മദ് ബിൻ ഹമ്പൽ,വാല്യം 4, പേജ് 357, ഹദീഥ് നമ്പർ 12436, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത്)(സീറത്തുന്നബിﷺ, സ്വലാബീ പേജ് 280-281, മക്തബ ദാറുസ്സലാം)*

ചില നിവേദനങ്ങളിൽ പറയുന്നുണ്ട്, നബിﷺതിരുമേനി ദിഹ്യയോടു പറഞ്ഞു: 'നീ പോയി മറ്റേതെങ്കിലും ബന്ദിയായ സ്ത്രീയെ എടുത്തുകൊള്ളുക.' ഒരു നിവേദനമനുസരിച്ച് സ്വഫിയയുടെ പിതൃവ്യന്റെ മകളെ അതല്ല കിനാന ബിൻ റബീയിന്റെ സഹോദരിയെ കൊടുത്തുവെന്നും കാണുന്നുണ്ട്. ചില നിവേദനങ്ങളുടെ അടിസ്ഥാനത്തിൽ ബന്ദികളായ 7 സ്ത്രീകളെ നൽകി എന്നും പറയുന്നു. നബിﷺതിരുമേനി സ്വഫിയായെ ഹദ്റത്ത് ഉമ്മു സൽമയുടെ അടുത്ത് പറഞ്ഞയച്ചു.*(അൽ ഇക്തിഫാ വാല്യം 1, പേജ് 187, ദാറുൽകുതുബുൽ ഇൽമിയ്യ ബെയറുത്ത്)(സീറത്തുന്നബിﷺ, ശിബ്ലി നുഅ്മാനീ, വാല്യം 1, പേജ് 329, മക്തബ ഇസ്ലാമിയ്യ)(അൽഹിദായ വന്നിഹായ വാല്യം 6 പേജ് 293, പ്രസാധനം ദാറുൽഹിജ്ർ)(നജ്ജാഹുൽഖാരീ ശറഹ് സ്വഹീഹുൽബുഖാരി വാല്യം 13, പേജ് 106, ദാറുൽകുതുബുൽ ഇൽമിയ്യ ബെയറുത്ത്)*

ഖയ്ബറിലെ എല്ലാ കാര്യങ്ങളും കഴിഞ്ഞതിനുശേഷം നബിﷺതിരുമേനി അവിടെനിന്ന് പുറപ്പെട്ടു. പിന്നെ ആറ് മൈൽ അപ്പുറത്ത് നബിﷺതിരുമേനി താവളമടിച്ചു, അവരെ വിവാഹം കഴിക്കാൻ ആഗ്രഹിച്ചു. പക്ഷേ, ഹദ്റത്ത് സ്വഫിയؓയുടെ ആഗ്രഹപ്രകാരം യാത്ര തുടർന്നു. ഖയ്ബറിൽനിന്ന് ഏകദേശം 12 മൈൽ ദൂരെ സ്വഹ്ബാഅ് എന്ന സ്ഥലത്ത് താവളമടിച്ചു. ഹദ്റത്ത് ഉമ്മു സുലയിംؓവധുവിനെ തയ്യാറാക്കി. നബിﷺതിരുമേനി ഹദ്റത്ത് സ്വഫിയയോട് ആദ്യം പറഞ്ഞ സ്ഥലത്ത് താവളമടിക്കുന്നത് എന്തുകൊണ്ടാണ് തടഞ്ഞതെന്ന് ചോദിച്ചപ്പോൾ അവർ നൽകിയ മറുപടിയിൽനിന്ന് നബിﷺതിരുമേനിയുടെ ഉദാത്തമായ ധാർമികാവസ്ഥ എത്രമാത്രം സ്വഫിയയുടെ മനസ്സിനെ ശുദ്ധീകരിച്ചുവെന്ന് മനസ്സിലാക്കാം. ഒരു യഹൂദി നേതാവിന്റെ മകൾ, അവളുടെ പിതാവ് ഖൻദഖ് യുദ്ധത്തിനുശേഷം മുസ്ലിമീങ്ങളുടെ കൈകളാൽ വധിക്കപ്പെട്ടിട്ടുണ്ടായിരുന്നു. അവളുടെ ഭർത്താവും ഏതാനും ദിവസം മുമ്പേയാണ് കൊല്ലപ്പെട്ടത്. വിവാഹത്തിന് രണ്ടു മാസമേ ആയിട്ടുണ്ടായിരുന്നുള്ളൂ. അവളുടെ പിതൃവ്യനും കൊല്ലപ്പെട്ടിരുന്നു. വേറെയും ഒരുപാട് അടുത്ത ബന്ധുക്കൾ കൊല്ലപ്പെട്ടിരുന്നു. അവർ തന്നെ പറയുന്നു: "എന്റെ ഹൃദയത്തിൽ നബിﷺതിരുമേനിയെ സംബന്ധിച്ച് വളരെ കഠിനമായ വെറുപ്പുണ്ടായിരുന്നു. പക്ഷേ, നബിﷺതിരുമേനിയെ ഞാൻ ആദ്യമായി കണ്ടുമുട്ടിയപ്പോൾ വളരെ സ്നേഹത്തോടെയും വാത്സല്യത്തോടെയുമാണ് എന്നോടു പെരുമാറിയത്. എന്നോടു കൂടെക്കൂടെ ഒഴികഴിവുകൾ പറഞ്ഞിരുന്നു, അല്ലയോ സ്വഫിയാ! നിന്റെ പിതാവ് അറേബ്യയെ മുഴുവനും ഞങ്ങൾക്കെതിരെ സംഘടിപ്പിച്ചിരുന്നു. അദ്ദേഹം അങ്ങനെ ചെയ്തു ഇങ്ങനെ ചെയ്തു എന്നെല്ലാം പറഞ്ഞു. അവസാനം ഞങ്ങൾക്ക് സ്വയം പ്രതിരോധത്തിന് ഖയ്ബറിൽ വരേണ്ടിവന്നു. ഹദ്റത്ത് സ്വഫിയ പറയുന്നു: നബിﷺതിരുമേനി വളരെയേറെ സ്നേഹവാത്സല്യത്തോടെ ഇക്കാര്യം എന്നോടു പറഞ്ഞു കൊണ്ടിരുന്നു. എത്രത്തോളമെന്നാൽ, എന്റെ മനസ്സ് നബിﷺതിരുമേനിയെ സംബന്ധിച്ചിടത്തോളം പൂർണ്ണമായും ശുദ്ധീകരിക്കപ്പെട്ടു. സദസ്സിൽനിന്ന് എഴുന്നേൽക്കുമ്പോൾത്തന്നെ നബിﷺതിരുമേനിയെക്കാളും എനിക്ക് ഇഷ്ടമുള്ള മറ്റാരുമില്ലായിരുന്നു. അങ്ങനെ ഖയ്ബറിൽനിന്ന് തിരിച്ചുള്ള യാത്ര തുടങ്ങിയപ്പോൾ നബിﷺതിരുമേനിയുടെ സൽപെരുമാറ്റത്തിന്റെ അവസ്ഥ എന്തായിരുന്നുവെന്നാൽ, യാത്ര പുറപ്പെട്ടപ്പോൾ യാത്രാ വാഹനത്തിൽ ഇരിക്കുന്നതിന് തന്റെ പുതപ്പ് മടക്കി വെച്ചുകൊടുത്തു. പിന്നീട് തന്റെ കാൽമുട്ട് നിലത്തുവയ്ക്കുകയും അതിനുമേൽ സ്വഫിയ തന്റെ കാൽ ചവിട്ടി ഒട്ടകത്തിന്റെ പുറത്ത് കയറുകയും ചെയ്തു. വഴിയിൽ ഹദ്റത്ത് സ്വഫിയക്ക് ഉറക്കം വന്നപ്പോൾ തല പല്ലക്കിൽ മുട്ടുന്നുണ്ടായിരുന്നു. അപ്പോൾ നബിﷺതിരുമേനി തന്റെ പരിശുദ്ധ കരങ്ങൾ വെച്ചുകൊണ്ട് തലമുട്ടാതിരിക്കാൻ താങ്ങി പിടിച്ചു. കാരണം സ്വഫിയ പരിശുദ്ധ പത്നിമാരിൽ ഉൾപ്പെട്ടിട്ടുണ്ടായിരുന്നു. അതുകൊണ്ട് നബിﷺതിരുമേനി ഖയ്ബറിൽനിന്ന് തിരിച്ചു വരുമ്പോൾ അവരെ തന്റെ പിന്നിൽ ഒട്ടകപ്പുറത്ത് ഇരുത്തി. പർദ്ദക്ക് വേണ്ടി വിരിപ്പിടുകയും ചെയ്തു. അതായത് ഇത് ബന്ദിയായ അടിമ സ്ത്രീ അല്ലെന്നും തന്റെ ഭാര്യയാണെന്നും വ്യക്തമാക്കുകയായിരുന്നു.

ഏതായാലും ആറു മൈൽ കഴിഞ്ഞ് നിൽക്കാത്തതിനു അവർ പറഞ്ഞ കാരണത്തിന്റെ വിശദീകരണം ഇപ്രകാരമാണ്: നബിﷺതിരുമേനിയുടെ ഉന്നതമായ ധാർമിക സ്വഭാവത്തിൽ ഹദ്റത്ത് സ്വഫിയ ؓവളരെയേറെ സ്വാധീനിക്കപ്പെടുകയും അവർക്ക് ലോകത്ത് നബിﷺതിരുമേനിയെക്കാളും പ്രിയപ്പെട്ടതായി ആരുമില്ലാത്ത അവസ്ഥ ഉണ്ടാകുകയും ചെയ്തു. അങ്ങനെ സ്വഫിയؓ, നബിﷺതിരുമേനിക്ക് മറുപടി നല്കി: അങ്ങ് ഖയ്ബറിന്റെ വളരെ അടുത്ത് താവളമടിക്കാനാണ് ആഗ്രഹിച്ചിരുന്നത്. പക്ഷേ, എന്റെ സമുദായത്തിലെ ആളുകൾ അങ്ങയ്ക്ക് വല്ല നഷ്ടവും വരുത്താൻ ശ്രമിക്കുമോ എന്ന് എനിക്ക് ആശങ്കയുണ്ടായിരുന്നു, അതുകൊണ്ട് ഖയ്ബറിൽനിന്ന് കുറച്ചുകൂടി ദൂരത്ത് തങ്ങാമെന്നാണ് ഞാൻ കരുതിയത്. യഹൂദികളുടെ ആസൂത്രണങ്ങളെയും അവരുടെ ഭയാനകമായ നീക്കങ്ങളെയും സംബന്ധിച്ച് സ്വഹാബാക്കളും നല്ല ബോധമുള്ളവരായിരുന്നു. സയ്നബ് എന്ന പേരുള്ള ഒരു സ്ത്രീ വിഷം പുരട്ടിയ ഭക്ഷണം മുഖേന നബിﷺതിരുമേനിയെ വകവരുത്താൻ പദ്ധതി ചെയ്തിട്ട് ഏതാനും ദിവസമേ ആയിരുന്നുള്ളൂ. അതുകൊണ്ട് നബിﷺതിരുമേനിയുടെ ജീവത്യാഗസന്നദ്ധരായ സ്വഹാബാക്കൾ ഇനി ഒരു നിമിഷനേരം പോലും നബിﷺതിരുമേനിയിൽനിന്ന് അശ്രദ്ധരായിരിക്കാൻ ആഗ്രഹിച്ചില്ല.

ഇവിടെ അബൂഅയ്യൂബിന്റെ സംഭവ വിവരണമാണുള്ളത്. രാത്രിയിൽ നബിﷺതിരുമേനിക്കു കാവൽ നിന്നത് അബൂ അയ്യൂബായിരുന്നു. അദ്ദേഹത്തിന്റെ നിഷ്കളങ്കവും സ്നേഹാദരവുമായ പെരുമാറ്റം ഈ വിവാഹത്തിനും കാണാൻ കഴിയുന്നുണ്ട്. രാത്രി കഴിഞ്ഞ് നബിﷺതിരുമേനി രാവിലെതന്നെ കൂടാരത്തിന് പുറത്തു വന്നപ്പോൾ അബൂ അയ്യൂബ് അൻസ്വാരി വാളുമെടുത്ത് കൂടാരത്തിനു പുറത്ത് ജാഗ്രതയോടെ നിൽക്കുന്നതാണ് കാണുന്നത്. നബിﷺതിരുമേനി അദ്ദേഹത്തോടു എന്താണ് കാര്യമെന്ന് തിരക്കിയപ്പോൾ അദ്ദേഹം പറഞ്ഞു: 'യാ റസൂലല്ലാഹ്! എനിക്ക് ഈ യഹൂദ നവമുസ്ലിം സ്ത്രീയെ പറ്റി അതായത് ഹദ്റത്ത് സ്വഫിയയെ പറ്റി ആശങ്ക ഉണ്ടായിരുന്നു. അവരുടെ പിതാവും ഭർത്താവും ആ സമുദായത്തിലെ മറ്റു പല ആളുകളും യുദ്ധത്തിൽ കൊല്ലപ്പെട്ടിരുന്നു. ഇവർ നവമുസ്ലിമാണ്. അവർ അങ്ങയ്ക്ക് വല്ല അപകടവും വരുത്താതിരിക്കുന്നതിനാണ്

• ഹദീഥുന്നബവിﷺ •
'ഇജ്ത്തനിബൂ കുല്ല മുസ്കിരിൻ.'
എല്ലാത്തരം ലഹരി പദാർഥങ്ങളിൽനിന്നും രക്ഷപ്പെട്ടുകൊള്ളുവിൻ.
TIMBELLA
BEAUTY FROM TIMBER
—NILAMBUR—
SCAN(BAR-CODE) FOR OUR NILAMBUR TEAK FURNITURES
ത്വാലിബെ ദുആ
BEAUTY FROM TIMBER NILAMBUR
FURNITURES FOR ENQUIRY CALL.: 9744366004, 8086399638

• ഹദീഥുന്നബവിﷺ •
"അൽമുഹ്തകിറു മൽഊനുൻ."
വില കൂടുമ്പോൾ വിൽക്കാനായി ധാന്യം പൂഴ്ത്തിവെക്കുന്നവൻ ദൈവകാരുണ്യത്തിൽനിന്ന് വിദൂരസ്ഥനാണ്.
tectona
feel more confidence
tectona
feels more confidence
All Types Of Quality Furniture
ത്വാലിബെ ദുആ
Prop.M.SHAFIQ - 80752 12141 , M.MUSTAFA - 91887 68150
M.MUNEER - 99468 71947, KARULAI, MALAPURAM

EDITOR
H.Shamsuddin

Sub Editor : Mohammad Ismail
Mobile : 91 9446656123
e-mail : badarmalayalam@gmail.com
Layout : HA Creative Graphics

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്കിലി ഖാദിയാൻ Weekly **BADAR** Qadian
Distt. Gurdaspur (Pb.) INDIA Qadian - 143516

POSTAL REG NO GDP-44/2023-2025 Vol-10 Thursday 3-10 April 2025 Issue-14,15

MANAGER
SHAIKH MUJAHID AHMAD

Mobile: +91 99153 79255
e-mail : managerbadrqnd@gmail.com
website : www.alislam.org/badr

**ANNUAL SUBSCRIPTION :** Rs.600/- (Per Issue : Rs. 12.00/-) (WEIGHT : 20-50 gms/Issue)

ഞാൻ രാത്രി മുഴുവൻ വാളുമായി പുറത്ത് കാവൽ നിന്നത്. ഹദ്റത്ത് അബൂഅയ്യൂബിന്റെ ഈ നിഷ്കളങ്കമായ സ്നേഹത്തിന് മറുപടിയിൽ നബിﷺതിരുമേനി അദ്ദേഹത്തിന് വേണ്ടി ഇങ്ങനെ ദുആ ചെയ്തു: "അല്ലാഹുവേ! അദ്ദേഹം എന്നെ സംരക്ഷിച്ചുകൊണ്ട് രാത്രി കഴിച്ചുകൂട്ടിയതുപോലെ നീ അദ്ദേഹത്തെയും സംരക്ഷിക്കേണമേ!" അദ്ദേഹത്തിന്റെ പേര് ഖാലിദ് ബിൻ സയ്ദ് എന്നായിരുന്നു. ഈ സ്വഹാബി തന്നെയാണ് ഹിജറത്ത് വേളയിൽ നബിﷺ തിരുമേനിയ്ക്ക് മാസങ്ങളോളം ആതിഥ്യമരുളിയത്. ഹജ്റ വർഷം 50-ൽ ഒരു യുദ്ധനടപടിക്കിടയിൽ അദ്ദേഹം വഫാത്തായി. ഇസ്താംബൂളിലാണ് അദ്ദേഹത്തിൻറെ ഖബർ ഉള്ളത്.

ഏതായാലും അടുത്ത ദിവസം നബിﷺതിരുമേനി വലീമസൽക്കാരത്തിനുള്ള ഏർപ്പാടുകൾ ചെയ്തു. ഈ വലീമസൽക്കാരവും വളരെ കുലീനവും ലളിതവുമായിരുന്നു. ഈത്തപ്പഴവും പനീറും നെയ്യും കൊണ്ട് തയ്യാറാക്കിയ ഹയ്സ് എന്ന വിഭവം എല്ലാവർക്കും നൽകി. മൂന്നു ദിവസത്തെ താമസത്തിനു ശേഷം ഇവിടെനിന്ന് പുറപ്പെട്ടു. ഹദ്റത്ത് സ്വഫിയയെؓസ്വതന്ത്രമാക്കിയത് അവരുടെ മഹറായി പ്രഖ്യാപിക്കുകയും ചെയ്തു.

ഹദ്റത്ത് സ്വഫിയയുടെ ഒരു സ്വപ്നത്തെക്കുറിച്ചും വിവരം ലഭിക്കുന്നുണ്ട്. ഈ വിവാഹം മുഖേന അതും പുലർന്നു. നിവേദനത്തിൽ പറയുന്നു: നബിﷺതിരുമേനി സ്വഫിയയുടെ കണ്ണിനു സമീപം നീല നിറം കണ്ടപ്പോൾ ചോദിച്ചു, ഈ അടയാളം എങ്ങനെയാണുണ്ടായത്? അപ്പോൾ അവർ പറഞ്ഞു: നബിﷺ തിരുമേനി ഖയ്ബറിൽ വരുന്നതിന് ഏതാനും ദിവസം മുമ്പേ ചില നിവേദനം അനുസരിച്ച് ഖയ്ബർ ഉപരോധത്തിന്റെ ദിവസങ്ങളിൽ ഞാനൊരു സ്വപ്നം കണ്ടിരുന്നു. ചന്ദ്രൻ യഥ്രിബിൽനിന്ന് വന്ന് എന്റെ മടിയിൽ വീഴുന്നതായാണ് കണ്ടത്. ഞാൻ ഈ സ്വപ്നം എന്റെ ഭർത്താവ് കിനാനയോടു പറഞ്ഞപ്പോൾ അദ്ദേഹം എന്റെ മുഖത്ത് ആഞ്ഞടിച്ചു. നീ യഥ്രിബിലെ രാജാവിനെ അതായത് മുഹമ്മദിﷺനെ വിവാഹം കഴിക്കാൻ സ്വപ്നം കണ്ടിരിക്കുകയാണെന്ന് പറഞ്ഞു.*(അസ്സീറത്തുൽഹൽബിയ്യ, വാള്യം 3, പേജ് 65 ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത്) (സീറത്ത് ഇബ്നു ഹിശാം പേജ് 698, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത്)(ദാഇറയെ മആരിഫ് സീറത്ത് മുഹമ്മദു റസൂലുല്ലാഹിﷺ, വാള്യം 8, പേജ് 423-424, ബസം ഇഖ്ബാൽ ലാഹോർ 2022) (ഉസുദുൽഗാബ വാള്യം 2 പേജ് 121,123, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത്)(നജ്ജാഹുൽഖാരി ശറഹ് ബുഖാരി, വാള്യം 13, പേജ് 551, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത്)(സീറത്തുന്നബി സ്വലാബി, പേജ് 281,ദാറുസ്സലാം) (ഇംതാഉൽ അസ്മാഅ് വാള്യം 10, പേജ് 56, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത്)*

ചില നിവേദനങ്ങളനുസരിച്ച് ഈ സ്വപ്നം വളരെ മുമ്പേ കണ്ടതായിരുന്നു. അവരുടെ പിതാവാണ് മുഖത്തടിച്ചത്. പക്ഷേ, കൂടുതൽ ഗ്രന്ഥങ്ങളിലും അവരുടെ ഭർത്താവ് അടിച്ചുവെന്നും കാണപ്പെടുന്നുണ്ട്. ഇതാണ് കൂടുതൽ ശരിയായി തോന്നുന്നത്. സ്വഫിയയുടെ പേര് സയ്നബ് എന്നായിരുന്നു. പക്ഷേ, സമരാർജിത സ്വത്തുക്കൾ ഭാഗിക്കപ്പെടുന്നതിനുമുമ്പേ നബിﷺ തിരുമേനി അവരെ സ്വതന്ത്രയാക്കിയിരുന്നു. അക്കാലത്തെ പൊതുനിയമമനുസരിച്ച് സമരാർജിത സ്വത്തുക്കൾ ഭാഗിക്കപ്പെടുന്നതിനു മുമ്പേ നേതാവിനുള്ള പങ്കിനെ സ്വഫിയ അല്ലെങ്കിൽ അസ്സ്വഫാ എന്നാണ് പറയപ്പെട്ടിരുന്നത്. ഈ അടിസ്ഥാനത്തിൽ അവരുടെ പേര് സ്വഫിയ എന്ന് പ്രസിദ്ധമായി. ഹദ്റത്ത് സ്വഫിയؓഹിജ്റ വർഷം അമ്പതിൽ ഹദ്റത്ത് അമീർ മുആവിയയുടെ കാലത്താണ് വഫാത്തായത്. ജന്നത്തുൽ ബഖീയിൽ ഖബ്റടക്കപ്പെടുകയും ചെയ്തു.*(സീറത്തുന്നബി, ശിബ്‌ലി നുഅ്മാനീ, വാള്യം 2, പേജ് 09 -710 മക്തബ ഇസ് ലാമിയ്യ)(ശറഹ് സർഖാനീ വാള്യം 3, പേജ് 269, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത്)*

ഹദ്റത്ത് സ്വഫിയയുടെ വിവാഹത്തെക്കുറിച്ചും പാശ്ചാത്യ വിമർശകർ തങ്ങളുടെ പതിവ് സ്വഭാവമനുസരിച്ച് ചില ആക്ഷേപങ്ങൾ ഉന്നയിക്കുന്നുണ്ട്. അത് അവരുടെ വിവരക്കേടിന്റെയും പക്ഷപാതിത്വത്തിന്റെയും തെളിവാണ്. ഉദാഹരണമായി എൻസൈക്ലോപീഡിയ ബ്രിട്ടാനിക്ക അതിന്റെ ഒമ്പതാമത്തെ എഡിഷനിൽ മുഹമ്മദനിസം എന്നതിന് കീഴിൽ എഴുതുന്നു. അതിന്റെ തർജ്ജമ ഇപ്രകാരമാണ്: ഈ വിജയപ്രദമായ യുദ്ധനീക്കത്തിനൊടുവിൽ രാജാവിന്റെ മകളെ മുഹമ്മദ്ﷺവിവാഹം കഴിച്ചു. സ്വഫിയക്ക് അത്തരം ഒരു വ്യക്തിയുമായി ഒരു തരത്തിലുള്ള നീരസവും തോന്നിയില്ല. പശ്ചാത്യന്മാരാണ് ഇതെഴുതുന്നത്. അദ്ദേഹം അവരുടെ പിതാവ് ഹുയ്യയിനെയും ഭർത്താവ് കിനാനയെയും കൊലപ്പെടുത്തിയതിന് കാരണക്കാരനായിരുന്നു. അവർ വളരെ പ്രതാപത്തോടെകൂടി പുതിയ രീതിയിലേക്ക് മാറി. ഇതിനേക്കാൾ ശ്ലാഘനീയം മറ്റൊരു യഹൂദ സ്ത്രീയായ സയ്നബിന്റെ നടപടിയായിരുന്നു. അവർ തന്റെ സമൂഹത്തിന്റെ ഘാതകനെ വിഷം കൊടുക്കാൻ ശ്രമിച്ചു. ഈ കുറ്റത്തിന് അവർക്ക് തന്റെ ജീവൻതന്നെ നൽകേണ്ടി വന്നു. ആ പദ്ധതി പൊളിയുകയും ചെയ്തു. പക്ഷേ, മുഹമ്മദ്ﷺനു തന്റെ അവസാന രോഗാവസ്ഥയിലും പ്രസ്തുത വിഷത്തിന്റെ സ്വാധീനം അനുഭവപ്പെട്ടിരുന്നു എന്ന് പറയപ്പെടുന്നു. സ്വഫിയയെ വിമർശിച്ചുകൊണ്ടെഴുതുന്നു: അവരുടെ ഭർത്താവും പിതാവും കൊല്ലപ്പെട്ടു. അവർ തങ്ങളുടെ ആത്മാഭിമാനം പ്രകടിപ്പിച്ചുകൊണ്ട് പകരം ചോദിക്കേണ്ടിയിരുന്നു. എന്നാൽ, അവർ തന്റെ സ്വാർഥ താൽപര്യത്തിനു മുൻഗണന നൽകുകയും മുഹമ്മദിനെﷺവിവാഹം കഴിക്കുകയും ചെയ്തു. ഇതിനെ അപേക്ഷിച്ച് നേരത്തെ പറഞ്ഞ യഹൂദ സ്ത്രീ വിഷം നൽകുകയാണ് ചെയയ്തത്. അവരെ പുകഴ്ത്തുകയും ചെയ്യുന്നുണ്ട്. അതായത് അവർ ചുരുങ്ങിയ പക്ഷം തന്റെ ആത്മാഭിമാനം പ്രകടിപ്പിച്ചല്ലോ! മുഹമ്മദിﷺനെ വധിക്കാൻ ശ്രമിച്ചു.

ഈ എഴുത്തുകാരുടെ ഇസ്ലാമിനോടും ഇസ്ലാം മത സ്ഥാപകരോടുമുള്ള ശത്രുതയ്ക്ക് ഒരു പരിധിയുമില്ല. നേർബുദ്ധിയുള്ള ആളുകൾ ഈ വാചകങ്ങളിൽനിന്ന് എന്താണ് മനസ്സിലാക്കുക എന്നുപോലും അവർ ചിന്തിച്ചില്ല. പക്ഷപാതിത്വത്തിന്റെ വിഷം അവരുടെ എഴുത്തുകളിൽനിന്ന് സ്വയം വെളിപ്പെടുന്നു. നീതിയോടുകൂടി പ്രവർത്തിക്കുന്നില്ല.

ഖയ്ബറിലെ യഹൂദികൾ നബിﷺതിരുമേനിയുമായി ശക്തമായ പോരാട്ടം നടത്തുകയും പിന്നെ വളരെ നിന്ദാവഹമായി പരാജയപ്പെടുകയും ചെയ്തു. അതിനുശേഷം അവരോട് എങ്ങനെയാണ് പെരുമാറേണ്ടിയിരുന്നത്? ഈ യുദ്ധനിയമം അക്കാലഘട്ടത്തിലേതണെങ്കിലും ഈ പുരോഗമന കാലഘട്ടത്തിലേതണെങ്കിലും ശരി അവരെ മുഴുവനും വാളിനിരയാക്കിയെങ്കിൽ അതും അനുവദനീയമായിരുന്നു. അവരുടെ ബൈബിളിന്റെ അടിസ്ഥാനത്തിലും അക്കാലഘട്ടത്തിലുണ്ടായിരുന്ന നിയമവും രീതിയുമനുസരിച്ചും അതെല്ലാം അനുവദിക്കപെട്ടിരുന്നു. പക്ഷേ, ആ അക്രമികളെ കീഴ്പ്പെടുത്തിയതിനുശേഷം നബിﷺതിരുമേനി അവരോടു പൊറുമയോടും സഹിഷ്ണുതയോടും പെരുമാറി. അതിനെ സംബന്ധിച്ച് അവർ ശ്ലാഘിക്കുന്നതു പോകട്ടെ പരാമർശിക്കുന്നതു പോലുമില്ല. പിന്നെ അവരുടെ രഞ്ജിപ്പിനുള്ള അപേക്ഷയെ അംഗീകരിച്ചുകൊണ്ട് അവരെ മുഴുവനും നാടുകടത്താമെന്ന നിബന്ധനയിൽ നബിﷺ തിരുമേനി അവർക്ക് മാപ്പു കൊടുത്തു. അതിലുപരി അധികം യഹൂദികൾ അവിടെത്തന്നെ താമസിക്കുന്നതിനും കൃഷിപ്പണി തുടരാനും അനുമതി നൽകണമെന്നും പകുതി വരുമാനം താങ്കൾക്ക് എടുക്കാമെന്നും പറഞ്ഞു. നബിﷺതിരുമേനി അവരുടെ ഈ അപേക്ഷയും സ്വീകരിച്ചു. രഞ്ജിപ്പിന്റെയും സമാധാനത്തിന്റെയും ഒരു ഉടമ്പടി തീരുമാനമായി. ഈ ഉടമ്പടി എഴുതിയ മഷി ഉണങ്ങുന്നതിനു മുമ്പേതന്നെ അവർ മറ്റൊരു ഗൂഢ പദ്ധതി ഉണ്ടാക്കുകയും ഒരു സ്ത്രീ മുഖേന നബിﷺ തിരുമേനിക്ക് വിഷം കൊടുക്കാൻ ശ്രമിക്കുകയും ചെയ്തു. ആ സ്ത്രീ തന്റെ കുറ്റം സമ്മതിക്കുകയും ചെയ്തു. അതിനെക്കുറിച്ച് പറഞ്ഞു കഴിഞ്ഞതാണ്. ഈ വർത്തമാനകാലത്ത് സംസ്കാര സമ്പന്നമായ ലോകത്തുള്ള ആളുകൾ അതായത് വിദ്യാസമ്പന്നർ എന്ന് പറയപ്പെടുന്നവർ ഇത്തരം കരാർ ലംഘനം ചെയ്ത സ്ത്രീയെ ഒരു സാമൂഹിക ഹീറോ ആയി പ്രദർശിപ്പിക്കുന്നു! അതേസമയം സത്യവും യാഥാർഥ്യവും തിരിച്ച

ശേഷം പേജ് 14 ൽ

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press.
Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin